# ആ എളിയ മനുഷ്യൻ

(സുന്ദരൻ, എം. I. P. D. C.)

ഇന്ത്യയുടെ സ്വാതന്ത്ര്യരാഷ്ട്രീയ ചരിത്രത്തിലെ രണ്ടു മഹാന്മാരുടെ ജീവിതം ഇക്കഴിഞ്ഞ രണ്ടുവഷത്തിന്നുള്ളിൽ അവസാനിച്ചു. ഇന്ത്യയുടെ ആത്മാവും ശബ്ദവുമായിരുന്ന ജവഹർലാൽ നെഹറുവും രാഷ്ട്രപിതാവിൻേറയും ജവഹർലാലിൻേറയും കാലടികളിലൂടെ ധൈര്യസമേതം പിന്തുടന്ന ലാൽബഹദൂർ ശാസ്ത്രിയുമായിരുന്നു അവർ. നെഹറുവിൻേറയും ഗാന്ധിജിയുടേയും ലക്ഷ്യങ്ങൾ അരക്കിട്ടുറപ്പിച്ച കമ്മധീരനായിരുന്നു ലാൽബഹദൂർ. അദ്ദേഹത്തിൻെറ ജീവിതയാത്രയിലേക്കു് ഒന്നു് കണ്ണോടിച്ചുനോക്കാം.

ആരാലും അറിയപ്പെടാത്ത ഒരു പാവപ്പെട്ട കൃഷിക്കാരൻെറ മകനായിട്ടായിരുന്നു ലാൽബഹദൂർ പിറന്നതു്. ചെറുപ്പത്തിലേ ഊജ്ജസ്വലതയും ധൈര്യവുമുണ്ടായിരുന്ന ആ ബാലൻ സെക്കണ്ടറി വിദ്യാഭ്യാസം സ്വരാജ്യത്തുനിന്നും സവ്വകലാശാലാവിദ്യാഭ്യാസം വിദേശത്തുനിന്നുമാണു് പരിശീലിച്ചിരുന്നതു്. അദ്ദേഹത്തിന്നു ഹിന്ദിയിൽ അസാമാന്യമായ പാണ്ഡിത്യമുണ്ടായിരുന്നു. അദ്ദേഹത്തിൻെറ ഹിന്ദിയിലുള്ള ലളിതമായ പ്രസംഗം ആരേയും ആനന്ദത്തിലാറാടിക്കാൻ പ്രാപ്തിയുള്ളതായിരുന്നു. എളിമയിൽ തെളിഞ്ഞുനിന്നിരുന്ന വ്യക്തിത്വമായിരുന്നു അദ്ദേഹത്തിൻേറതു്. എക്കാലത്തും അദ്ദേഹമൊരു ഒതുങ്ങിയ മട്ടുകാരനായിരുന്നു. ലാളിത്യത്തിൻേറയും അനാഡംബരത്തിൻേറയും പ്രതീകമായിരുന്നു ശാസ്ത്രി. അദ്ദേഹം ഒരിക്കലും ഒരു ധനികനാകാൻ ആഗ്രഹിച്ചിരുന്നില്ല. ഇന്ത്യയുടെ പ്രധാനമന്ത്രിക്കു് സ്വന്തമായി ഒരു വീടുപോലുമുണ്ടായിരുന്നില്ല എന്നതു് ആരേയും കോരിത്തരിപ്പിക്കാൻ പോന്നതായിരുന്നു. നെഹറു ചെയ്യാൻ മടിച്ചതും താമസിച്ചതുമായ കാര്യങ്ങൾ ശാസ്ത്രി ചെയ്തുപോരുകയും വിജയംനേടുകയും ചെയ്തു. ഒരു തൊഴിലാളിയോടൊ അപേക്ഷകനോടൊ ആരോടുംതന്നെ പെരുമാറുമ്പോൾ ലാളിത്യത്തിൻെറ ഉയന്ന മേഖലകളിൽ അദ്ദേഹം എത്താറുണ്ടായിരുന്നു. അദ്ദേഹം തൻെറ കുടുംബത്തേക്കാൾ വളത്താൻ ആഗ്രഹിച്ചിരുന്നതു് സമുദായത്തേയായിരുന്നു. ഇന്ത്യയുടെ രണ്ടാമത്തെ പ്രധാനമന്ത്രിയായിരുന്ന അദ്ദേഹം മഹാത്മാഗാന്ധിജിയുടേയും നെഹറുവിൻേറയും ആദശ്ശങ്ങൾ അക്ഷരംപ്രതി പ്രവത്തിച്ചു.

സമാധാനത്തിൻെറ കാഹളമായിരുന്നു ശാസ്ത്രി. ഇന്ത്യയുടെ പ്രധാനമന്ത്രിയായശേഷം ലോകസമാധാനത്തിന്നുവേണ്ടി അക്ഷീണം പ്രവത്തിച്ചു. പാക്കിസ്ഥാൻ ഇന്ത്യയെ അക്രമിച്ചിരുന്ന സമയത്തു് ആ എളിയ പ്രധാനമന്ത്രിയുടെ അസാധാരണമായ വ്യക്തിമാഹാത്മ്യം തെളിഞ്ഞുകാണാമായിരുന്നു. 'യുദ്ധത്തിന്നു യുദ്ധവും സമാധാനത്തിന്നു് സമാധാനവും' എന്ന തത്വം അദ്ദേഹം പാലിച്ചിരുന്നു. "ജയ് ജവാൻ ജയ് കിസാൻ" എന്നതായിരുന്നു അദ്ദേഹത്തിൻെറ മുദ്രാവാക്യം. നമ്മെ ആക്രമിച്ച പാക്കിസ്ഥാനോടു് നാമും പൊരുതാതിരുന്നില്ല. രാഷ്ട്രപിതാവിൻേറയും നെഹറുവിൻേയും ആദശ്ശങ്ങൾ കയ്യിലേന്തി നടക്കുന്ന അദ്ദേഹം സമാധാനത്തിന്നു് കൂടുതൽ പ്രാധാന്യം നല്കി. അദ്ദേഹവും പാക്കിസ്ഥാൻ പ്രസിഡണ്ടു് അയൂബ്ഖാനുമായി പല അനുരഞ്ജന ശ്രമങ്ങളും നടത്തിയിരുന്നു. പക്ഷേ ഒടുവിൽ "താഷ്ക്കെൻറ് സമ്മേളനം" പൂണ്ണഫലത്തിൽ എത്തിച്ചേന്നു. യുദ്ധം ചെയ്തിരുന്ന രണ്ടു് അയൽരാജ്യങ്ങൾക്കു് സമാധാനം കൈവരുന്നതിൽ അക്ഷീണമായി പ്രവത്തിച്ച ഒരു മഹാനാണു് റഷ്യൻ പ്രധാനമന്ത്രി അലക്സി കൊസിജിൻ.

അദ്ദേഹത്തിൻെറ ശ്രമഫലമായി താഷ്ക്കെൻറിൽ വെച്ചു് ഇരുരാജ്യങ്ങളുടെ തലവന്മാരും പ്രതിനിധികളും ഒത്തുകൂടി. രണ്ടു് കൂട്ടരും താഷ്ക്കെൻറ് പ്രഖ്യാപനത്തിൽ ഒപ്പുവെച്ചു. പക്ഷേ താഷ്ക്കെൻറിൽ നിന്നുതന്നെ അദ്ദേഹം അന്തരിച്ചു. ഇന്ത്യയുടെ ജീവനും ജനങ്ങളുടെ മഹാനായ നേതാവുമായിരുന്ന അദ്ദേഹം താഷ്ക്കെൻറിൽവച്ചു തന്നെ മൃതിയടഞ്ഞു. മരിക്കുന്നതിന്നു് കുറച്ചുമണിക്കൂറുകൾക്കു് മുമ്പു് അദ്ദേഹം തൻെറ പത്നിയു

# അസ്തമനം

(എം. പി. കുഞ്ഞുണ്ണി, II B. A.)

വെള്ളമി,ല്ലൊരുവേലി–
　　　　യേററവും പ്രതീക്ഷിച്ചു
വള്ളമക്കടവത്തു
　　　　നില്പൂവേ നാം രണ്ടാളും
കേറിപ്പോയ് മൂവന്തമി–
　　　　ല്ലാത്തതാം കുന്നിൽ, ചുററും
പാറകൾ പരുക്കനാം
　　　　കാട്ടുകൾ പനങ്കൂട്ടം!......
കേട്ടുനാമീറക്കാടി–
　　　　നുള്ളിൽഹാ, കരൾ പൊട്ടി–
ക്കൂട്ടുകാരനെത്തേടും
　　　　കിളിതൻ ദീനസ്വരം
വിതുമ്പി നീയെൻ മാറിൽ
　　　　തലചായ്ച്ചയ്യോ, ദൂരെ–
ക്കൊതുമ്പുവള്ളം ചക്ര–
　　　　വാളത്തിലലിയുന്നു!......
കരിമീൻ മിഴിയെന്തേ–
　　　　നിറഞ്ഞു,തിരുട്ടത്തു
മൊരുമിച്ചാണല്ലോ നാം
　　　　പിന്നെയെന്തിനു കണ്ണീർ......?

---

മായിഫോണിൽ തൻെറ രാജ്യത്തിൻെറ സുഖവിവരങ്ങൾ അറിഞ്ഞിരുന്നു. അന്നുരാത്രിതന്നെയാണു് അദ്ദേഹം അന്തരിച്ചതു്. മഹാനായിരുന്ന ഒരു പ്രതിഭാശാലിയുടെ ദാരുണമായ അന്ത്യം! പക്ഷേ ഇന്ത്യക്കു് എക്കാലവും അഭിമാനിക്കുവാൻ തക്കതായ കാര്യം അദ്ദേഹം താഷ്ക്കൻറിൽ ചെയ്യുകയുണ്ടായി. ഒരെളിയ മനുഷ്യനായ അദ്ദേഹം ഉയൎന്ന ആദൎശങ്ങളും ചിന്തകളും പുലത്തിപ്പോന്നു. വളരെ ചുരുങ്ങിയ കാലംകൊണ്ടു് ഇത്രമഹത്തായ ഒരു കാര്യം നേടുവാൻ അദ്ദേഹത്തെപ്പോലെ മററാക്കും കഴിയുമോ എന്നു് സംശയമാണു്. വിജയത്തിൻെറ അവസാനത്തെ പടവിൽനിന്നാണു് അദ്ദേഹം അന്തരിച്ചതു്. പക്ഷേ ഭാരതീയ ജനതക്കു് എക്കാലവും മറക്കുവാൻ സാധിക്കാത്ത ആ കൎമ്മധീരൻെറ പാവനസ്മരണക്കു മുമ്പിൽ ആദരാഞ്ജലികൾ അൎപ്പിക്കാനേ നമുക്കിന്നു നിൎവ്വാഹമുള്ളൂ. അദ്ദേഹത്തിൻെറ ആദൎശങ്ങൾ ഭാരതീയർ അനുസരിക്കുമെന്നു് നമുക്കാശിക്കാം.

**ജയ്ഹിന്ദ്**

# അനാർക്കലി–
## ഒരു കെട്ടുകഥയോ?

(എ. എം. അബ്ദുൽ ഹമീദ്, I B. A.)

അനാക്‌ലിയുടെ മനംമയക്കുന്ന സൗന്ദര്യത്തെ ചുററിപ്പററിക്കൊണ്ടു് എഴുതപ്പെട്ട നിരവധി കഥകളും കവിതകളും നാടകങ്ങളും ഭാരതത്തിലെ വിവിധ ഭാഷാസാഹിത്യങ്ങളിൽ സുലഭമാണു്. മുഗൾ ചരിത്രത്തിലെ ആ സൗന്ദര്യധാമത്തിന്റെ കദനകഥയ്ക്കു് ഇന്ത്യൻ ജനതയുടെ ഉള്ളലയ്ക്കുവാൻ ഏറെ പാടുപെടേണ്ടിവന്നിട്ടില്ല.

സൗന്ദര്യാരാധകനായിരുന്ന സലീമിന്റെ അനാക്‌ലിയെ വരിക്കാനുള്ള ഉൽക്കടമായമോഹം പിതാവായ അക്ബറാൽ ചവിട്ടിമെതിക്കപ്പെട്ടു. ഹതാശനായ രാജകുമാരൻ ദീർഘകാലം ദുഃഖനൈരാശ്യങ്ങളുടെ പാരാവാരത്തിൽ തപ്പിത്തടഞ്ഞു. സലീമിന്റെ കുഴിച്ചുമൂടപ്പെട്ട മോഹം സാഹചര്യങ്ങളാൽ മറെറാരു തരുണീരത്നത്തിലേക്കു് കവലമാറിയൊഴുകി. എന്നാൽ അക്ബർ ആ പെൺകൊടി(നൂർജഹാൻ)യെയും സലീമിൽനിന്നു വേർപെടുത്തി ബദ്ധ്വാന്റെ ഗവർണ്ണറായിരുന്ന ഷേർ അഫ്ഘാന്നു് വിവാഹം ചെയ്തുകൊടുത്തു. തന്റെ മകൻ ഒരു രജപുത്രസ്ത്രീയെ വിവാഹം ചെയ്തു് ഭാരതത്തിന്റെ വൈവിദ്ധ്യമാന്ന ഏകത്വം പുലത്തണമെന്നായിരുന്നു അക്ബറുടെ ആഗ്രഹം. പരിമളം പരിലസിക്കുന്ന മുഗൾ രാജധാനിയിലെ യൗവ്വനത്തുടുപ്പെഴുന്ന അഴകേറിയ വനിതകൾമാത്രമല്ല, അക്കാലത്തെ മിക്ക എഴുത്തുകാരും താലോലിച്ചോമനിച്ച സലീമിന്റെ ആഗ്രഹമോ, ജീവിതമാകുന്ന മുന്തിരിച്ചാർ മതിവരുവോളം മോന്തണമെന്നു് ആയിരുന്നു.

ചരിത്രവും സമകാലീനരേഖകളും അനാക്‌ലിയെക്കുറിച്ചു് ഒന്നും പറയുന്നില്ല. ജഹാംഗീർ (സലീം)തന്നെയും തന്റെ ജീവചരിത്രമായ 'തുസ്ക്കെ ജഹാംഗീരി'യിൽ ആ നാമം ഉച്ചരിക്കുന്നില്ല. തന്മൂലമായിരിക്കാം, 'അനാക്‌ലി' ഒരു കെട്ടുകഥയാണെന്നും, അതിന്റെ വശ്യതയാണു് അതിനെ ജനഹൃദയങ്ങളിൽ ജീവിപ്പിക്കുന്നതെന്നും സമത്ഥിക്കുവാൻ ചിലർ ഒരുമ്പെടുന്നതു്.

ആ ദുരന്തപ്രേമനാടകത്തിന്റെ കളങ്കപങ്കിലമായ ഇതിഹാസം ചരിത്രത്തിൽ രേഖപ്പെടുത്തിയാൽ, അത്യുൽകൃഷ്ടമായ മുഗൾ പരമ്പരയിൽ കരിവാരിത്തേയ്ക്കുകയാവില്ലേ അതു്? പ്രകാശമാനമായ ചരിത്രത്തിൽ ഇരുണ്ടപാടുകൾ സൃഷ്ടിയ്ക്കാതെ കഴിക്കാൻ പററിയ മാർഗ്ഗം ആ പ്രേമോദന്തത്തിന്നു് പ്രചാരം നല്കാതിരിക്കുക തന്നെ. ഈ നിഗമനമാണു് ജഹാംഗീറിനെ തന്റെ ജീവചരിത്രത്തിൽ നിന്നു് ചില പ്രമുഖകണ്ണികൾ ദൂരെത്തെറിപ്പിക്കുവാൻ പ്രേരിപ്പിച്ചതു്.

ക്രിസ്താബ്ദം 1611-ൽ ലാഹോർ സന്ദർശിച്ച വില്യം ഫിഞ്ചിന്റെ യാത്രാ വിവരണത്തിലാണു് അനാക്‌ലിയെക്കുറിച്ചു് ആദ്യമായി നാം കാണുന്നതു്. രവിനദിയുടെ ഇടത്തുകരയിലായി നിമ്മിച്ച അനാക്‌ലിയുടെ ശാന്തഗംഭീരമായ ശവകുടീരം അദ്ദേഹം കണ്ടതായിപ്പറയുന്നു. ആ കൊട്ടാരനത്തകിയെക്കുറിച്ചു് ആരാഞ്ഞപ്പോൾ, ഹതഭാഗ്യയായ ആ വനിതാരത്നം അക്ബർ ചക്രവത്തിയാൽ ക്രൂരമാംവിധം ജീവനോടെ കുഴിച്ചുമൂടപ്പെട്ടുവെന്ന വൃത്താന്തമാണു് അദ്ദേഹത്തിന്നു് ലഭിച്ചതു്. സലീം രാജകുമാരന്റെ ഹൃദയം കവന്നെടുത്ത അവളുടെ ഒടുങ്ങാത്ത മോഹം രാജ്ഞിപദമലങ്കരിക്കുക എന്നതായിരുന്നു. തന്റെ കാബൂൾ സന്ദശനവേളയിൽ അക്ബറിന്നു് അഫ്ഘാൻ രാജാവു് സമ്മാനിച്ച ഈ പെൺമണിയുടെ യഥാത്ഥനാമം നദീറാ ബീഗം എന്നായിരുന്നുവത്രെ. അക്ബർ അവൾക്കു് 'ഷെറാഫ്-ഉൻ-നിസാ' (മഹിളകളുടെ മഹത്വം) എന്ന ബഹുമതി നല്കുകയും വാത്സല്യപൂർവ്വം അനാക്‌ലി (മാതള മലർമൊട്ടു്) എന്നു വിളിച്ചുവരികയും ചെയ്തു.

നയചതുരയായ ഒരുത്തമനത്തകിയായിരുന്നു അനാക്‌ലി എന്നു കാണുന്നു. കേവലം ഒരു ഹ്രസ്വകാലംകൊണ്ടു് മററു കൊട്ടാരനത്തകിമാരെ മുഴുവൻ പിന്നിലാക്കിയ അവളുടെ കലാവൈദഗ്ദ്ധ്യമാസ്വദിക്കുവാൻ മഹാനായ അക്ബർപാദുഷാ നിത്യവും കുറേ സമയം ചെലവഴിച്ചിരുന്നു.



സലീം രാജകുമാരൻ അനാക്‌ലിയുടെ അനശ്വര സൌന്ദര്യത്തിലേയ്ക്കു് വഴുതിവീണുപോയി. തത്തുല്യമായ പ്രതികരണംതന്നെയാണു് അവളിൽനിന്നുമുണ്ടായതു്. നിശാസമയത്തു് ആ പ്രേമകോകിലങ്ങൾ പ്രശാന്തസുന്ദരമായ രവിനദിയുടെ കരയിൽ പടന്നു പന്തലിച്ച സുമോഹനമായ പൂന്തോട്ടത്തിൽ സമ്മേളിക്കുക പതിവായിരുന്നു. യൗവ്വനാസക്തമായ അചഞ്ചലസ്നേഹത്താൽ അരക്കിട്ടുറപ്പിച്ച ആ യുവമിഥുനങ്ങളുടെ സവ്വചലനങ്ങളും സലീമിനെ വശപ്പെടുത്താനാഗ്രഹിച്ചിരുന്ന മറെറാരു അടിമപ്പെണ്ണാൽ സശ്രദ്ധം വീക്ഷിക്കപ്പെട്ടിരുന്നു. അസൂയാകലുഷിതയായ അവൾ സലീമിന്റെ ബദ്ധവൈരിയും അക്ബറുടെ മന്ത്രിയുമായ അബുൽ ഫെയ്സലിനെ കരുവാക്കി തന്റെ ലക്ഷ്യം നേടാൻ തീരുമാനിച്ചു. ആ മധുരപ്പൈങ്കിളികളെ ഞെക്കിഞെരുക്കാൻ തന്നെ ഉറച്ച അബുൽ ഫെയ്സൽ കാര്യം അക്ബറെ തെര്യപ്പെടുത്തുകയും, ഒരുദിവസം അനാക്‌ലി സലീമിന്റെ മുമ്പിൽ നൃത്തമാടുന്ന രംഗവും രാജകുമാരന്റെ ഹൃദയം അപഹരിക്കുന്ന ദൃശ്യവും ചക്രവത്തിക്കു് കാണിച്ചുകൊടുക്കുകയും ചെയ്തു.

സമയം വൈകിയില്ല; കോപാവേശത്താൽ ചുകന്നു തുടുത്ത ചക്രവത്തി മോഹിനിയായ അനാക്‌ലിയെ തടവിലിടാൻ ആജ്ഞാപിച്ചു. സലീമിന്റെ അമ്മ തന്റെ ഓമനപ്പുത്രനുവേണ്ടി അനാക്‌ലിക്കനുകൂലമായി ചക്രവത്തിയുടെ മുമ്പാകെ കേണപേക്ഷിച്ചുവെങ്കിലും അക്ബർ പിന്മടങ്ങിയില്ല. അദ്ദേഹം നദീറയെന്ന ചന്തമെഴുന്ന ആ അടിമപ്പെൺകൊടിയെ ജീവനോടെ കല്ലറയിൽ അടച്ചുപൂട്ടാൻ കല്പന പുറപ്പെടുവിച്ചു.

ഇനി നമുക്കു് ചരിത്രപണ്ഡിതന്റെ ഗവേഷണാഭിപ്രായങ്ങളിലേയ്ക്കു് ഒന്നു കണ്ണോടിക്കാം. മേല്പറഞ്ഞ കഥകളിലൊന്നും അദ്ദേഹം വിശ്വസിക്കുന്നില്ല. മുഗളരെ നിന്ദ്യരും നികൃഷ്ടരും മൃഗതുല്യരുമായി ചിത്രീകരിക്കുവാൻ തങ്ങളുടെ ശത്രുക്കളുടെ വിചിത്രഭാവന കരുപ്പിടിപ്പിച്ച കഥകളാണു് അവയെല്ലാം എന്നത്രേ അദ്ദേഹത്തിന്റെ വാദം. സമകാലീനരേഖകളിലൊന്നും അനാർക്കലിയെക്കുറിച്ചു് പറയുന്നില്ല എന്ന വാദത്തിൽ കടിച്ചുതൂങ്ങിക്കൊണ്ടു് അദ്ദേഹം ആ സൗന്ദര്യദേവതയുടെ നിലനില്പു് നിഷേധിക്കുന്നു. ലാഹോർ നഗരം പൂന്തോട്ടങ്ങളാൽ അലങ്കരിക്കപ്പെട്ടിരുന്നുവെന്നും പ്രസ്തുത പൂന്തോട്ടങ്ങളിൽ വിവിധതരം പുഷ്പഫലങ്ങൾ വളന്നിരുന്നുവെന്നും അദ്ദേഹം പറയുന്നു. നഗരത്തിന്റെ തെക്കുഭാഗത്തു് സ്ഥിതി ചെയ്തിരുന്ന പൂന്തോട്ടത്തിന്നു് 'അനാക്‌ലി പൂന്തോട്ടം' എന്നായിരുന്നു പേർ (ഇവിടെയാണു് ഇപ്പോഴത്തെ 'അനാക്‌ലി ബസാർ' നിലകൊള്ളുന്നതു്.) ഷാജഹാന്റെ മൂത്തമകനായ ദാരാഷിക്കോ എഴുതിയ 'സക്കീനത്തുൽ ഔലിയ' എന്ന ഗ്രന്ഥത്തിൽനിന്നാണു് അദ്ദേഹം ഇത്രയും വസ്തുതകൾ ശേഖരിക്കുന്നതു്. എന്തുകൊണ്ടു് അതിനെ 'അനാക്‌ലി പൂന്തോട്ട'മെന്നു് വിളിച്ചു എന്ന ചോദ്യത്തിന്നു മുമ്പിൽ ദാരാ ഷിക്കോ നിശ്ശബ്ദനാണു്. എന്നാൽ, പൂന്തോട്ടത്തിന്റെ തെക്കേ മൂലയിൽ ഒരു ശവകുടീരം സ്ഥിതിചെയ്തിരുന്നു എന്നദ്ദേഹം പറയുന്നു; ആരുടെ ശവകുടീരം എന്ന ചോദ്യത്തിന്നു് മുമ്പിൽ മൗനം പാലിക്കുകയും ചെയ്യുന്നു.

മുഗൾ രാജധാനിയിൽ എന്തോ കാര്യമായി സംഭവിച്ചിരുന്നുവെന്നു് വ്യക്തമായി സംശയിക്കുവാൻ അനാക്‌ലിയെക്കുറിച്ചുള്ള ഈ അനസ്യൂതമായ നിശ്ശബ്ദത ഒരു തെളിവാണു്. അക്ബറിന്നും പിൻഗാമികൾക്കും അനാക്‌ലിചരിത്രത്തെ ഇരുണ്ടതിരശ്ശീലയ്ക്കു പിന്നിൽ ആഴ്ത്തിത്തള്ളണമെന്ന ഒടുക്കവെയ്യാത്ത അഭിവാഞ്ഛയുണ്ടായിരുന്നു. ആദ്യകാലത്തു് സലീം ഈ നിശ്ശബ്ദനാടകത്തിൽ നിന്നു് വിമുക്തനാകാനാണു് ശ്രമിച്ചതു്. അദ്ദേഹത്തിന്നു തന്റെ ശോകനിർഭരമായ കഥ ലോകത്തോടു് ഉച്ചൈസ്തരം ഘോഷിക്കണമെന്നുണ്ടായിരുന്നു. പക്ഷേ കാലക്രമത്തിൽ അദ്ദേഹത്തിന്റെ മനം മാറുകയും അക്ബർ പാദുഷാ ചരിത്രാന്വേഷകരോടു് അനാക്‌ലിചരിതം തിരസ്ക്കരിക്കുവാൻ ആജ്ഞാപിക്കുകയും ചെയ്തു.

ജഹാംഗീറിന്റെ മനസ്സു് മാറാൻ കാരണമെന്തു്? എന്തുകൊണ്ടു് അദ്ദേഹം തന്റെ പ്രേമഭാജനത്തിന്റെ ശോകപൂണ്ണമായ കഥ തന്റെ ജീവചരിത്രത്തിൽ നിന്നു് വലിച്ചെറിഞ്ഞു? അതിന്നും ചില കാരണങ്ങളുണ്ടായിരുന്നു. അനാക്‌ലിയെക്കുറിച്ചുള്ള മധുരസ്മരണകൾ തന്റെ ഹൃദയത്തിൽനിന്നു് കാലക്രമേണ പൊലിഞ്ഞു പൊലിഞ്ഞു പോയപ്പോഴേയ്ക്കും അദ്ദേഹം നൂർജഹാനിൽ അനുരക്തനായിത്തീന്നു. സത്യമാലോചിച്ചാൽ, അക്കാലംവരെ അദ്ദേഹം പ്രേമാബ്ധിയിൽ മുങ്ങുകയും പൊങ്ങുകയുമായിരുന്നു പതിവു്. എന്നാൽ നൂർജഹാന്റെ ആഗമനത്തോടെ അദ്ദേഹത്തിന്റെ ഹൃദയം കൂടുതൽ ദൃഢതരമായി. പുതിയ പ്രേമചഷകത്തോടുള്ള അദ്ദേഹത്തിന്റെ അനല്പമായ സ്നേഹം കുറിക്കുവാൻ ഒരു സമകാലീന ചരിത്രഗവേഷകൻ പറയുന്നതിപ്രകാരമാണു്—രാജകീയ സദസ്സിൽ നൂർജഹാൻ എപ്പോഴും തന്റെ മൃദുലകരം കൊണ്ടു് ചക്രവത്തിയുടെ പുറത്തു് തലോടും. ആ മിന്നുസമാന്ന കൈത്തലം തന്റെ പുറത്തു് നിന്നു് എപ്പോൾ നീങ്ങുന്നുവോ അപ്പോൾ ചക്രവത്തി സദസ്സു് പിരിച്ചുവിടുകയും ചെയ്യും.

# അരംപതു തികഞ്ഞ റിയലിസ്റ്റ് കവി

(കെ. വി. ജി. നമ്പ്യാർ, B. Sc. III.)

നമ്മുടെ നിത്യജീവിതത്തിൽ കാണുന്ന യാതനകളെ സത്യസന്ധമായും വാസ്തവബോധത്തോടെയും അവതരിപ്പിച്ച ഒരു കവിയുടെ—ശ്രീ. ഇടശ്ശേരി ഗോവിന്ദൻ നായരുടെ—ഷഷ്ടിപൂർത്തി 1966ഡിസംബർ മാസത്തിൽ നമ്മളാഘോഷിച്ചു. നമ്മുടെ ഗ്രാമീണരുടെ നിത്യദാരിദ്ര്യത്തേയും അജ്ഞതയേയും കുറിച്ച് ഹൃദയം നോവുമാറാവിഷ്കരിച്ച വേറൊരുകവി മലയാള സാഹിത്യത്തിലുണ്ടോ എന്നു സംശയമാണ്. കോടതി പരിസരങ്ങളിൽ വ്യവഹാരകാര്യങ്ങാംക്കായി വന്നുചേരുന്ന ഗ്രാമീണരുടെ ചിത്രം മനസ്സിൽ അരക്കിട്ടുറപ്പിക്കാൻ പോന്നതരത്തിലായിരുന്നു അദ്ദേഹത്തിന്നു കിട്ടിയ ഗുമസ്തപ്പണി. അപ്പോാം, ശ്രീ. ഇടശ്ശേരിയിൽനിന്നും നമുക്ക് ലഭിച്ച കൃതികാം ഇത്തരത്തിലായതിൽ അത്ഭുതത്തിന്നവകാശമില്ല. ഹൃദയഭേദകങ്ങളായ രംഗങ്ങാം അദ്ദേഹത്തിന്റെ കവിതകളിൽ കാണാമെങ്കിലും, യാതനയുടെ പൊട്ടിച്ചീറലുകാം കാണാമെങ്കിലും, എല്ലാററിലും തികഞ്ഞ ശുഭാപ്തിവിശ്വാസമുണ്ട് അദ്ദേഹത്തിന്നു്. ജീവിതം എന്നും സുഖിക്കാനുള്ളതല്ല, ഇടക്ക് ദുഃഖമുണ്ടെങ്കിലേ ജീവിതത്തിന്നർത്ഥമുള്ളു— ഈ കവിയുടെ തത്വമിതാണെന്നു തോന്നുന്നു. നോക്കുക!

> ''ഇടയ്ക്കു കണ്ണീരുപ്പുപുരട്ടാ-
> തെന്തിനു ജീവിത പലഹാരം?''

എന്നാണദ്ദേഹം ചോദിക്കുന്നതു്. അദ്ദേഹത്തിന്റെ കവിതയെക്കുറിച്ചു പറയുമ്പോാം ശ്രീ. എം. ആർ. ചന്ദ്രശേഖരൻ പറഞ്ഞതു് ശ്രദ്ധേയമാണ്. ''മലയാളത്തിലെ മറെറാരു കവിയും തന്റെ കവിതക്കുമ്പങ്ങളിൽ പൊട്ടാസിട്ട വെടിമരുന്നു് ഇത്രയും സമൃദ്ധിയായി അടുത്തൊന്നും കുത്തിനിറച്ചിട്ടില്ല.'' ഇതു് വളരെ ശരിയാണ്. ക്ലേശസമ്പൂർണ്ണമായ ജീവിതത്തിലാണ് ഇടശ്ശേരിക്കു് വളരെയധികം രസം. അദ്ദേഹം പാടുകയാണ്,

> ''എനിയ്ക്കുരസമീ നിമ്നോന്നതമാം
> വഴിയ്ക്കു തേരുരുാം വായിയ്ക്കൽ;
> ഇതേ തിരുാംക്കുഴി മേലുരുളട്ടെ
> വിടില്ല ഞാനീ രശ്മികളെ.''

''പണിമുടക്കം,'' ''ചകീരിക്കുഴികാം,'' ''പുത്തൻ കലവും അരിവാളും'' എന്നീ കവിതകാം മേൽപറഞ്ഞ വിഷാദാത്മകത നിറഞ്ഞവയാണ്. പാവങ്ങളെ കഷ്ടതയിലാഴ്ത്തി അന്തസ്സോടെയിരിക്കുന്നവരോടു് അവജ്ഞയാണ് ഇടശ്ശേരിക്കുള്ളതു്. ഈ സത്യം കവി തന്റെ ''പണിമുടക്ക''ത്തിൽ തുറന്നടിക്കുന്നുണ്ടു്. ''എവിടെ തിരിഞ്ഞൊന്നു നോക്കിയാലും'' കൊടിയും പിടിച്ച് മുദ്രാവാക്യവും മുഴക്കി പണിമുടക്കി നടക്കുന്നവരെയാണല്ലൊ നമ്മാം കാണുന്നതു്. പക്ഷെ ഈ പണിമുടക്കിയവരുടെ സ്ഥിതിയെക്കുറിച്ച് ആരും അധികം ചിന്തിക്കാറുണ്ടെന്നു് തോന്നുന്നില്ല. പണിമുടക്കം കാരണം കമ്പനി പൂട്ടേണ്ടി വന്ന മുതലാളി സന്താനലബ്ധിക്കുവേണ്ടി പ്രിയതമയുമൊത്തു് പുത്രകാമേഷ്ടികർമ്മം നടത്തുമ്പോാം മറുഭാഗത്തു് നമ്മാം കാണുന്നതു് ഹതഭാഗ്യനായ രാമനെയാണ്. കുറെദിവസമായി അന്നം കാണാതെ ആർത്തിപിടിച്ച് അന്നു് കിട്ടിയ പായസം കഴിച്ച് ദഹനക്കേടുപിടിച്ച മക്കാം ഒന്നൊന്നായി മരിച്ചു വീഴുന്ന കാഴ്ചയാണ് നമ്മാം കാണുന്നതു്. ആ മാതാപിതാക്കളുടെ ഹൃദയവ്യഥ ഇടശ്ശേരി ഈ അവസരത്തിൽ ഭംഗിയായി വരച്ചുകാട്ടിയിട്ടുണ്ടു്. പക്ഷെ ഈ ദുഃഖത്തിലെല്ലാം തന്നെ കൂടുതൽ ശക്തിയാർജ്ജിക്കാനാണ് അദ്ദേഹം ഇഷ്ടപ്പെടുന്നതു്. മനസ്സിനെ യാതനകാംക്കടിമപ്പെടുത്താൻ അദ്ദേഹം ആഗ്രഹിക്കുന്നില്ല. ആ 'ശക്തകവി'യുടെ വരികാം നോക്കുക,

“കുഴിവെട്ടി മൂടുകവേദനകൾ
കുതികൊൾക ശക്തിയിലേക്കു നമ്മൾ!”

മനസ്സിന്നു് സമാധാനം നല്കാൻ പോന്ന വരികളല്ലെ അവ?

അതാ, അങ്ങോട്ടുനോക്കൂ; ആരാണു് ആ ചകിരിക്കുഴിയുടെ വക്കത്തുനിന്നും പാടുന്നതു്? അതു് മററാരുമല്ല. ചകിരിക്കുഴിയുടെയും പൊന്നാര്യൻ വയലിൻെറയും ഉററ സുഹൃത്തായ ഇടശ്ശേരിതന്നെയാണു്. ചകിരിക്കുഴിയുടെ വക്കത്തെത്തുമ്പോൾ മൂക്കടച്ചു പിടിക്കുന്ന യുവകവികളിൽനിന്നും വളരെ വിഭിന്നനാണദ്ദേഹം. അദ്ദേഹം ചകിരിയെ ഇപ്രകാരം വർണ്ണിക്കുന്നു.

“അപ്പെട്ടു കുഴിയിൽ കൊതുവും പുഴവും
തത്തിയളിഞ്ഞൊരു വെള്ളത്തിൽ
ചീഞ്ഞു കിടപ്പൂ, സമുദായത്തിൻ
വിഷമതലങ്ങളിലവർ പോലെ
ചകിരികൾ സംസ്ക്കാരത്തിൻ പാരി–
ന്നപകൃതി കൊയ്യു, കയറാവാൻ”

അതേ, ആ ചകിരിക്കും ഒരു ശോഭനമായ ഭാവിയുണ്ടു്.

കരിഞ്ചന്തക്കച്ചവടം നമ്മുടെ നാട്ടിൽ പ്രസിദ്ധമാണല്ലൊ, പ്രത്യേകിച്ചും ഈ റേഷൻകാലത്തു്. ഇതിനെതിരേയും ഇടശ്ശേരിയുടെ തൂലിക ശബ്ദമയത്തിയിട്ടുണ്ടു്. അരി, ഗോതമ്പു് എന്നിവ കരിവിപണിയിൽ പൂഴ്ത്തി വെള്ളിയുരപ്പിക വിളയിക്കുന്ന ജനതയോടു് കവിക്കു് വലിയ പ്രതിപത്തിയൊന്നുമില്ല. തൻെറ വരുണച്ചെട്ടിയാരിലൂടെ, “സാഗരസ്തുതി” എന്ന കാവ്യത്തിൽ കവി ഇതു് പ്രകടമാക്കുന്നുണ്ടു്.

ഇവരെല്ലാം അരിക്കു് വില കൂട്ടിക്കോട്ടെ. പൂളക്കിഴങ്ങും മത്തിയുമുള്ള കാലത്തോളം നമ്മളെ തോല്പിക്കാനാവില്ല. “ഒടുവിലത്തോൻെറ” പിറന്നാളാഘോഷിക്കാൻ കൂടി കവിക്കു് ഇതു് ധാരാളമാണു്.

“ഒരുകിലോ പൂളക്കിഴങ്ങുണ്ടെൻ വീട്ടിൽ
ഇരുനൂറു മത്തി തികച്ചും കിട്ടുകിൽ
നടക്കട്ടെ, യെന്തിന്നിനി വിളംബിപ്പ–
തൊടുവിലത്തോൻെറ പിറന്നാളാഘോഷം”

പുറംപൂച്ചിൽ ഇഷ്ടപ്പെടുന്ന ആളൊന്നുമല്ല അദ്ദേഹം. യാഥാർത്ഥ്യങ്ങൾ തുറന്നുതന്നെ പറയുന്നു.

മേൽപറഞ്ഞ കാവ്യങ്ങളിൽനിന്നുതന്നെ ഇടശ്ശേരിക്കു് റിയലിസത്തോടുള്ള മമത പ്രകടമായിക്കഴിഞ്ഞു. ഇവയ്ക്കുപുറമെ “പൂതപ്പാട്ടു്,” “കറുത്ത ചെട്ടിച്ചികൾ,” “വിവാഹ സമ്മാനം” തുടങ്ങിയ മറെറാട്ടേറെ നല്ല കാവ്യങ്ങളും ഇടശ്ശേരി മലയാളത്തിന്നു സമ്മാനിച്ചിട്ടുണ്ടു്.

**നാടകങ്ങൾ:—** കവിതയിലെന്നപോലെത്തന്നെ നാടകത്തിലും കൈവെച്ചു് വിജയം വരിച്ച ആളാണദ്ദേഹം. ഈ കൂട്ടത്തിൽവെച്ചു് ഏററവും മെച്ചപ്പെട്ട ഒന്നാണു് “കൂട്ടുകൃഷി.” ഹിന്തു–മുസ്ലീം മൈത്രിയാണു് ഈ നാടകത്തിൽ കാണുന്നതു്. ഇതിലെ പ്രമേയം വിവരിക്കാൻ ശ്രീ. കാട്ടുമാടം നാരായണൻെറ വരികൾ തന്നെയാണു ചിതമെന്നു വിശ്വസിക്കുന്നു. “അഞ്ചു പറക്കണ്ടത്തിൻെറ ജന്മിയായ ഗോപാലൻ നായരും കുടിയനായ മുഹമ്മദും കൂടി യോജിച്ചൊരു കൂട്ടുകൃഷിനടത്തി. നല്ലവിളവു് കൊയ്തെടുത്തപ്പോൾ ജാതിയുടെയും മതത്തിൻെറയും പേരിൽ ഛിദ്രവാസനകൾ വളർത്തി അതിന്മേലൊരിത്തിക്കണ്ണിയായി ജീവിച്ച, വാര്യർക്കും, പോക്കർക്കും തോല്ക്കുകയേ ഗതിയുണ്ടായുള്ളു. ഗോപാലൻ നായരുടെ സഹോദരനും മുഹമ്മദിൻെറ മകളും കൂടി മറെറാരു കൂട്ടുകൃഷിക്കു് വിത്തിടാനും ഇടശ്ശേരി നിലമുഴുതു പാകപ്പെടുത്തിയിട്ടുണ്ടു്. അല്പം ചില കളകൾ കൂടിയുണ്ടു് പറിക്കാൻ. അതു പറിക്കാനാരെന്ന ചോദ്യത്തോടെ കവി തൻെറ നാടകം അവസാനിപ്പിക്കുന്നു.” ശ്രീ. എൻ. വി. കൃഷ്ണവാരിയർ പറഞ്ഞപോലെ “ഈ ഗ്രാമീണനാടകം മലയാളത്തിലെ ക്ലാസിക്കായി എന്നുമെന്നും നിലനില്ക്കുമെന്നുറപ്പാണു്.”

ഇതിന്നുപുറമെ “തിരിച്ചെത്തൽ,” “ഓമനേ, നീയെൻെറ സ്വത്താണു്,” “പൊടിപൊടിച്ച സമ്മന്തം” തുടങ്ങിയ മററനവധി നാടകങ്ങളും ഇടശ്ശേരി എഴുതിയിട്ടുണ്ടു്. അറുപതു തികഞ്ഞ, ഈ റിയലിസ്റ്റു് കവിക്കു് ആദരാഞ്ജലികൾ അപ്പിച്ചുകൊണ്ടു് ഈ ഉപന്യാസത്തിന്നു് വിരാമമിടുന്നു.

# അസ്തമനം

(എം. പി. കുഞ്ഞുണ്ണി, II B. A.)

വെള്ളമി,ല്ലൊരുവേലി–
    യേററവും പ്രതീക്ഷിച്ചു
വള്ളമക്കടവത്തു
    നില്ലൂവേ നാം രണ്ടാളും
കേറിപ്പോയ് മൃദുത്വമി–
    ല്ലാത്തതാം കുന്നിൽ, ചുററും
പാറകൾ പരുക്കനാം
    കാടുകൾ പനങ്കൂട്ടം!......
കേട്ടുനാമീറക്കാടി–
    നുള്ളിൽഹാ, കരൾ പൊട്ടി–
ക്കൂട്ടുകാരനെത്തേടും
    കിളിതൻ ദീനസ്വരം
വിതുമ്പി നീയെൻ മാറിൽ
    തലചായ്ച്ചയ്യോ, ദൂരെ–
ക്കൊതുമ്പുവള്ളം ചക്ര–
    വാളത്തിലലിയുന്നു!......
കരിമീൻ മിഴിയെന്തേ–
    നിറഞ്ഞ,തിരുട്ടത്തു
മൊരുമിച്ചാണല്ലോ നാം
    പിന്നെയെന്തിനു കണ്ണീർ......?

# ഭാരത പതാകേ, അഭിവാദ്യങ്ങൾ

(പി. മുഹമ്മദാലി II P. D. C.)

നൂററാണ്ടുകളുടെ വീരസ്മരണകൾ അയവിറക്കിക്കൊണ്ട്,
നൂറുനൂറ് സമരങ്ങളിലെ ധീരയോദ്ധാക്കളെ അനുസ്മരിച്ചുകൊണ്ട്
സമാധാനത്തിന്റെ വിഹായസ്സിൽ പാറിപ്പറക്കുന്ന ത്രിവർണ്ണപതാകേ,
സാഹോദര്യത്തിന്റെ മുദ്രാവാക്യങ്ങളിൽ പുളഞ്ഞുകളിക്കുന്ന ഭാരതപതാകേ,
നിന്റെ തണലിൽ ഞങ്ങൾ സ്വർഗ്ഗം പണിയുകയാണ്!
നിന്റെ കീഴിൽ ഞങ്ങൾ അഭയം തേടുകയാണ്!!

*　　　*　　　*

കാട്ടാളത്തത്തിന്റെ ഘോരാട്ടഹാസങ്ങളുമായി റെഡിമെയ്ഡ്
രാഷ്ട്രീയക്കാർ ഓടിയണഞ്ഞപ്പോൾ,
മൃഗീയതത്വത്തിന്റെ കള്ളച്ചിരിയുമായി സമരക്ഷത്തകക്കാർ ആടിക്കുഴഞ്ഞപ്പോൾ,
കാട്ടുതടിക്കാനും, നാടുവിറക്കാനും തുടങ്ങിയ അന്ന്—
ആഴികലങ്ങാനും, ഊഴി കലുങ്ങാനും തുടങ്ങിയ അന്ന്—
ദേശാഭിമാനത്തിന്റെ തലക്കുമീതെ ഈ പതാക ഉയർത്തിപ്പിടിച്ച,
ഭാരതമാതാവിന്റെ ധീരരായ നേതാക്കളെ,
ഞങ്ങളഭിവാദ്യങ്ങളർപ്പിക്കുന്നു!

*　　　*　　　*

ഡോളറിന്റെ കിലുക്കത്തിൽ ഡെമോക്രസിദർശിക്കുന്ന,
റഷ്യയിലും ചൈനയിലും ആദർശ സംഹിതകൾ കണ്ടെത്തുന്ന,
സാമ്രാജ്യക്കൊതിയന്മാരിൽ ജനാധിപത്യം കണികാണുന്ന,
കൊളോണിയലിസ്റ്റുകളിൽ തത്വവചനങ്ങൾ സ്വപ്നംകാണുന്ന
ഏകാധിപതികളുടെ, ശീട്ടുമാളികകൾ ചവിട്ടിത്തെറിപ്പിച്ച വീരനേതാക്കളേ,
സ്വച്ഛാപ്രഭുക്കളുടെ കൊച്ചുപറുദീസകൾ ഇടിച്ചുപൊളിച്ച ധീരസേനാനികളേ,
ആത്മാർത്ഥതയുള്ള യുവതലമുറയുടെ പ്രതീകങ്ങളായ ഞങ്ങൾ,
അന്തസ്സാർന്ന ആദർശസിദ്ധാന്തങ്ങളുടെ വക്താക്കളായ ഞങ്ങൾ,
സുമധുരങ്ങളായ കീർത്തനാലാപങ്ങളോടെ,
സമത്വത്തിന്റെ വേദവാക്യങ്ങളോടെ,
ആദരാഭിവാദ്യങ്ങളർപ്പിക്കുന്നു!

*　　　*　　　*



ഏകച്ഛത്രാധിപത്യം വീറോടെ തലയുയർത്തിനില്ക്കുന്ന ഈ കലിയുഗത്തിൽ
സർവ്വാധിപത്യം അഹങ്കാരത്തോടെ വാ പൊളിച്ചുനില്ക്കുന്ന ഈ ദുർഘട കാലഘട്ടത്തിൽ,
തിരമാലകൾ എഴുന്നു നില്ക്കുമ്പോൾ,
തിരമാലകൾ ഉയർന്നുവരുമ്പോൾ,
അക്രമത്തേയും അനീതിയേയും വെല്ലുവിളിച്ചുകൊണ്ട്,
അസത്യത്തേയും അഹന്തതയേയും നേരിട്ടുകൊണ്ട്,
സത്യവും സ്വാതന്ത്ര്യവും പാരമ്പര്യമുള്ള ഞങ്ങൾ,
കുഞ്ഞാലിമരക്കാരുടെ നാട്ടുകാരായ ഞങ്ങൾ
പതാകേ, നിനക്കഭിവാദ്യങ്ങളർപ്പിക്കുന്നു!

*　　　*　　　*

സൌഭ്രാത്രത്തിന്റെ മധുരിമയാർന്ന സംഗീതത്തോടെ രാഷ്ട്രപതാകയുയർന്നുപോകുമ്പോൾ
സൌമനസ്യത്തിന്റെ ആനന്ദകരമായ താളമേളങ്ങളോടെ ത്രിവർണ്ണപതാക
പാറിക്കളിക്കുമ്പോൾ,
ദൈവത്തെ പഴിച്ചു കാര്യം കയ്യാളുന്ന കമ്യൂണിസത്തിന്റെ ചാടിക്കളിക്കുന്ന
കുഞ്ഞാടുകളെനോക്കി,
ഗാന്ധിജിയെ വധിച്ചു മുന്നേറാനൊരുങ്ങുന്ന വർഗ്ഗീയതത്വത്തിന്റെ ചീറിപ്പായുന്ന
തീയുണ്ടകളെനോക്കി,
പയനീറും സ്പുട്നിക്കും കണ്ടുനിൽക്കവെ,
ലെയ്ക്കയും ലൂനിക്കും മിഴിച്ചുനില്ക്കവെ,
അവകാശ സംരക്ഷണത്തിന്റെ ജൈത്രയാത്ര തുടരുകയും,
അധികാരാരോഹണത്തിന്റെ മരണയാത്ര കാണുകയുംചെയ്ത,
അഭിമാനമുള്ള മാതാക്കളുടെ അഭിമാനമുള്ള മക്കൾ,
അന്തസ്സോടും അതിലധികം ആണത്തത്തോടുംകൂടി,
ശാന്തിയുടെ ചിഹ്നവും വഹിച്ചുനില്ക്കുന്ന പ്രിയപതാകേ,
സൌഹൃദത്തിന്റെ വർണ്ണവും പേറിനില്ക്കുന്ന ഭാരതപതാകേ,
ഞങ്ങളഭിവാദ്യങ്ങളർപ്പിക്കുന്നു. . . . . . !!

"മര്യാദവിട്ടംബുധിമന്നിടത്തിൻ
മാറിൽക്കടന്നാൽ ക്ഷയകാലമായി.
മാലോകരെക്ഷ്മാപതി നീതിവിട്ടു
മർദ്ദിയ്ക്കിലോ വിപ്ലവകാലമായി."

— ഉള്ളൂർ

# ഭാരതത്തിന്റെ അപേക്ഷ

(കെ. എം. എൻ. നമ്പൂതിരി)

എത്രനാളായീസ്സൂര്യ്യ
　　　　നാരക്തമാക്കിടുന്നു
വക്ത്രം, മാവിയററ്നാമിൻ
　　　　ബീഭത്സദേഹം നോക്കി
വിയത്തിൽപ്പൊടിയുന്നോ
　　　　വേപ്പുതുള്ളികൾ?, മരു–
ത്തയക്കുന്നുവോ നെടു
　　　　വീർപ്പുകളനാരതം?
ആദിതൊട്ടിന്നോളവും
　　　　മാനവനനുസ്യൂതം
നേടിയ സംസ്കാരത്തിൻ
　　　　മൂല്യമീത്തീപ്പന്തമോ?
ബോമ്പറും പാററൻടാങ്കും
　　　　ഗർജ്ജിയ്ക്കും മഹാശബ്ദം
കമ്പിതമാക്കുന്നെന്നോ
　　　　ശാന്തിതൻ കളേബരം.
പാതിയും മുഴുവനും
　　　　വെന്തമർത്ത്യനെക്കാട്ടും
പാതയിലുരുട്ടുമാ
　　　　ഗദ്ഗദം കേട്ടോ നിങ്ങൾ?
പാതിയും തുറന്നൊരു
　　　　വാതിലിൽ മരണത്തെ–
യേതുനേരവും കാത്തു
　　　　നില്പോരെക്കണ്ടോനിങ്ങൾ?
ശ്വസിച്ചില്ലെന്നോ സ്വന്തം
　　　　മനസ്സാക്ഷിയെ നരൻ
കരിച്ചുകളഞ്ഞതിൻ
　　　　രൂക്ഷമാംഗന്ധം നിങ്ങൾ?
അണുബോംബാശ്ലേഷിച്ച
　　　　ഗോതമ്പുവയലിലെ
പ്പുകയിൽ സ്സമൃദ്ധിതൻ
　　　　പട്ടട കണ്ടില്ലെന്നോ?
ഉതിരം തളംകെട്ടി
　　　　നില്ക്കുമാപ്രദേശത്തു
കഴുകന്നൊപ്പം കണ്ടോ
　　　　മൃത്യുവിൻ വിമാനങ്ങൾ?
ഇവിടെ നശിക്കുന്നു
　　　　മർത്ത്യചേതന,വിദ്യ
യരുളും സംസ്കാരമോ
　　　　ശൂന്യമായ് ശേഷിയ്ക്കുന്നു.

കേഴുക ഹൃദയമേ!
പോളക്കുട്ടുകകണ്ണേ!
കേവലം ഗരളമാ
ണേതുമുക്കിലുമിപ്പോൾ.

*　　*　　*　　*

സാഹസം മതിയാക്കു
നിർത്തുകിപ്പരീക്ഷണം
ലോകമിന്നൊന്നായ്നിന്നു
നിങ്ങളോടിരക്കുന്നു.
കേവലമൊരുതുള്ളി
ച്ചോരകണ്ടടിതെററി
വീണബുദ്ധനെപ്പെററ
ഭാരതമപേക്ഷിപ്പൂ:,
'മാറുക, മനുഷ്യൻെറ
നേട്ടത്തെ ക്രൂശിക്കുമീ
ധീരതാപ്രകടനം
നിർത്തുക ജവംനിങ്ങൾ'.
വാളിനാ,ലഹോരാത്ര
യുദ്ധത്താ,ലൊളിപ്പോരാൽ
നേടുകില്ലൊന്നുംപാരിൽ;
നേടിയില്ലിതേവരെ.
മാലിനിതീരത്തിലെ
പ്പഞ്ചാര മണലിലെ–
ക്കാലടി,മായാത്തൊരാ
ക്കാലടി കണ്ടോനിങ്ങൾ?
മായുകില്ലതുവെറും
മണലിൽപ്പതിഞ്ഞോട്ടേ
മായുവതല്ലാസ്നേഹ
മുദ്രകളൊരുനാളും.
ടിപ്പുവിൻ പടയോട്ടം
ചരിത്രം മറന്നേക്കാം
വിസ്മരിച്ചേക്കാം ഫ്രാൻസിൽ
ച്ചിന്തിയ നിണംകാലം,
എങ്കിലുംമറക്കില്ലാ
ലോലമീ വികാരത്തിൻ
തന്ത്രികൾമീട്ടും സാന്ദ്ര
നാദത്തെക്കാലംതെല്ലും.
നേടുകലക്ഷ്യം സ്നേഹ
വായ്പീനാൽ; സത്യം നീതി
നേടുവാൻ യുദ്ധത്തേക്കാ
ളഭികാമ്യമാം മാർഗ്ഗം.
ഈ ഗിരിപ്രഭാഷണം
രണഭൂവിനെപ്പുൽകു=
മാളുകൾ ശ്രദ്ധിക്കുമാ
സുദിനം വിദൂരമോ?

# ചെമ്മീൻ—

## സ്വർണ്ണമെഡൽ നേടിയ ആദ്യത്തെ മലയാള ചിത്രം

( കെ. കോയാമു, II P. D. C. )

രാഷ്ട്രപതിഭവനിൽ നടന്ന വർണ്ണശബളമായ ചടങ്ങിൽവച്ച് ജുബ്ബാധാരിയായ ഒരു 22 കാരൻ മിന്നിത്തിളങ്ങുന്ന സ്വർണ്ണപ്പതക്കം രാഷ്ട്രപതിയിൽ നിന്നും ഏറ്റുവാങ്ങിയപ്പോൾ മലയാളക്കരയുടെ പ്രശസ്തി അങ്ങു വാനോളം ഉയരുകയായിരുന്നു. മലയാളത്തിനു് കിട്ടിയ ഈ സുവർണ്ണ കിരീടത്തിന്റെ രഥമെഴുപ്പുത്സവം നടന്നുകൊണ്ടിരിക്കുകയാണ്. മലയാള സിനിമയുടെ മുഖഛായയിൽ ചെമ്മീൻ ഒരു പുതിയ സിന്ദൂരക്കുറി ചാത്തിയിരിക്കുകയാണ്.

നഗ്നതക്ക് മുൻഗണന നൽകുന്ന ഹോളിവുഡ്ഡിന്റെ ദുഷിച്ച വശങ്ങളൊഴിച്ചു നിർത്തിക്കൊണ്ടു തന്നെ സിനിമയ്ക്കു് ലോക പ്രശസ്തി കരസ്ഥമാക്കാമെന്നു് ചെമ്മീൻ തെളിയിച്ചിരിക്കയാണ്. പ്ലാറ്റോയുടെ അഭിപ്രായത്തിൽ "മനുഷ്യൻ സുന്ദരമായ വസ്തുക്കളിൽ നിന്നു്, സുന്ദരമായ ആശയങ്ങളിലേക്കും, സുന്ദരമായ ആശയങ്ങളിൽ നിന്നു്, സുന്ദരമായ ജീവിതത്തിലേക്കും, സുന്ദരമായ ജീവിതത്തിൽനിന്നു് കേവലസൗന്ദര്യത്തിലേക്കും കടക്കുന്നു." രാമുവിനും, ബാബുവിനും ലോകത്തിനു് നല്കാനുള്ള സന്ദേശവും ഇതുതന്നെയാണ്. അന്ധതയിലാണ്ടുകിടക്കുന്ന ഒരു സമുദായത്തിന്റെ ജീവിതത്തെ കാവ്യമാധുരിയോടുകൂടി യഥാർത്ഥമായി ആവിഷ്കരിക്കുന്നതിൽ രാമു വിജയിച്ചിട്ടുണ്ട്.

മനസ്സിനും, ബുദ്ധിക്കും ഒരുപോലെ വിരുന്നു് നൽകുന്ന ഒരു സമ്പന്നമായ കലാസൃഷ്ടിയാണ് "ചെമ്മീൻ." എല്ലാവിധ പ്രേക്ഷകരേയും ഒരുപോലെ രസിപ്പിക്കാൻ 'ചെമ്മീനു്' കഴിഞ്ഞിട്ടുണ്ട്.

കടലിൽ 'കാണാപ്പൊന്നിനു്' പോകുന്ന മുക്കുവരുടെ കഥയാണ് ചെമ്മീൻ. കേരളത്തിന്റെ കടൽത്തീരത്തു താമസിക്കുന്ന മനം കവരുന്ന മുക്കുവക്കുടിലുകളുടെ നിറപ്പകിട്ടാർന്ന ചിത്രമാണ് സെല്ലുലോയിഡിലേക്ക് പകർത്തിയിരിക്കുന്നതു്. "കടലിൽ പോകുന്ന മുക്കുവരുടെ ജീവന്റെ സുരക്ഷിതത്വം കരയിലിരിക്കുന്ന പെണ്ണുങ്ങളുടെ ചാരിത്രശുദ്ധിയിലാണ്. അവരുടെ കാലാകാലമായുള്ള അന്ധവിശ്വാസത്തിന്റെ, നൂററാണ്ടോളം പഴക്കമുള്ള ജീവിത തത്വശാസ്ത്രമാണിതു്. ഇത്രയും പഴക്കമുള്ള അന്ധവിശ്വാസത്തിന്റെ പശ്ചാത്തലത്തിലാണ് കഥ നടക്കുന്നതു്.

മോഹങ്ങളുടേയും, മോഹഭംഗങ്ങളുടേയും ഒരു പരമ്പരയാണ് ആ ജീവിതം. ഗംഭീരതയിലും, സരളതയിലും മികച്ച ചെമ്മീൻ ദുരയുടേയും, ത്യാഗത്തിന്റെയും ചാരിത്രം അപകടപ്പെടുത്തിയതിന്റേയും കഥയാണ്.

കറുത്തമ്മ, സുന്ദരനായ ഒരു മുസ്ലീം യുവാവുമായി പ്രേമബന്ധത്തിൽ ഏർപ്പെടുന്നു. അന്ധകാരത്തിന്റെ കനത്ത മതിൽചുററിനുള്ളിൽ കിടന്നു് വീർപ്പുമുട്ടുന്ന കറുത്തമ്മയും, പണത്തിനു് വേണ്ടി നിഷ്കളങ്കമായ ഒരു പ്രേമബന്ധത്തെ തകർത്ത ചെമ്പൻ കുഞ്ഞും ഇതിലെ പ്രധാന കഥാപാത്രങ്ങളാണ്. പണം കൈനിറയെ വന്നപ്പോൾ അയാൾ സർവ്വസ്വവും മറന്നു. പക്ഷേ . . . . അയാളുടെ അവസാനകാലം അയാളെ ഒരു ഭ്രാന്തനാക്കി മാററുന്നു.

കടപ്പുറത്തിന്റെ കഥപറയാൻ രാമു കാര്യാട്ട് എത്രയും ധീരവും, സാഹസികവുമായ ഒരു പരീക്ഷണമാണ് നടത്തിയിട്ടുള്ളതു്. കടലിന്റേതായ ഒരിതിഹാസം ചെമ്മീനിലൂടെ വർണ്ണ ഭംഗിയോടുകൂടി പുറത്തിറക്കുന്നതിന്നു് രാമുവിനു് കഴിഞ്ഞിട്ടുണ്ട്. അഭിനേതാക്കൾ മാത്രമല്ല ഇതിൽ സംസാരിക്കുന്നതു്, സമുദ്രമാണ് അവരിലേറെ സംസാരിക്കുന്നതു്.

മലയാള സിനിമാവേദി നവോന്മേഷം ഉ[illegible]ക്കൊണ്ടു് നിൽക്കുന്ന ഹർഷപുളകിതമായ [illegible] കാഴ്ച ഓരോ മലയാളിക്കും അഭിമാനത്തിനു് വ[illegible] നല്കാതിരിക്കുകയില്ല. ഇതെല്ലാം കൺമണി ഫിലിംസിന്റെ ഭാരവാഹികളുടെ മഹത്തായ ഒരു സേവനമാണ്. പരശ്ശതം കാഴ്ചക്കാരെ ആനന്ദത്തി[illegible] ആറാടിച്ച ഈ സമ്പന്നമായ കലാസൃഷ്ടി മലയാളത്തിനു് കാഴ്ചവച്ചവരെ നമുക്ക് അഭിനന്ദിക്കാം. ഇനിയും സുന്ദരമായ വശങ്ങളിൽ കൂടി രാമുവും ബാബുവും ചലിക്കുമെന്നു് നമുക്ക് ആശിക്കാം.

# ദേശീയബോധം

(എ. ചന്ദ്രദാസ്, II B. A.)

നാം ഇന്നു് സ്വതന്ത്രരാണു്. സ്വാതന്ത്ര്യത്തിന്റെ പ്രാണവായു നമുക്കിന്നു വേണ്ടുവോളം ശ്വസിക്കാം. പാരതന്ത്ര്യത്തിന്റെ പരാധീനത, പ്രത്യേകിച്ചും, യുവാക്കൾ അറിഞ്ഞവരല്ല. സ്വാതന്ത്ര്യത്തിന്റെ വീഞ്ഞേ നാം ആസ്വദിച്ചിട്ടുള്ളൂ. പക്ഷെ, അസ്വാതന്ത്ര്യത്തിന്റെ കൈപ്പറിഞ്ഞവരാണു് പഴയതലമുറ. പാരതന്ത്ര്യത്തിന്റെ പരാധീനത അവരെ ഉണർത്തി. അതിന്നെതിരായി അവർ പോരാടി. അതിൽ വിജയിച്ചു. അതിന്നവരെ പ്രേരിപ്പിച്ചതു് അതിരററ ദേശീയ ബോധവും, അടങ്ങാത്ത സ്വാതന്ത്ര്യദാഹവുമാണു്.

ഭാരതീയരെല്ലാം ദേശാഭിമാനികളാണു്. എന്തെങ്കിലും ആപത്തുകൾ വരുമ്പോൾ നമ്മുടെ ദേശാഭിമാനം കത്തിജ്വലിക്കും— കത്തിജ്വലിച്ചിരുന്നു. അതിനൊരു മങ്ങൽ തട്ടിവരികയാണു്. എന്താണിതിന്നു കാരണം? വർഗ്ഗീയതയും, സ്വാർത്ഥതാല്പര്യവും, അച്ചടക്കരാഹിത്യവും വളർന്നു വരുന്നതല്ലെ? വർഗ്ഗീയതത്വത്തിന്റെയും, പ്രാദേശികമനസ്ഥിതിയുടേയും മൂടൽമഞ്ഞു് അന്തരീക്ഷത്തിൽ അടിഞ്ഞുകൂടാൻ തുടങ്ങിയിട്ടു നാളുകൾ കുറച്ചായി. എന്തെല്ലാം വർഗ്ഗീയ ചിന്തകളാണു് അടുത്ത കാലത്തു നാമ്പെടുത്തു വന്നിട്ടുള്ളതു്! ഇതിന്നുദാഹരണമാണു് അലിഗർ സർവ്വകലാശാലയിൽ നടന്ന കലാപങ്ങൾ. എവിടെ നോക്കിയാലും അച്ചടക്കരാഹിത്യവും, അക്രമവും. അടുത്തകാലത്തായി പൊതുസ്വത്തു് കേടുവരുത്തുവാനുള്ള ആഗ്രഹം ജനങ്ങളിൽ നാമ്പെടുത്തു കാണുന്നുണ്ടു്. ഇതു് തടയണം —എന്നെന്നേയ്ക്കുമായി കുഴിച്ചു മൂടണം. ഭാരതീയർ ഒരൊററ ജനതയാണു് — പല ജനതയല്ല. ദേശത്തിന്റെ നഷ്ടം വ്യക്തികളുടെ നഷ്ടം തന്നെയാണു്.

വർഗ്ഗീയ ചിന്താഗതികൾ ഒഴിവാക്കാനായി പല നടപടികളും നമ്മുടെ ഭരണകർത്താക്കൾ എടുത്തുവരുന്നുണ്ടു്. അതിന്നുദാഹരണമാണു് അലിഗർ മുസ്ലീം സർവ്വകലാശാലയുടെ പേരുമാററൽ. ഇതു സ്വാഗതാർഹമാണു്. പക്ഷെ, ഇതുകൊണ്ടായില്ല. ദേശീയോൽഗ്രഥനം സാധിക്കാൻ ഇനിയും കാര്യമായി പലതും നാം ചെയ്യണം.

ദേശീയ ബോധമില്ലായ്മയെ വിളിച്ചുപറയുന്ന മറെറാന്നാണു് നിയമത്തോടും കർത്തവ്യത്തോടുമുള്ള നമ്മുടെ അനാസ്ഥ. കഴിഞ്ഞദിവസം ബഹുമാന്യനായ നമ്മുടെ പ്രസിഡണ്ടു് രാധാകൃഷ്ണൻ നമുക്കൊരു താക്കീതു്, നല്കുകയുണ്ടായി. നിയമത്തോടു് നീതിപുലർത്താത്തതു് ഏതൊരു സമൂഹത്തിന്നും, രാഷ്ട്രത്തിന്നും നാശത്തിലേയ്ക്കുള്ള വഴിയാണെ''ന്നു്. നമ്മുടെ അനാസ്ഥ പലസ്ഥലത്തും കാണാം. ഉദാഹരണമായി സിനിമാശാലയിൽ നീണ്ട മൂന്നു മണിക്കൂർ, ആനന്ദമഗ്നരായി കഴിയുന്ന നാം എത്രപേർ, പ്രദർശനം കഴിഞ്ഞു ദേശീയഗാനം ആലപിക്കുമ്പോൾ ഹാളിൽ നിൽക്കാറുണ്ടു്! —എഴുന്നേററുനിന്നു് രാഷ്ട്രത്തോടും, പാവനമായ രാഷ്ട്രപതാകയോടും ബഹുമാനവും, ആദരവും കാണിക്കാറുണ്ടു്! ഇതൊരു വിദേശിയൻ കാണാൻ ഇടവരികയാണെങ്കിൽ എന്തായിരിക്കും നമ്മെപ്പററിയുള്ള അഭിപ്രായം. വിദ്യാഭ്യാസമുള്ളവരുടെ ഇടയിലാണു് ഇതു് കൂടുതലായി കാണുന്നതെന്നു പറയുമ്പോൾ എത്രത്തോളമുണ്ടു് നമ്മുടെ കർത്തവ്യബോധമെന്നു് ചിന്തിക്കാമല്ലോ.

ഭാരതം ഒരു ജനാധിപത്യ രാഷ്ട്രമാണു്— ലോകത്തിന്റെ മുന്നണിയിൽ നില്ക്കുന്ന ഒരു ജനാധിപത്യരാഷ്ട്രം. സംസ്കാരത്തിലും, പാരമ്പര്യത്തിലും അടിയുറച്ചു വിശ്വസിക്കുന്നവർ—അഹിംസയിൽ വിശ്വസിക്കുന്നവർ—ഗാന്ധിജിയേയും, നെഹറുവേയും സ്നേഹിക്കുകയും, പൂജിക്കുകയും ചെയ്യുന്നവർ. ലോകത്തിന്റെ ഏതൊരു കോണിലും അക്രമവും, അച്ചടക്കരാഹിത്യവും കാണുമ്പോൾ നഖശിഖാന്തം വിമർശിക്കുന്നവർ. ഇന്നിതാ, അക്രമത്തിന്റെയും, അച്ചടക്കരാഹിത്യത്തി

ന്റെയും പാഴ്ചളിയിലേക്ക് വഴുതിക്കൊണ്ടിരിക്കുന്നു. ആശ്ചര്യംതന്നെ. എവിടെ നോക്കിയാലും അച്ചടക്കമില്ലായ്മ! വീട്ടിലായാലും, പൊതുസ്ഥലത്തായാലും. അച്ചടക്കത്തെപ്പററി പല്ലവിപാടുന്നവർതന്നെ അച്ചടക്കമില്ലാതെ പെരുമാറുന്നു. വേലിതന്നെ വിള തിന്നാലൊ? എന്താണ് നമ്മുടെ പാർലിമെന്റിൽ ഉണ്ടായ കോലാഹലങ്ങൾ! സ്പീക്കറോടുപോലും അനാദരവു് കാണിക്കുക. അങ്ങോട്ടും, ഇങ്ങോട്ടും തെറിപറയുക. ഇതാണൊ സംസ്കാരം! ഇതാണൊ പാരമ്പര്യം! ലോകരെല്ലാം ചിരിച്ചു; പരിഹസിച്ചു. നമ്മെ ഞെട്ടിപ്പിച്ച മറെറാരു സംഭവമാണ് പാർലിമെണ്ടിന്റെ മുമ്പിൽ "സാധുക്കൾ" സംഘടിപ്പിച്ച സമരവും, അക്രമവും. അഹിംസയിൽ അടിയുറച്ചു വിശ്വസിക്കുന്നവർ; സംസ്കാരത്തെ മുറുകെ പിടിക്കുന്നവർ. ഇതാണൊ അഹിംസ? ഇതാണൊ സംസ്കാരം! ഇവരൊക്കെ ദേശാഭിമാനത്തിന്റെ പുറംചട്ടയിട്ടു നടക്കുന്നവരാണ്! ഇതു് ദേശാഭിമാനക്കുറവല്ലെ, തീച്ചയായും.

മഹത്തായ ഒരു ഭരണഘടന നമുക്കുണ്ടു്. അതിൽ നമുക്കു് അഭിമാനിക്കാം. എല്ലാ രാഷ്ട്രീയ പാട്ടികളെയും, സ്വതന്ത്രമായി പ്രവത്തിക്കാനും, വളരാനും അനുവദിക്കുന്നു, നമ്മുടെ ഭരണഘടന. ചില പാട്ടികൾക്കു് ദേശാഭിമാനം എന്നതു് ഒരു കീറാമുട്ടിയാണ്. ഒരു ജനാധിപത്യരാഷ്ട്രം നിലനില്ക്കുന്നതുതന്നെ, ദേശീയത്വത്തിന്റെ അടിത്തറയിലാണ്. അതവർ മറക്കുന്നു. നമ്മുടെ ഇടയിലുണ്ടു് ഒരു കൂട്ടം ആളുകൾ. പണ്ടുള്ള ആളുകൾ പറഞ്ഞുകേട്ടിട്ടുണ്ടു്, "തന്റെ കുട്ടിക്കു് സൌന്ദര്യമില്ല എന്നുകരുതി അന്യന്റെ കുട്ടിയെ ആരെങ്കിലും വാരി ചുംബിക്കാറുണ്ടോ?" എന്നാൽ അങ്ങിനെ ചിലരുണ്ടു്, നമ്മുടെ ഇടയിൽ. നമ്മുടെ സംസ്കാരത്തിലും, വളച്ചയിലും അവക്കു് വിശ്വാസമില്ല. ഇതെത്ര നീചമാണ്!

എന്തിനധികം പറയുന്നു, അടുത്ത കാലത്തു നടന്ന ഇന്ത്യാ-പാക്കിസ്ഥാൻ യുദ്ധം, ദേശാഭിമാനത്തിന്റെ ഒരു മാററുരക്കല്ലായിരുന്നു. ഭാരതീയരുടെ ദേശാഭിമാനം ഇന്നും കത്തിജ്വലിക്കുന്നു എന്നു് അതു് കാണിച്ചു. എത്ര വീരയോദ്ധാക്കളാണ് മാതൃഭൂമിക്കുവേണ്ടി ജീവൻ ബലിയപ്പിച്ചതു്! എന്നാൽ പരിതാപകരമെന്നു പറയട്ടെ അതിനൊരു മങ്ങൽ തട്ടിയിരിക്കുന്നു. വർഗ്ഗീയത്വത്തിന്റെയും, സ്വാർത്ഥത്തിന്റെയും വിഷക്കാറേററതു് മങ്ങിയിരിക്കുന്നു. ആ മങ്ങൽ നാം തുത്തുമാററണം.

സ്വാതന്ത്ര്യത്തിന്റെ വില നിരന്തരമായ ജാഗരൂകതയാണ്. ഈ ജാഗ്രത നഷ്ടപ്പെട്ടാൽ നമ്മുടെ ഐക്യവും, സ്വാതന്ത്ര്യവും നഷ്ടപ്പെടുമെന്നു് നാം ഓക്കണം.

നാം ഭാരതീയരാണ്. ഒരേ രക്തമാണ് നമ്മുടെ സിരകളിൽകൂടി ഒഴുകുന്നതു്. നീ ആരെന്നു ചോദിച്ചാൽ ഞാൻ ഭാരതീയനാണെന്നുപറയണം. പറയുമ്പോൾ നെഞ്ചുന്തണം, ഹൃദയം തുടിക്കണം, രക്തം തുളുമ്പണം. ഇതു് കേൾക്കുമ്പോൾ അതിർകവിഞ്ഞ ദേശീയത്വത്തിലേക്കു് പാറിപ്പോകരുതു്. അതു് നാശത്തിലേക്കേ വഴിതെളിയിക്കൂ! നമ്മുടെ ലക്ഷ്യം ഭാരതത്തിന്റെ 'അഭ്യുദയമാണ്! നമ്മുടെ പ്രധാനമന്ത്രി പറഞ്ഞതുപോലെ "ഒരേ ടീം, ഒരേലക്ഷ്യം" എന്നതായിരിക്കണം നമ്മുടെ മുദ്രാവാക്യം.

"കൊള്ളാമോ ശ്രേയസ്സിൽസംതൃപ്തി നമ്മൾക്കു
വെള്ളിനിലാവിൽ കുളിച്ചരാവും
ചെമ്പൊന്നാ മാദിത്യരശ്മിയെയാരാഞ്ഞു
മുമ്പോട്ടുപോവതു കാണ്മതില്ലേ!"

— വള്ളത്തോൾ

# ഡോ: എച്ച്. ജെ. ഭാഭ

കെ. അരമുഖൻ, II Bsc.

ബോംബെയിലെ അണുശക്തിസ്ഥാപനം ഇന്നറിയപ്പെടുന്നതു് 'ഭാഭ അറേറാമിക് റിസർച്ച് സെൻറർ' എന്ന പേരിലാണു്. ഈ പുതിയ പേർ സ്വീകരിച്ച് പ്രതിഭാശാലിയായ ഡോ: ഭാഭയോടുള്ള കടപ്പാടു് ഇന്ത്യ നിറവേററിയിരിക്കയാണു്. ഇന്ത്യയ്ക്കു് അണുശാസ്ത്ര രംഗത്തു വ്യക്തമായ ഒരു സ്ഥാനവും പ്രൌഢിയും നേടിക്കൊടുത്തതു് അദ്ദേഹമാണു്. സമാധാനവാദിയായ ഡോ: ഭാഭ അണുശക്തി തികച്ചും സമാധാനപരമായ ആവശ്യങ്ങളുടെ വികസനത്തിന്നു മാത്രമെ ഉപയോഗിക്കാവൂ എന്ന അഭിപ്രായക്കാരനായിരുന്നു. ഇന്ത്യൻ അണുശക്തി കമ്മീഷൻെറ ചെയർമാനായിരുന്ന അദ്ദേഹം അണുശാസ്ത്രജ്ഞരിൽ അഗ്രഗണ്യനായിരുന്നു. ഇന്ത്യയിലെ അണുശക്തി വികാസത്തിൽ അദ്ദേഹം വഹിച്ച പങ്കു് നിസ്തുലമാണു്.

ഒരു അഭിഭാഷകൻെറ പുത്രനായി 1909 ഒക്ടോബർ 30–ാംനു- ഭാഭ ബോംബെയിൽ ജനിച്ചു. ഭാഭ ബോംബെയിലും കാംബ്രിഡ്ജിലും വിദ്യാഭ്യാസം കഴിച്ചു. 1932–ൽ കണക്കിൽ റൌഡ്ബാാം ട്രാവലിങ്ങ് സ്റ്റുഡൻറ് ഷിപ്പ് അദ്ദേഹത്തിന്നു് ലഭിച്ചു. 1933–'34 കാലഘട്ടത്തിൽ അദ്ദേഹം റോമിൽ പ്രൊഫ: ഇ. ഫെർമിയുടെ കീഴിൽ പ്രവർത്തിക്കുകയുണ്ടായി. 1934–ൽ ഐസക് ന്യൂട്ടൻ സ്ററുഡൻറ് ഷിപ്പും ഭാഭയ്ക്കു് ലഭിച്ചു. കാംബ്രിഡ്ജിൽ കോസ്മിക് പ്രസരണത്തെക്കുറിച്ച് ലെക്ചർ നടത്തുന്നതിന്നും അദ്ദേഹത്തിന്നു് സന്ദർഭം ലഭിച്ചു. രണ്ടാം ലോകമഹായുദ്ധം കഴിയുന്നതുവരെ അദ്ദേഹം ഇംഗ്ലണ്ടിൽ താമസിച്ചു. ഇന്ത്യയിൽ തിരിച്ചെത്തിയ അദ്ദേഹം കുറച്ചുകാലം 'ഇന്ത്യൻ ഇൻസ്റ്റിററ്യൂട്ട് ഓഫ് സയൻസ്സിൽ 'തിയററിക്കൽ ഫിസിക്സി'ൽ സ്പെഷൽ റീഡറായി ജോലിനോക്കി.

1945–ൽ അടിസ്ഥാന ഗവേഷണങ്ങൾക്കായി 'ടാററാ ഇൻസ്റ്റിററ്യൂട്ട് ഓഫ് സയൻസ്'' സ്ഥാപിക്കുന്നതിന്നായി ഡോ: ഭാഭ പ്രവർത്തിക്കുകയുണ്ടായി. അണുശക്തി സ്ഥാപനം കഴിച്ചാൽ ഇന്ത്യയിലെ ഏററവും വലിയ ഗവേഷണ സ്ഥാപനമായി ഈ സ്ഥാപനത്തെ വളർത്തിയെടുക്കുന്നതിൽ അദ്ദേഹം സ്തുത്യർഹമായ പങ്കാണു് വഹിച്ചതു്.

31 വയസ്സുള്ള ഡോ: ഭാഭയുടെ ശാസ്ത്രീയ ഗവേഷണങ്ങളെ മാനിച്ച് അദ്ദേഹത്തെ ബ്രിട്ടനിലെ 'റോയൽ സൊസൈററിയുടെ 'ഫെലോ' ആയി തിരഞ്ഞെടുത്തു. വളരെ അധികം രാഷ്ട്രാന്തരീയ സ്ഥാപനങ്ങളുടെ 'ഫെലോ' ആയി അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടു്. ഐക്യരാഷ്ട്ര സഭയുടെ പല ശാസ്ത്രീയോപദേശക സമിതിയിലും അദ്ദേഹം അംഗമായിരുന്നു. 1963–ൽ അദ്ദേഹം 'ന്യൂയോർക്ക് അക്കാഡമി ഓഫ് സയൻസ്സി'ൽ ഓണററി ആയുഷ്ക്കാലാംഗമായി. അതു് അദ്ദേഹത്തിൻെറ ജീവിതത്തിലെ അവിസ്മരണീയമായ ഒരു സംഭവമായിരുന്നെന്നു് അദ്ദേഹംതന്നെ ഒരിക്കൽ പറഞ്ഞിട്ടുണ്ടു്.

1952–ൽ സ്റ്റോക്കോമിൽ ചേർന്ന രാഷ്ട്രാന്തരീയ സാങ്കേതിക സമ്മേളനത്തിൽ ഭാഭ തൻെറ മഹത്തായ കണ്ടുപിടുത്തങ്ങളെ വെളിപ്പെടുത്തുകയുണ്ടായി. മുമ്പറിയപ്പെട്ടിരുന്ന എല്ലാ ഊർജ്ജത്തേക്കാളും നൂറിരട്ടിയിലധികം ശക്തിയുള്ള 'കോസ്മിക് അണു' കണ്ടുപിടിച്ചതു് ഡോക്ടർ ഭാഭയാണു്. 'മേസൻ' എന്നൊരു 'പ്രാഥമികാണു'വിൻെറ നിലനില്പ് സ്ഥാപിച്ചതും സുപ്രസിദ്ധമായി തീർന്ന 'കാസ്കേഡ് തിയറി' സംഭാവനചെയ്തതും അദ്ദേഹമാണു്.

1954–ൽ ഡോക്ടർ ഹോമി ജഹാംഗീർ ഭാഭയുടെ അണുശാസ്ത്രരംഗത്തെ പ്രവർത്തനത്തെ മാനിച്ച് 'പത്മഭൂഷൻ' എന്ന ബഹുമതി നൽകി.

ഡോ: ഭാഭ മൃദുഭാഷിയായിരുന്നു. ഒരു സംഗീതപ്രിയനായിരുന്ന ആ ശാസ്ത്രജ്ഞന്നു് വസ്ത്രധാര

ണത്തിൽ വലിയ ഭ്രമമായിരുന്നു. ഒരു ഗാനരചയിതാവാകാൻ ആഗ്രഹിച്ച ഡോ: ഭാഭ ഒരണുശാസ്ത്രജ്ഞനായതു് ഒരത്ഭുതം മാത്രമാണു്.

ഇന്ത്യയിലെ അണുശക്തി സ്ഥാപനങ്ങൾ പടുത്തുയർത്തുന്നതിൽ വ്യക്തമായ ഒരു പങ്കു് ഡോ: ഭാഭയ്ക്കു് ഉണ്ടു്. ഇന്ത്യൻ ശാസ്ത്രജ്ഞന്മാർ മിക്കവരും ഗവേഷണങ്ങൾക്കു് വിദേശങ്ങളിലേക്കു് പോയിക്കൊണ്ടിരുന്ന സമയത്തു് സാഹസികനായ ഒരണുശാസ്ത്രജ്ഞൻ ഇന്ത്യയിലേയ്ക്കു് വന്നു. അദ്ദേഹത്തിന്റെ പ്രവർത്തനഫലമായി ഇന്ത്യയിലെ ഗവേഷണസൌകര്യങ്ങൾ അങ്ങേയററം വികസിക്കുകയുണ്ടായി. ഭാഭ സമാധാനപരമായ ആവശ്യങ്ങൾക്കു് അണുശക്തിയുടെ ഉപയോഗം മനസ്സിലാക്കുകയും ആ രംഗത്തു് നേട്ടങ്ങൾ കൈവരുത്തുകയും ചെയ്തു. ഇന്ത്യയുടെ അണുശക്തി നയം രൂപീകരിക്കുന്നതിൽ ഒരു വലിയ പങ്കു് അദ്ദേഹം വഹിച്ചിട്ടുണ്ടു്. ഇന്ത്യയുടെ 'ആററമിക് റിസർച്ച് റിയാക്ടർ' ആയ അപ്സരയ്ക്കു് ആവശ്യമായ ഉപകരണങ്ങൾ ഡിസൈൻ ചെയ്യുന്നതിലും നിർമ്മിക്കുന്നതിലും അദ്ദേഹം നേതൃത്വം നൽകി. അതിന്നു് പുറമെ മദിരാശിയിൽ കല്പാക്കത്തു് പുതുതായി ഒരു ആററം റിയാക്ടർ ഇന്ത്യക്കാരുടെ മാത്രം പ്രയത്നത്താൽ ഉണ്ടാക്കാനുള്ള ശ്രമത്തിൽ മുഴുകിയിരിക്കുകയായിരുന്നു ഡോ. ഭാഭ.

ജനീവയിലെ രാഷ്ട്രാന്തരീയ അണുശക്തി സമ്മേളനത്തിൽ ഉറേനിയത്തിന്നു് നിയന്ത്രണം ഉണ്ടാക്കുന്നതിനെക്കുറിച്ചു് ആലോചിച്ചപ്പോൾ അവരെ അമ്പരപ്പിക്കുന്ന ചില ചോദ്യങ്ങൾ ഭാഭ ചോദിക്കുകയുണ്ടായി. ഇന്ത്യയിൽ (കേരളത്തിൽ) സുലഭമായി കിട്ടുന്ന ഇൽമനെററിൽനിന്നു് തോറിയവും അതിൽനിന്നു് അണുശക്തിയും ഉണ്ടാക്കുന്നതിനെക്കുറിച്ചും, ഹൈഡ്രജൻ ബോംബിന്നുള്ള അസംസ്കൃതവസ്തുവെന്നനിലയിൽ വെള്ളത്തെ ഉപയോഗപ്പെടുത്താനുള്ള സാധ്യതകളെക്കുറിച്ചും അദ്ദേഹം പറഞ്ഞ കാര്യങ്ങൾ അവരെ അത്ഭുതപ്പെടുത്തുവാൻ പര്യാപ്തമായിരുന്നു.

അണുബോംബുല്പാദനത്തിന്റെ താരതമ്യേന കുറഞ്ഞ ചിലവു് അണുവായുധവൽക്കരണത്തിന്നു് പല രാജ്യങ്ങളേയും പ്രേരിപ്പിക്കുമെന്നതിനാൽ നിരായുധീകരണത്തിന്നുള്ള നടപടികൾ വളരെവേഗം എടുക്കണമെന്നു് അദ്ദേഹം ആവശ്യപ്പെട്ടിരുന്നു. ഇന്ത്യയുടെ 'അണുശക്തി സമാധാനപരമായ ആവശ്യങ്ങൾക്കു് മാത്രമെ ഉപയോഗിക്കാവൂ' എന്നു് ഡോ: ഭാഭയ്ക്കു് നിഷ്കർഷയുണ്ടായിരുന്നു. "സൈനികാവശ്യങ്ങൾക്കു് അണുശക്തി ഉപയോഗിക്കുകവഴി നമ്മുടെ വിഭവങ്ങൾ നശിപ്പിച്ചുകളയാൻ നാം ആഗ്രഹിക്കുന്നി"ല്ലെന്നു് അദ്ദേഹംതന്നെ പറഞ്ഞിട്ടുണ്ടു്.

മരണം ആ അണു ശാസ്ത്രജ്ഞനെ മാടിവിളിക്കുകയായിരുന്നു. ജനീവയിലേക്കു് 1964 ജനുവരി 22-ാംനു- അദ്ദേഹം പറക്കേണ്ടതായിരുന്നു. എന്നാൽ അവസാനനിമിഷത്തിൽ അതു 23-ാംനുക്കു മാററിവെക്കേണ്ടതായിവന്നു. എയർ ഇന്ത്യാ ഇൻറർനാഷനലിന്റെ ഒരു 707 ബോയ്ങ്ങ് ജററ്വിമാനം ആൽപ്സ് പർവ്വതത്തിലെ 15752 അടി ഉയരമുള്ള മൊണ്ട്ബ്ലാങ്കിൽ വെച്ചു് ജനുവരി 24-ാംനു- തകർന്നുവീണു. അതിലുണ്ടായിരുന്ന ഹതഭാഗ്യരായ 117 പേരും കൊല്ലപ്പെട്ടു. അതിൽ ലോകത്തിലെ വിരലിലെണ്ണാവുന്ന അണുശാസ്ത്രജ്ഞരിൽ മുൻപന്തിയിൽ നില്ക്കുന്ന ഇന്ത്യൻ ആററംശക്തി കമ്മീഷൻ ചെയർമാൻ ഡോ: ഹോമിജഹാംഗീർ ഭാഭയും ഉൾപ്പെട്ടിരുന്നു.

ഇന്ത്യൻ അണുശാസ്ത്ര പുരോഗതിയുടെ ഒരദ്ധ്യായം അങ്ങിനെ അവസാനിച്ചു. ഡോ: ഭാഭ ഒരു മഹാ ശാസ്ത്രജ്ഞനും ഭരണവിദഗ്ധനുമായിരുന്നു. സയൻസിന്നു് പൊതുവായി മാത്രമല്ല ഈ നാട്ടിൽ അദ്ദേഹം ബന്ധംപുലർത്തിയിരുന്ന അണുശക്തി വികസനത്തിന്നും അതൊരു വമ്പിച്ച നഷ്ടംതന്നെയാണു്. "സ്വരാജ്യത്തിലെ സമ്പദ്വ്യവസ്ഥ വികസിപ്പിക്കുന്നതിലും ഇന്ത്യൻ ജനതയുടെ ജീവിതനില മെച്ചപ്പെടുത്തുന്നതിലും അണുശക്തി വികസനത്തിന്നുള്ള വിപുലമായ സാധ്യതകൾ ഡോ: ഭാഭ കാലേക്കൂട്ടി മനസ്സിലാക്കിയിരുന്നു."

**ജയ്ഹിന്ദ്**

# ഏണെസ്റ്റ് ഹെമിങ്ങ്‌വെ

(പി. കെ. ഹസ്സൻകോയ, III B. Com.)

വിശ്വസാഹിത്യത്തിന്ന്, വിശിഷ്യ ലോക നോവൽ സാഹിത്യത്തിന്ന് ഒരു ദുർദ്ദിനമായിരുന്നു ആയിരത്തിത്തൊള്ളായിരത്തി അറുപത്തി ഒന്ന് ജൂലായ് മൂന്നാം തിയ്യതി. അന്ന് അമേരിക്കൻ സാഹിത്യം വിശ്വസാഹിത്യത്തിന്ന് സംഭാവന ചെയ്ത ആ ഉജ്ജ്വല പ്രഭാവനായ നോവലിസ്റ്റ്— ഏണെസ്റ്റ് ഹെമിങ്ങ്‌വെ നിര്യാതനായി. സാഹസപൂർണ്ണമായ ആ ജീവിതത്തിന്റെ അന്ത്യവും അവ്വിധം തന്നെ ഭവിച്ചു.

ഇഡാഹോയിലുള്ള സ്വവസതിയിൽവെച്ച് ഹെമിങ്ങ്‌വെ തന്റെ തോക്ക് തുടച്ചു വെടിപ്പാക്കവേ അബദ്ധത്തിൽ പൊട്ടിയ വെടിയാണ് ആ സാഹിത്യകാരന്റെ വിലപ്പെട്ട ജീവനെ അപഹരിച്ചു കളഞ്ഞതു്.

അങ്ങനെ കാൽ നൂററാണ്ടിലേറെ കാലമായി ലോകസാഹിത്യത്തിലേയ്ക്കു് പുതിയ "വസന്ത നിർഝരി" കളൊഴുക്കിക്കൊണ്ടിരുന്ന ആ ജീവിതം അവസാനിച്ചു എന്നെന്നേയ്ക്കുമായി!

### ജനനവും ബാല്യവും

അമേരിക്കയിലെ ഇല്ലിനോയ് സംസ്ഥാനത്തിലെ ഓക് പാർക്ക് എന്ന സ്ഥലത്തു് 1898 ജൂലായ് ഇരുപത്തിഒന്നാം തിയ്യതി ഒരു നാടൻ ഡോക്ടറുടെ പുത്രനായി ഹെമിങ്ങ്‌വേ ഭൂജാതനായി. ബാലനായിരിക്കുമ്പോൾ പഠിക്കുന്ന കാര്യത്തിലുള്ള വൈമുഖ്യവും വിരസതയും ഹെമിങ്ങ്‌വെയെ വഴിതെററിച്ചു. പള്ളിക്കൂടത്തിൽനിന്നു ആ കുട്ടി ഓടിപ്പോയി. പല വിഷമതകളും സഹിച്ചുകൊണ്ടു് ചെറുപ്പകാലത്തു് ഉപജീവനം കഴിച്ചുവന്നു.

എന്നാൽ കുട്ടിക്കാലം മുതല്ക്കുതന്നേ വേദനകളോടും, വൈഷമ്യങ്ങളോടും, മരണത്തോടും അടുത്തു് പരിചയിക്കുവാൻ ഹെമിങ്ങ്‌വേയ്ക്കു് കഴിഞ്ഞിരുന്നു. ഒരു നാടൻ ഡോക്ടരായ പിതാവു് തന്റെ സഞ്ചാരങ്ങളിലെല്ലാം പുത്രനേയും കൂട്ടിക്കൊണ്ടു് പോവാറുണ്ടായിരുന്നു. ആകയാൽ ഹെമിങ്ങ്‌വെയുടെ ഹൃദയത്തിൽ കണ്ണീരിന്റെ പാടുകൾ ചെറുപ്പകാലത്തേ, ചലനം സൃഷ്ടിക്കാൻ തുടങ്ങി. അതോടൊപ്പം ജീവിതത്തിന്റെ മന്ദഹാസവും അദ്ദേഹം കാണാതിരുന്നില്ല. പില്ക്കാലത്തു് അഗാധ ജീവിതബോധം അദ്ദേഹത്തിൽ അടിയുറക്കാനുണ്ടായ കാരണം ഇതാണെന്നു് പറയാം.

സംഗീത തല്പരനായിരുന്ന ഹെമിങ്ങ്‌വെയുടെ മാതാവു് അദ്ദേഹം ഒരു ഗായകനായിത്തീരണമെന്നാണു് ആഗ്രഹിച്ചിരുന്നതു്. എന്നാൽ ഡോക്ടരായ പിതാവാകട്ടെ, മകൻ ഒരു വൈദ്യശാസ്ത്ര വിശാരദനാവണമെന്നും മോഹിച്ചു. ചുരുക്കിപ്പറയട്ടെ, വൈദ്യശാസ്ത്രം അഭ്യസിച്ചെങ്കിലും, പിയാനൊ വായനയിൽ പരിചയിച്ചെങ്കിലും ഗായകനോ, ഭിഷഗ്വരനോ ആവാതെ, പതിനേഴാം വയസ്സിൽ ഒരു പത്രപ്രവർത്തകനായിട്ടാണു് ഹെമിങ്ങ്‌വെ വീട്ടിൽ തിരിച്ചെത്തിയതു്.

പത്രപ്രവർത്തനത്തിലും യുദ്ധരംഗങ്ങളിലെ സാഹസകൃത്യങ്ങളിലും ഹെമിങ്ങ്‌വെ ഏർപ്പെട്ടിരുന്നു. പത്തൊമ്പതു് വയസ്സ് മാത്രം പ്രായമായിരുന്ന ഒരു യുവാവായിരുന്നപ്പോൾ ഒന്നാം ലോകമഹായുദ്ധത്തിൽ ഇററാലിയൻ സേനയിൽ ചേർന്നു് അദ്ദേഹം പോരാടുകയുണ്ടായി. ഒരു ആംബുലൻസു് ഡ്രൈവറായും ടർക്കി ഗ്രീസു് രാജ്യങ്ങൾക്കിടയിൽ ഒരു കനേഡിയൻ പത്ര റിപ്പോർട്ടറായും യുദ്ധക്കളത്തിന്റെ നടുവിൽ അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ടു്.

### സാഹിത്യരംഗത്തേക്കു്

യു. എസ്. ന്യൂസ് എജൻസിയുമായി ബന്ധപ്പെട്ടു് പാരീസിൽ വാസമുറപ്പിക്കുന്നതിന്നു് മുമ്പു് ഹെമിങ്ങ്‌വെ, സാഹിത്യപ്രധാനങ്ങളായ രണ്ടു ആനുകാലിക പ്രസിദ്ധീകരണങ്ങളുമായി ബന്ധപ്പെട്ടിരുന്നു. 1922 ലാണു് ഷെർവുഡ് എൻ

ഡോഴ്സ് മുഖാന്തിരം ജർട്രൂഡ് സ്റ്റെയിററി നേയും, ഐഡ്രാ ബ്രൗണ്ടിനേയും ഹെമിങ്ങ്‌വെ പരിചയപ്പെട്ടതു്. ഈ സന്ദർഭത്തിലൊന്നും ഒരു സാഹിത്യകാരനെന്ന നിലയിൽ ഹെമിങ്ങ്‌വെ അംഗീകരിക്കപ്പെട്ടു കഴിഞ്ഞിരുന്നില്ല. കവിതകൾ രചിച്ചുകൊണ്ടാണ് അദ്ദേഹം സാഹിത്യക്കളരിയിലേക്ക് കാലെടുത്തുവെച്ചതു്.

1932 ലാണ് പ്രഥമകൃതി പ്രകാശിതമായതു്. "മൂന്നു കഥകളും പത്തു കവിതകളും." തുടന്നു് പുറത്തുവന്നതു് ഒരു കഥാസമാഹാരമാണ്— "നമ്മുടെ കാലഘട്ടത്തിൽ."

ഹെമിങ്ങ്‌വെയുടെ പ്രാരംഭകാലകൃതികളിൽ തന്നെ പില്ക്കാലത്തദ്ദേഹത്തെ പ്രശസ്തനും പ്രതിഭാശാലിയുമാക്കിത്തീർത്ത ജീവിത വീക്ഷണത്തിന്റെ വൈശിഷ്ട്യവും ശില്പസൗകുമാര്യവും ദർശിക്കാൻ കഴിഞ്ഞിരുന്നു.

## നോവലുകൾ

1926 ലാണ് "വസന്ത പ്രവാഹങ്ങൾ" എന്ന ഹെമിങ്ങ്‌വേയുടെ ആദ്യനോവൽ വെളിച്ചം കണ്ടതു്. എടുത്തുപറയത്തക്ക പ്രത്യേകതകൾ ഒന്നുമില്ലായിരുന്ന ഈ നോവൽ അത്രയൊന്നും ശ്രദ്ധ ആകർഷിക്കപ്പെട്ടില്ലെങ്കിലും തുടന്നുവന്ന "സൂര്യനും ഉദിക്കുന്നു" എന്ന നോവൽ ജനസാമാന്യത്തിന്റെ സവിശേഷ ശ്രദ്ധയാകർഷിക്കാൻ പര്യാപ്തമായിരുന്നു. നോവൽ സാഹിത്യത്തിൽ ഹെമിങ്ങ്‌വെ വ്യക്തിമുദ്ര പതിപ്പിക്കാൻ തുടങ്ങിയതിന്റെ ശുഭസൂചന ഈ നോവലിൽ വ്യക്തമായിരുന്നു.

ഹെമിങ്ങ്‌വേയുടെ നോവലുകൾ ഒരു തരത്തിൽ അല്ലെങ്കിൽ മറെറാരു തരത്തിൽ അദ്ദേഹത്തിന്റെ ജീവിതങ്ങളുടെ പ്രകാശനങ്ങളും ആവിഷ്കരണങ്ങളുമായിരുന്നു.

ഇററാലിയൻ സമരമുഖത്തിലെ തന്റെ അനുഭവങ്ങളുടെ ഫലമായി എഴുതപ്പെട്ടതാണ് "ആയുധങ്ങളോടു് വിട" എന്ന നോവൽ. "സൂര്യനും ഉദിക്കുന്നു" എന്ന നോവലിൽ, ഫ്രാൻസിലും സ്പെയിനിലും താമസിക്കുന്ന കാലത്തുള്ള ചില പത്രങ്ങളുടെ ചിത്രീകരണമാണ്. ആഫ്രിക്കയിലേക്ക് നടത്തപ്പെട്ട തന്റെ വേട്ടസ്സവാരിയുടെ അനന്തര ഫലമാണ് "ദി ഗ്രീൻ ഹിൽസ് ഓഫ് ആഫ്രിക്ക."

"മണി ആർക്ക് വേണ്ടി മുഴങ്ങുന്നു" എന്നതാണ് ഹെമിങ്ങ്‌വേയുടെ ഏററവും മികച്ച നോവൽ. ഒരു വൃത്താന്ത പത്രലേഖകന്റെ അനുഭവങ്ങളെ ആധാരമാക്കി സ്പെയിനിനെ സംബന്ധിച്ചു നിർമ്മിച്ച ഒരു ബൃഹത്തായ നോവലാണിതു്. ആധുനിക സാഹിത്യലോകത്തിൽ ഇത്രയേറെ അലകൾ സൃഷ്ടിച്ച നോവലുകൾ നന്നേ വിരളമാണ്.

കാളപ്പോരിനെ ആസ്പദമാക്കിയുള്ള "ബുൾ ഫൈററിങ്ങും" "എക്രോസ്സ് ദ റിവർ ആൻറ് ദ ട്രീസും" ഹെമിങ്ങ്‌വേയുടെ മററു നോവലുകളാണ്.

## നോബൽ സമ്മാനം

1952 ലാണ് ഹെമിങ്ങ്‌വെ നോബൽ സമ്മാനാർഹനായതു്. കൃതി: "കിഴവനും കടലും." വൃദ്ധനായ ഒരു ക്യൂബൻ മുക്കുവൻ കരുത്തനായ ഒരു കൊമ്പൻ സ്രാവുമായി സാഗരമദ്ധ്യത്തിൽവെച്ചു് നടത്തുന്ന സാഹസിക സമരത്തിന്റെ സമുജ്ജ്വല ചിത്രീകരണമാണ് ഈ വിശ്വവിഖ്യാത നോവൽ.

സാഹസികമായ ഒരു ജീവിതത്തിന്റെ ഉടമയായിരുന്നു ഹെമിങ്ങ്‌വെ. ഒരു കൊച്ചു കുഞ്ഞായിരിക്കുമ്പോൾ തന്നെ അച്ഛൻ നല്കിയ തോക്ക് മരണസമയം വരെ അദ്ദേഹത്തിന്റെ കൂട്ടുകാരനായിനിന്നു.

ദൃഢഗാത്രനായ ഒരു കായികാഭ്യാസികൂടിയായിരുന്നു ഹെമിങ്ങ്‌വേ. യുദ്ധരംഗത്തുനിന്നു് മരണവുമായി അഭിമുഖസംഭാഷണം നടത്തി തിരിച്ചുപോന്ന സാഹസികനാണദ്ദേഹം. രണ്ടു വിമാനാപകടത്തിൽനിന്നും അദ്ദേഹം രക്ഷപ്പെട്ടിട്ടുണ്ടു്.

മത്സ്യവേട്ട, നായാട്ടു്, മല്ലയുദ്ധം എന്നിവയിൽ ഹെമിങ്ങ്‌വെ തല്പരനും, വിഖ്യാതനുമായിരുന്നു. സമരമുഖങ്ങളോടും സ്പോർട്സിനോടും അദ്ദേഹത്തിനുള്ള അഗാധബന്ധം അനിഷേദ്ധ്യമാണ്.

സാഹിത്യസേവനം അദ്ദേഹത്തെ ഒരു കോടീശ്വരനാക്കി ഉയർത്തി. "മണി ആർക്കുവേണ്ടി മുഴങ്ങുന്നു?" എന്ന നോവലിന്റെ പത്തു് ലക്ഷം പ്രതികളാണ് വിററഴിഞ്ഞതു്. ഒന്നരലക്ഷം ഡോളർ പ്രതിഫലം കിട്ടി ഈ നോവൽ ചലച്ചിത്രമാക്കിയപ്പോൾ.

ഹോളിവുഡ്ഡിലെ ചിത്രനിർമ്മാതാക്കൾ അദ്ദേഹത്തിന്റെ ഒരു ചെറുകഥയായ "ദി സ്നോസ് ഓഫ് ക്ലീമൻ ജാരോ"വിന്നു് ഒന്നേകാൽ ലക്ഷം ഡോളറാണ് നല്കിയതു്.

പുതിയതലമുറക്കാരായ വായനക്കാരിലും, എഴുത്തുകാരിലും ഹെമിങ്ങ്‌വെ പതിച്ചിട്ടുള്ള സ്വാധീനശക്തിയുടെ മുദ്ര എളുപ്പത്തിൽ മാഞ്ഞുപോവാനിടയില്ല. കാലത്തിന്റെ ഹൃദയത്തിൽ അദ്ദേഹം അത്രയേറെ കടന്നുചെല്ലുകയും മാനുഷചിത്തങ്ങളെ കവന്നെടുക്കുകയും ചെയ്തിട്ടുണ്ടു്.

# ജി—നമ്മുടെ ദേശീയകവി

(കെ ഉണ്ണീൻകുട്ടി, III B. A.)

ലോകസാഹിത്യകാരന്മാരുടെ കൂട്ടത്തിൽ ഭാരതീയസാഹിത്യകാരന്മാക്ക് നല്ലൊരു സ്ഥാനമുണ്ട്. വാല്മീകി, കാളിദാസൻ, ടാഗോർ എന്നിവർ വിശ്വസാഹിത്യത്തിന് അമൂല്യങ്ങളായ സംഭാവനകൾ നല്കിയിട്ടുണ്ട്. എന്നാൽ ഇന്നു ഇന്ത്യയിൽ ജീവിച്ചിരിപ്പുള്ള സാഹിത്യകാരന്മാരിൽ അഗ്രഗണ്യനാണ് 'ഭാരതീയ ജ്ഞാനപീഠ'ത്തിൻെറ സമ്മാനത്തിനർഹനായ മഹാകവി ജി. ശങ്കരക്കുറുപ്പ്.

നമ്മുടെ ദേശീയഗാനത്തിൻെറ ഉപജ്ഞാതാവും 'നോബൽ'സമ്മാനം ലഭിച്ച മഹാനായ സാഹിത്യകാരനും ആയ മഹാകവി രവീന്ദ്രനാഥടാഗോറിൻെറ ശിഷ്യനാണ് യഥാർത്ഥത്തിൽ മഹാകവി 'ജി'. ഭാരതത്തിൻെറ സംസ്കാരത്തെപ്പററി വിദേശീയക്കു ബോധമുണ്ടാക്കിക്കൊടുത്ത ഒരു കവിയാണ് ടാഗോർ. "ഗീതാഞ്ജലി" എന്ന അദ്ദേഹത്തിൻെറ കൃതി ഭാരതീയസംസ്കാരത്തിൻെറ പ്രതീകമായി വർത്തിക്കുന്നു. അതുപോലെ കേരളീയസംസ്കാരത്തിൻെറ പ്രതീകമായി വർത്തിക്കുന്ന ഒരു കവിതാസമാഹാരമാണ് 'ഭാരതീയ ജ്ഞാനപീഠ'ത്തിൻെറ ഒരുലക്ഷം ഉറുപ്പികയുടെ സമ്മാനത്തിനർഹമായ മഹാകവി 'ജി' യുടെ "ഓടക്കുഴൽ".

1920നും 1958നും ഇടക്കുണ്ടായിട്ടുള്ള ഭാരതത്തിലെ വിവിധഭാഷകളിലുണ്ടായ മഹത്തായ കൃതികളിൽ ഏററവും മഹത്തായ കൃതിയാണ് "ഓടക്കുഴൽ". 1950ൽ മാതൃഭൂമി പ്രസിദ്ധീകരിച്ച ഈ കൃതി മലയാളസാഹിത്യത്തിൻെറ മഹത്വത്തെ വിളിച്ചോതുന്ന ഒന്നാണ്. എന്നാൽ ഭാരതീയജ്ഞാനപീഠത്തിൻെറ സമ്മാനത്തിന് ഭാരതത്തിലെ ഇതരഭാഷകളിലെ കൃതികളോടൊപ്പം സമപ്പിക്കാൻപററിയ കൃതി മലയാളത്തിലില്ലെന്നുപറഞ്ഞ "കേരളസാഹിത്യ അക്കാഡമി"ക്ക് ചെകിട്ടത്തുകിട്ടിയ അടിയാണ് ഓടക്കുഴലിനുകിട്ടിയ ജനസമ്മതി.

1901ൽ ആലുവാക്കു അടുത്തു നായത്തോട് എന്ന സ്ഥലത്താണ് മഹാകവി 'ജി' ജനിച്ചതു്. ചെറുപ്പത്തിൽത്തന്നെ സംസ്കൃതഭാഷയുമായി സമ്പക്കം പുലർത്തി ഒരു പണ്ഡിതനായിത്തീരാൻ അദ്ദേഹത്തിന് സാധിച്ചു. അദ്ദേഹത്തിൻെറ ഭാഷാ പരിജ്ഞാനം സ്നേഹസമ്പന്നരായ അനേകം ശിഷ്യരെ വാർത്തെടുക്കുന്നതിൽ അദ്ദേഹത്തെ വളരെയധികം സഹായിച്ചിട്ടുണ്ട്. അദ്ദേഹത്തിൻെറ കലാലയജീവിതവും റേഡിയോ നിലയവുമായുള്ള ബന്ധവും അനേകം സുഹൃത്തുക്കളെ വാർത്തെടുക്കുന്നതിന് സഹായിച്ചിട്ടുണ്ട്. 1961ൽ അദ്ദേഹത്തിൻെറ ഷഷ്ടിപൂർത്തി ആഘോഷിക്കുകയുണ്ടായി. ആഘോഷപരിപാടികളെല്ലാംതന്നെ അദ്ദേഹത്തിൻെറ വ്യക്തിത്വത്തെ പ്രകടമാക്കുന്നവയായിരുന്നു.

## ജീയുടെ കവിത – ചില പ്രത്യേകതകൾ

66 തികഞ്ഞ മഹാകവി ജി വളരെയധികം കൃതികൾ രചിച്ചിട്ടുണ്ട്. അഭ്യസ്തവിദ്യരുടെ ഒരു കവിയായിട്ടാണ് അദ്ദേഹം അറിയപ്പെടുന്നതു്. സാധാരണക്കാരെപ്പററി വളരെയധികം പാട്ടുകയും അവരുടെ ക്ലേശങ്ങളെപ്പററി തൻെറ കൃതികളിൽ സവിസ്തരം വർണ്ണിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും അദ്ദേഹത്തിൻെറ കവിത സാധാരണക്കാക്ക് എളുപ്പത്തിൽ ആസ്വാദ്യമല്ല. "എപ്പോഴും സാധാരണക്കാരുടെ പക്ഷത്തുനില്ക്കുകയും തൊഴിലിൻെറ മഹത്വത്തെപ്പററി പ്രകീർത്തിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും ജനകീയകവിയെന്നനിലയിൽ ശങ്കരക്കുറുപ്പ് പ്രസിദ്ധനായിട്ടില്ല." "പ്രസംഗവേദികളിൽ ആലപിക്കാനോ ഘോഷയാത്രകളിൽ ഉദ്ഘോഷിക്കാനോ, അത്രപററാത്തവിധം, ബുദ്ധിപരമാണ്, ചിന്താനിർഭരമാണ് അദ്ദേഹത്തിൻെറ കവിത."

"നിമിഷം," "പഥികൻെറ പാട്ട്," "വിശ്വദർശനം" എന്നിങ്ങനെ വളരെയധികം കൃതികൾ മഹാകവി രചിച്ചിട്ടുണ്ട്. ഒരു മിസ്റ്റിക്കവിയായിട്ടാണ് ജിയെ പലരും കണക്കാക്കുന്നതു്. മിസ്റ്റിസത്തെക്കുറിച്ച് ആധികാരികമായി കവിതയെഴുതിയ ഒരു കവിയെന്നാണ് ചില വിമർശകന്മാർ അദ്ദേഹത്തെപ്പററി അഭിപ്രായപ്പെടുന്നതു്. എന്നാൽ ഒരു സിംബോളിക്കവിയായിട്ടും അദ്ദേഹത്തെ നിരൂപകന്മാർ അവതരിപ്പിച്ചിട്ടുണ്ട്.

ജി പ്രകൃതിയുമായി താദാത്മ്യം പ്രാപിച്ച ഒരു കവിയാണ്. പ്രകൃതിവസ്തുക്കളെ വസ്തുനിഷ്ഠമായി വർണ്ണിക്കാൻ ജി ക്കുള്ള കഴിവ് ഒന്നുവേറെത്തന്നെയാണ്. പ്രകൃതിഭംഗിയിൽ ആവേശംകൊണ്ട കവി, തൻെറ മിക്ക കവിതകളിലും അതപ്പാടെ അവതരിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ട്. വള്ളത്തോൾ പ്രകൃതിയെ സചേതനമായിട്ടാണ് വർണ്ണിക്കുന്നതു്. എന്നാൽ ഓജസ്സുള്ള ഭാഷയിൽ പ്രകൃതിയുടെ മഹത്വത്തേയും ഉത്പത്തിയേയും വർണ്ണിക്കാനാണ് 'ജി' ഒരുമ്പെടുന്നതു്.

ആധുനികയുഗത്തിലെ ചിന്താഗതിക്കനുസരിച്ച കവിതയെഴുതിയ കവിയാണ് ജി. ആററമിക്‌യുഗത്തിൽ, യുക്തിവാദത്തിന്നനുസരിച്ചാണ് മഹാകവി കവിതയെഴുതിയിട്ടുള്ളതു്. സൂര്യനും ഭൂമിയും ചന്ദ്രനുമായുള്ള ബന്ധത്തെ വർണ്ണിക്കുന്ന കവി ശരിക്കും യുക്തിവാദത്തിൻെറ ധീരനായ നേതാവുതന്നെയാണ്. "വിശ്വദർശന"ത്തിലെ 'അമ്മാമൻ ആശീർവ്വദിക്കുന്നു' എന്ന കവിത ഈ യുഗത്തിനു പററിയ കവിത തന്നെയാണ്. വിശ്വത്തിൻെറ മഹിമയെ വാനോളം പുകഴ്ത്തിയ കവി ആ മഹിമ കണ്ട് അന്തം വിട്ടുനിന്നു പോവുകയാണ്.

ഇങ്ങനെ വിവിധ പ്രത്യേകതകളടങ്ങിയ കവിതകളെഴുതിയ ഒരു കവി—ജീ, ഗദ്യസാഹിത്യത്തിലും തൻേറതായ വ്യക്തിമുദ്ര പതിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ അദ്ദേഹത്തിൻെറ കവിതകളെക്കുറിച്ചു ചിന്തിക്കുമ്പോൾ അദ്ദേഹത്തിൻെറ ഗദ്യസാഹിത്യം തുലോം കുറവാണെന്നു് കാണാവുന്നതാണ്.

അടുത്തദിവസം ജ്ഞാനപീഠത്തിൻെറ ഒരു ലക്ഷം ഉറുപ്പികയുടെ സമ്മാനം സ്വീകരിച്ച ജി, ഇപ്പോൾ 'കേരള സാഹിത്യ അക്കാഡമി'യുടെ പ്രസിഡണ്ടു കൂടിയാണ്. അദ്ദേഹത്തിനു സമ്മാനം നല്കിയതിൽ കുണ്ഠിതപ്പെടുന്ന ചിലർ കേരളത്തിലുണ്ട്. എന്നാൽ മലയാള സാഹിത്യത്തിൻെറ മഹിമ ഭാരതീയക്കെല്ലാം മനസ്സിലാക്കിക്കൊടുത്ത ഒരു കവിയെന്ന നിലയിൽ ജി അഭിനന്ദനാർഹനാണ്. ഇങ്ങനെ ഭാരതത്തിൽ വൈകാരികോദ്ഗ്രഥനം സാധിക്കുന്നതിന് മഹാകവിക്ക് തൻെറ "ഓടക്കുഴൽ" എന്ന കൃതിയിലൂടെ സാധിച്ചിട്ടുണ്ട്. ജിക്കു ഭാരതീയരിൽനിന്നു കിട്ടുന്ന അനുമോദനം മഹാകവിയുടെ മഹത്വത്തെ വിളിച്ചോതുന്നു. മഹാനായ മഹാകവിയുടെ ഓടക്കുഴലെന്ന കവിതാസമാഹാരത്തിന് വിശ്വസാഹിത്യമത്സരങ്ങളിൽ വിജയം ലഭിക്കാൻ എല്ലാസാദ്ധ്യതകളുമുണ്ടെന്നതിൽ സംശയമില്ല. കേരളസംസ്കാരത്തിൻെറ മഹിമ മററുള്ളവർക്കു തൻെറ കവിതയിലൂടെ മനസ്സിലാക്കിക്കൊടുത്ത ജി. അഭിനന്ദനാർഹനാണ്. മഹാകവിക്ക് നല്ല കൃതികൾ വിശ്വസാഹിത്യത്തിന് കാഴ്ചവെക്കാൻ ഇനിയും സാധിക്കുമാറാകട്ടെ!

"ക്ഷിതിയിലഹഹ? മർത്ത്യജീവിതം
പ്രതിജനഭിന്ന വിചിത്രമാർഗ്ഗമാം
പ്രതിനവരസമാ, മതോക്കുകിൽ
കൃതികൾ മനുഷ്യകഥാനുഗായികൾ."

— ആശാൻ

ചരിത്രകഥ

# ഹുമയൂണിന്റെ ഭാവശുദ്ധി

(ഇസ്മയിൽ കളത്തിങ്ങൽ, II. P. D. C.)

പ്രശാന്തവും അതിരമണീയവുമായ ഒരു സായാഹ്നം! . . . . . . .

ദില്ലിയിലെ ചക്രവർത്തിയായ ഹുമയൂൺ തലസ്ഥാന നഗരത്തിലെ പ്രധാന പാതയിലൂടെ തന്റെ മനോഹരമായ വെള്ളക്കുതിരപ്പുറത്തു് സവാരി ചെയ്യുകയായിരുന്നു. ഉസ്മാൻഖാൻ മുതലായ വീരശൂരപരാക്രമികളായ വിശ്വസ്ത സേനാനികൾ അകമ്പടിക്കാരായുണ്ടു്. മന്ദമന്ദം ചക്രവർത്തിയും അനുചരന്മാരും പാതയിലൂടെ ഇരുഭാഗങ്ങളിലും നില്ക്കുന്ന ജനങ്ങൾക്കു് അഭിവാദ്യങ്ങളർപ്പിച്ചുകൊണ്ടു് മുന്നോട്ടുപോകുകയാണു്.

സ്ത്രീപുരുഷ ഭേദമെന്യേ ആബാലവൃദ്ധം രാജ്യസ്നേഹികളായ ജനങ്ങൾ, പ്രജാവത്സലനായ തങ്ങളുടെ ചക്രവർത്തിയെ കാണാൻ കാത്തിരിക്കുകയാണു്.

തെരുവീഥിക്കഭിമുഖമായ കെട്ടിടങ്ങളിലേയും, മണിമന്ദിരങ്ങളിലേയും പ്രഭുസദനങ്ങളിലേയും ജാലകപ്പഴുതിലൂടെ ഉൽക്കണ്ഠയോടെ കണ്ണയച്ചു നില്ക്കുന്ന ലലനാമണികളുടെ കോമളവദനം അസ്തമനാർക്കന്റെ ചെങ്കതിരുകൾ തട്ടി വെട്ടിത്തിളങ്ങുന്നുണ്ടായിരുന്നു.

സവാരിമദ്ധ്യേ, യാദൃച്ഛികമായി ചക്രവർത്തിയുടെ നയനങ്ങൾ, സുന്ദരാംഗിയായ ഒരു ഗ്രാമീണകന്യകയുടെ മൃദുല വദനത്തിൽ പതിച്ചു. ദർശനമാത്രയിൽ ചക്രവർത്തിയുടെ ഹൃദയം അവളിൽ ഗാഢമായി ലയിച്ചു.

ചക്രവർത്തിയിൽ തദവസരത്തിലുണ്ടായ ഭാവവിശേഷം, നിപുണനായ ഉസ്മാൻഖാൻ സശ്രദ്ധം വീക്ഷിച്ചിരുന്നു.

അങ്ങിനെ ദില്ലി പാദുഷയായ ഹുമയൂണിന്റെ ഹൃദയം അബലയും, ദരിദ്രയുമായ ഒരു ഗ്രാമീണകന്യകയാൽ അപഹരിക്കപ്പെട്ടു!

* * *

ദിവസങ്ങൾ ചിലതു നീങ്ങി . . . . . . . .

ഹുമയൂൺ ചക്രവർത്തിയുടെ പ്രകാശോജ്ജ്വലമാന വദനത്തിൽ വിഷാദത്തിന്റെ ഒരു വിളച്ചു കരിനിഴൽ വിരിച്ചുനില്ക്കുന്നു! എന്തോ ഒരു ഹൃദയാസ്വാസ്ഥ്യം ചക്രവർത്തിയെ ചിന്താധീനനാക്കിയതുപോലെ കാണപ്പെട്ടു.

കൊട്ടാരത്തിലേയും, രാജകീയ സദസ്സിലേയും പലരെയും ഈ ഭാവഭേദം — ചക്രവർത്തിയിൽ പെട്ടെന്നുള്ള ഈ മാററം — വല്ലാത്തൊരമ്പരപ്പും, സംസാരത്തിന്നു് വകയും സൃഷ്ടിച്ചു.

ഉസ്മാൻഖാനിൽ മാത്രം യാതൊരു പ്രത്യേകതയും കണ്ടില്ല. ചക്രവർത്തിയുടെ മാററത്തിന്നുള്ള മൂലകാരണം ആ സമർത്ഥനായ സേനാനി കണ്ടറിഞ്ഞിരുന്നു.

ഈ സന്ദർഭം വേണ്ടുംവിധം ഉപയോഗപ്പെടുത്തുവാൻ അദ്ദേഹം മനസ്സിൽ പ്ലാനിട്ടു. അതു തനിക്കു് ഒരു ഉയർന്ന പദവി നേടിത്തരുമെന്നും അദ്ദേഹമോർക്കാതിരുന്നില്ല.

എന്നാൽ ഉസ്മാൻഖാന്റെ മുമ്പിൽ ഏററവും വിഷമകരമായ ഒരു കാര്യമായിരുന്നു ഉണ്ടായിരുന്നതു്. എങ്കിലും അദ്ദേഹം അധീരനായില്ല.

മാനിനിമാരുടെ മാനം സംരക്ഷിക്കാൻ ജീവൻ ബലികഴിക്കാൻപോലും പേടിക്കാത്ത രജപുത്രവംശത്തിലെ ഒരു ബാലികയാണവൾ. എങ്കിലും, ഉസ്മാൻഖാൻ നിരാശപ്പെട്ടില്ല. അയാളുടെ പരിശ്രമം അവസാനം വിജയിച്ചു!

* * *

നിലാവു് പരന്നൊഴുകുന്നരാത്രി . . . . .

ഹുമയൂൺ ചക്രവർത്തി ശയ്യാഗൃഹത്തിലെ കനകക്കട്ടിലിൽ വലംകൈകുത്തി സന്തപ്തമായ തന്റെ ലലാടത്തെ താങ്ങികൊണ്ടു് കിടക്കുകയാണു്. ഉസ്മാൻഖാൻ അകത്തു പ്രവേശിച്ചു; ഒരു വിജയഭാവം ആ മുഖത്തുണ്ടു്. പഞ്ജരബദ്ധയായ പൈങ്കിളിയ്ക്കു സാദൃശയായ പെൺകിടാവോടുകൂടി ആഗതനായി!! അയാൾ സലാംചെയ്തു. “പ്രഭോ! അവിടത്തെ ഹൃദയാസ്വാസ്ഥ്യം ഇതുകൊണ്ടു് തീർന്നെങ്കിൽ ഉസ്മാൻഖാൻ തൃപ്തനായി.” ആ പെൺകൊടിയെ ചൂണ്ടിക്കൊണ്ടു് ഉസ്മാൻഖാൻ പറഞ്ഞു. മൂടുപടം ഭേദിച്ചു് പുറത്തേയ്ക്കു് ഒഴുകുന്ന സൗന്ദര്യധാരയിൽ ചക്രവർത്തിയുടെ സന്തപ്തഹൃദയം കുളിർത്തു; ത്രസിച്ചു. ചക്രവർത്തിയുടെ അരുണവർണ്ണം പൂണ്ട അധരങ്ങളിൽ ഒരു ചെറുമന്ദഹാസത്തിന്റെ മനോഹരമായ ധവളിമ കളിയാടി. അദ്ദേഹം സന്തോഷപൂർവ്വം ചോദിച്ചു.

“ദേവീ കാൽത്താരുകളാൽ ഈ അരമനയെ അലങ്കരിച്ചതിനാൽ ഈയുള്ളവന്റെ ഭാര്യാപദം സ്വീകരിക്കുന്നതു് ഭവതിക്കു് സമ്മതമാണെന്നു് ഞാൻ വിചാരിക്കട്ടെയോ?”

ചക്രവർത്തിയുടെ ഈ ചോദ്യം കേട്ടു് ആലിലപോലെ വിറക്കുന്ന ആ പാവം തൊണ്ടയിടറിക്കൊണ്ടു് പറഞ്ഞു:

“പ്രഭോ! അടിയന്റെ അപരാധം പൊറുക്കണം. ഇവൾ വിവാഹിതയാണു്.”

ഇതു് കേട്ടമാത്രയിൽ ചക്രവർത്തിയുടെ ഹൃദയം തുടിച്ചു. കോപത്തിന്റേയും നിരാശയുടേയും നിഴൽപ്പാടുകൾ ആ മുഖത്തു് ദൃശ്യമായി. ഉസ്മാൻഖാൻ ഉപജാപത്താൽ ആ പാവത്തെ കുടുക്കിയതാണെന്ന ബോധം ചക്രവർത്തിയുടെ ഹൃദയത്തിലൂടെ മിന്നൽപിണർപോലെ പാഞ്ഞുപോയി. വെടിയേററ കണ്ഠീരവനെപോലെ അവിടന്നു ചാടി എഴുന്നേററു. ഒരു നിമിഷം മുമ്പു് ശൃംഗാരരസം വഴിഞ്ഞൊഴുകിയിരുന്ന അവിടത്തെ മിഴികളിൽ തീപ്പൊരി ചിതറി. കനകവർണ്ണം പൂണ്ട മുഖം കോപത്താൽ ചെങ്കനൽപോലെ തുടുത്തു. ഉടൻ ഉടവാൾ ഉറയിൽനിന്നു് പുറത്തെടുത്തു. നിശബ്ദത! ഒരു നിമിഷം തെററിയാൽ മതിയായിരുന്നു ഉസ്മാൻഖാന്റെ ഉടലും തലയും വേർപെടാൻ. അപ്പോഴേക്കും സുന്ദരിയായ ആ സതി രണ്ടുപേരുടേയും ഇടയിൽ ചാടിവീണു.


“പ്രഭോ! ഇയാളുടെ അപരാധം അതികഠിനമാണു്. എങ്കിലും കരുണാശാലിയും പ്രജാവൽസലനുമായ അവിടന്നു് ഇതു് പൊറുക്കമാറാകണം!” എന്നപേക്ഷിച്ചു.

ആ സതീരത്നത്തിന്റെ മഹാമനസ്കതയും ഹൃദയനൈർമ്മല്യവും ചക്രവർത്തിയെ അൽഭുതപരതന്ത്രനാക്കി. അവളുടെ വാക്കുകളിൽ നിറഞ്ഞു വഴിഞ്ഞിരുന്ന കാരുണ്യാമൃതം ചക്രവർത്തിയുടെ കോപാഗ്നിയെ കെടുത്തി. ഉടവാൾ ഉറയിൽ തന്നെ വീണു. ആ ലലനാമണിയുടെ പാതിവ്രത്യത്തേയും ഭാവശുദ്ധിയേയും പോലെ അനവദ്യകാന്തി ചിതറുന്ന തന്റെ മുത്തുമാലയെടുത്തു് പിതാവു് പുത്രിയുടെ കഴുത്തിലെന്നപോലെ ആ വധൂടിയുടെ കഴുത്തിലിട്ടു. താമസിയാതെ തന്നെ ചക്രവർത്തി ആ സ്ത്രീരത്നത്തെ തന്റെ പള്ളിപ്പല്ലക്കിൽ കയററി താൻ തന്നെ അകമ്പടി സേവിച്ചുകൊണ്ടു സ്വഗൃഹത്തിൽ കൊണ്ടുപോയാക്കി.

അപ്പോൾ . . . . ചന്ദ്രികാധവളിമ പൂണ്ട ആ രാവിൽ, പൂനിലാവിൽ മുങ്ങിക്കുളിച്ചിരുന്ന ലോകം ഹുമയൂൺ ചക്രവർത്തിയുടെ നിർമ്മലകീർത്തിയാൽ ഒന്നുകൂടി മിന്നി പ്രകാശിച്ചു!

“ഭാഷാപൂത്തും വികാരം തളിർത്തും
ഭാവനയ്ക്കുപുളകം കിളിർത്തും
ചോരയിൽ ചേർന്നലിഞ്ഞുപോം ഗാന_
ധാരകളേ, ജയ ജയ നിങ്ങൾ ?”

— ചങ്ങമ്പുഴ.





Senior Pre-Degree S5




Senior M. Sc. (Mathematics)




Final B. Sc. (Chemistry)







Final B. Com.




Final B. A. ( Economics )




Final B. Sc. Zoology





താമരപ്പൊയ്കയിൽ കണ്ണാടി നോക്കുന്ന
താരങ്ങളെന്തേ? നാണിച്ചുനിൽക്കുവാൻ....!

*A retired Australian diplomat: "I have a sheep farm, but I don't know how many sheep I've got because when I start to count them I fall asleep!"*

*A woman, generally speaking, is generally speaking.*





*Malayalam Section*

# വിഷയവിവരം


| | | | | |
|---|---|---|---|---|
| 1. | പുരോഗതി | ...... | സ്നേഹപ്രഭ എം. കെ., II P. D. C. | 1 |
| 2. | ജി. — നമ്മുടെ ദേശീയകവി | ...... | കെ. ഉണ്ണീൻകുട്ടി, III B. A. | 2 |
| 3. | പാവം ഗോപിയേട്ടൻ! (ചെറുകഥ) | ...... | നമ്പൂട്ടി, കിളിനക്കോട്ട്, I P. D. C. | 4 |
| 4. | ചെമ്മീൻ — സ്വർണ്ണമെഡൽ നേടിയ ആദ്യത്തെ മലയാളചിത്രം | ...... | കെ. കോയാമു, II P. D. C. | 6 |
| 5. | ഭാരതത്തിന്റെ അപേക്ഷ | ...... | കെ. എം. എൻ. നമ്പൂതിരി | 7 |
| 6. | ഡോ: എച്ച്. ജെ. ഭാഭ | ...... | കെ. അറുമുഖൻ, II B. Sc. | 9 |
| 7. | ദേശീയബോധം | ...... | എ. ചന്ദ്രദാസ്, II B. A. | 11 |
| 8. | വിധി (ചെറുകഥ) | ...... | കമലം എൻ. സി., I B. Sc. | 13 |
| 9. | ആ എളിയ മനുഷ്യൻ | ...... | സുന്ദരൻ എം., I P. D. C. | 18 |
| 10. | അസ്തമനം | ...... | എം. പി. തുഞ്ഞണ്ണി, II B. A. | 19 |
| 11. | അനാർക്കലി — ഒരു കെട്ടുകഥയോ? | ...... | എ. എം. അബ്ദുൽ ഹമീദ്, I B. A. | 20 |
| 12. | നീതിിഷ്ഠനായ ഒരു ഭരണാധികാരി | ...... | പി. പി. ഉമർ ഫാറൂഖ്, II P. D. C. | 22 |
| 13. | ഭാരതപതാകേ, അഭിവാദ്യങ്ങൾ | ...... | പി. മുഹമ്മദാലി, II P. D. C. | 24 |
| 14. | ഹുമയൂണിന്റെ ഭാവശുദ്ധി | ...... | ഇസ്മയിൽ കളത്തിങ്ങൽ, II P. D. C. | 26 |
| 15. | പതിവായി വായിക്കാറുണ്ടോ? | ...... | കെ. അബ്ദുള്ള, III B. Sc. | 28 |
| 16. | ഏണെസ്റ്റ് ഹെമിങ്ങ്‌വെ | ...... | പി. കെ. ഹസ്സൻകോയ, III B. Com. | 31 |
| 17. | "മാക്ബലിസ്റ്റ്" (ചെറുകഥ) | ...... | എ. മുഹമ്മദ്, III B. A. | 33 |
| 18. | അറുപതു തികഞ്ഞ റിയലിസ്റ്റ് കവി | ...... | കെ. വി. ജി. നമ്പ്യാർ, B. Sc., III | 35 |
| 19. | യുനെസ്കോവും ഇന്ത്യയും | ...... | പി. എ. കുഞ്ഞവറാൻ, ചേറൂർ, II P. D. C. | 37 |


Malayalam Section

ചെറുകഥ

# "മാക്കലിസ്റ്റ്"

(എ. മുഹമ്മദ്, III B. A.)

ചിട്ടയില്ലാതെ ചിതറിക്കിടന്നിരുന്ന പുസ്തകങ്ങൾക്കിടയിൽ പല്ലിളിച്ചു കൊഞ്ഞനം കാട്ടുന്ന ആ അരപ്പായക്കടലാസിലാണ് പെട്ടെന്ന് ദൃഷ്ടി പതിഞ്ഞത്. ചീഞ്ഞളിഞ്ഞു അംഗഭംഗംവന്ന ഒരു ശവത്തിലേക്കു നോക്കുന്നതിലും വെറുപ്പുണ്ട് ആ കടലാസുകഷ്ണത്തിലേക്കുനോക്കാൻ.

അപമാനത്തിൻേറയും നിരാശയുടേയും ആകെത്തുകയാണ് ആ കടലാസുതുണ്ട്. പൈശാചികരൂപംപൂണ്ട് തുറിച്ചുനോക്കുന്ന ഓരോ അക്ഷരങ്ങളും ഹൃദയത്തിലെന്തുമാത്രം ഞെട്ടലുകളേല്പിച്ചുവെന്നോ . . . . . ?

മണ്ണടിഞ്ഞുകിടന്നിരുന്ന ആ കുഴിമാടം തുറക്കേണ്ടതില്ലായിരുന്നു. കുഴിമാടത്തിൽനിന്നുയരുന്ന ദുർഗ്ഗന്ധത്തോടൊപ്പം മറവിയുടെ മാറാലകൾ അടിമപ്പെട്ടുകിടന്നിരുന്ന ആയിരമായിരം പൊള്ളുന്ന ചിന്തകളും ഹൃദയത്തിലേക്കു തള്ളിക്കയറുകയാണ്.

കോളേജ് ഫൈൻ ആർട്സ് അസോസ്യേഷൻെറ ഉൽഘാടനത്തിനെത്തുന്ന പ്രസിദ്ധ തെന്നിന്ത്യൻ സിനിമാതാരം ശിവാജിഗണേശനെ സ്വീകരിക്കാൻ അണിഞ്ഞൊരുങ്ങിനില്ക്കുന്ന കോളേജ് ആഡിറേറാറിയം. "ചെമ്മീനിലെ" ഈരടികൾ ക്കൊത്തതാളംപിടിക്കുന്ന ആഹ്ലാദലഹരിപൂണ്ട വിദ്യാർത്ഥികൾ. ഗ്യാലറിയിലാണു കൂടുതൽ തിരക്ക്—അവിടെനിന്നാണ് "ആരോ"കളുടെ പ്രവാഹം. "ബോറടിയും" "വെറുപ്പിക്കലു"മാണ് "ആരോ" പ്രസ്ഥാനത്തിനു നേതൃത്വംനല്കുന്നത്. നിമിഷങ്ങളോളം നീണ്ടുനിന്ന ഹർഷാരവം! ഓടിയോടി മറയുന്ന നിമിഷങ്ങൾ!

സിനിമാതാരത്തെയും പ്രതീക്ഷിച്ചു കാലേക്കൂട്ടി മേശപ്പുറത്തു സ്ഥലംപിടിച്ചിരുന്ന പൂച്ചെണ്ടുകൾ വാടിത്തുടങ്ങി. ലോവസ്റ്റും പാൻസും ടീ ഷർട്ടും ധരിച്ച അസോസ്യേഷൻ സിക്രട്ടരി ഇടക്കിടെ സ്റ്റേജിലേക്കു എത്തിനോക്കും.

പിന്നെ ആർപ്പുവിളിയായി . . . . .

റഹീമാണ് തോണ്ടിവിളിച്ചത്.

"അറിഞ്ഞോ" ?

"എന്ത്?"

"റിസൾട്ട്"!!

പെട്ടെന്നു ഹൃദയത്തിലൊരു വെള്ളിടിപൊട്ടി.

"നവർമൈൻറ്. അടുത്ത സപ്തമ്പറിൽ നോക്കാം."

"കളവുപറയുകയാണോ റഹിം."

"ഹെ ഒരിക്കലുമല്ല. തല്ലിപ്പൊളി ജനറൽ എജുക്കേഷൻ ലക്കിന്ന് പെരച്ചുനടിച്ചു. ഇംഗ്ലീഷിൽ ശ്രീകുമാറൊഴിച്ചു എല്ലാവരും പൊട്ടി."

ശരീരം അടിമുടി വിറച്ചുപോയി. കണ്ണിൽ അന്ധകാരം അടിഞ്ഞുകൂടി. ശ്വാസോച്ഛ്വാസം നിലക്കുകയാണോ എന്നുതോന്നി. ഇരുന്ന ഇരുപ്പിൽ ഡസ്കിലേക്കു കമിഴ്ന്നുവീണു. ദേഹം മുഴുവൻ വിയപ്പിൽ മുങ്ങിയിരിക്കയാണ്.

ഉറക്കെ കരയണമെന്നുതോന്നി. ആഡിറേറാറിയത്തിലാണ്. അടുത്തറോയിൽ നിറയെ പെൺകുട്ടികളാണ് — കരഞ്ഞില്ല.

ആയിരമായിരം ചൂടുള്ള ചിന്തകൾ ഹൃദയത്തെ കടന്നാക്രമിക്കുകയാണ്. എന്തെല്ലാം പ്രതീക്ഷകളായിരുന്നു—സപ്തമ്പറിൽ അടിച്ചെടുക്കാമെന്ന് അച്ഛനു ഗ്യാരണ്ടികൊടുത്തതാണ്.

സപ്തമ്പർ പരീക്ഷക്കിരുന്ന നൂറുകണക്കിൽ നിർഭാഗ്യന്മാരുടെ നിസ്സഹായത നിഴലിക്കുന്ന മുഖങ്ങൾ! പകുതിയിലധികവും താടിവളർത്തിയവരാണ്. എട്ടും പത്തും "എം. എസ്. എ"ന്മിലൂടെ കടന്നുവന്ന ജീവിതത്തിലാശയററ ചെറുപ്പക്കാർ. ഓൾനൈററുകൾ തരണംചെയ്തു ശരീരത്തിന്നും ഹൃദയത്തിന്നും സാരമായി മുറിവേററ ബുദ്ധിജീവികൾ. ആശക്കുവകയില്ലെന്നു പരിപൂർണ്ണബോദ്ധ്യം വന്നശേഷവും ലക്കിന്നു തടഞ്ഞാൽ പേരിനോടൊപ്പം ഡിഗ്രിഎഴുതുന്ന സ്വപ്ര

ഭാതവും പ്രതീക്ഷിച്ചു കാത്തിരിക്കുന്ന "ജോലിക്കാർ". ആക്കും വിജയിക്കുമെന്നു പറയാൻ ധൈര്യംപോരാ. ഗ്രാമർടെസ്റ്റു് മുഴവൻ കരണ്ടിയിട്ടും "കരക്ഷൻ" കിട്ടാത്തതിലുള്ള കംപ്ലയിൻറാണു് പലക്കും.

മുഴവൻ ദൈവത്തിലപ്പിച്ചു പരീക്ഷാഹാൾ വിട്ടിറങ്ങി. സെക്കൻറ് ചാൻസിൽ കിട്ടാതിരിക്കില്ല...... മാച്ചിൽ ഇംഗ്ലീഷ് കിട്ടാത്ത വിവരം നാട്ടിലും വീട്ടിലും ആരെയുമറിയിച്ചില്ല.

അമ്മ പലപ്പോഴും ആകാംക്ഷയോടെ ചോദിക്കും: " എന്നാമകനെ കുഞ്ഞിന്നു ഉദ്യോഗം കിട്ടുക....?" അതു കേൾക്കുമ്പോൾ നെഞ്ചുരുകാൻ തുടങ്ങും. സപ്തംബർ പരീക്ഷയുടെ ഞെട്ടിക്കുന്ന ഓമ്മയാണു് തലച്ചോറിലേക്കോടിവരിക.

കുറെനേരം നിശ്ശബ്ദമായിനിന്നശേഷം പറയും "അടുത്തവഷം കിട്ടുമമ്മേ....."

എന്തെല്ലാം പ്രതീക്ഷകളായിരിക്കും ആ മാതാവിൻെറ മനസ്സിൽ !! സഹോദരി കണ്ടാലുടനെ തട്ടിമൂളിക്കയായി — "ഡാക്കടറായാൽ ഞങ്ങളെയൊന്നും മറക്കരുതു ഇക്കാ."

എം. എസ്. മേനോൻെറ മകൻ എം. ബി. ബി. എസ് പാസായി ഗവമ്മെണ്ടുഹോസ്പിററലിൽ പ്രാക്ടീസുചെയ്യുന്നതു മനസ്സിൽ കണ്ടുകൊണ്ടാണു് ആ അഭിപ്രായപ്രകടനം.

ഒന്നു പുഞ്ചിരിക്കുകമാത്രം ചെയ്യും.

നാട്ടുകാർക്കു കോളേജിൽ ചേന്നശേഷം എന്തൊരു സ്നേഹവും ബഹുമാനവുമാണെന്നോ ! "നല്ലമിടുക്കൻ കുട്ടിയാണു് റഹീം". ഇതാണു പൊതുവെ അഭിപ്രായം.

എസ്. എസ്. എൽ. സി. എങ്ങിനെയോ കടന്നുചാടിയതാണു്. പ്രീ യൂനിവേഴ്സിററി പാസായെങ്കിലും മാക്കു വളരെകുറവായിരുന്നു.

ടീച്ചേഴ്സ് ട്രൈയിനിങ്ങിനു പോകണമെന്നായിരുന്നു ആഗ്രഹം...... കോളേജുജീവിതത്തെപ്പററി സ്വപ്നംകാണാൻകൂടി അഹനായിരുന്നില്ല. പെൻഷൻപററാറായ ഒരു പോസ്ററുമേൻെറ മകൻ പ്രഭുകുമാരന്മാക്കു യോജിച്ച കോളേജ് ജീവിതത്തെപ്പററി ചിന്തിച്ചില്ലെങ്കിൽ... അതു സാധാരണമാണു്.

എന്നിട്ടു നിഭാഗ്യത്തിന്നു കോളേജിൽ കയറിക്കൂടി. ഫസ്റ്റു് ഇയർ ഓട്ടോമാററിക്കായി പാസായി. സെക്കൻറിയറിൽ ഇംഗ്ലിഷിൽ പൊട്ടി ആ രഹസ്യം ആരെയുമറിയിച്ചില്ല. അച്ഛനോടുമാത്രം തുറന്നു പറഞ്ഞു.

നാട്ടുകാർക്കിടയിൽ "എല്ലാവഷവും വിജയിക്കുന്ന സമത്ഥൻ". ഹാ ! ദൈവമെ എന്താണിതെല്ലാം ഒരു ദുസ്വപ്നമാണോ? പെട്ടെന്നാണു് തല ഉയത്തിയതു്.

സിനിമാതാരം ശിവാജിഗണേശൻ ഒഴുക്കുള്ള ഭാഷയിൽ പ്രസംഗംതുടരുകയാണു്. പരിസരം പറെറമറന്നിരുന്നു. ഹൃദയത്തിലെ ഇടിമിന്നലുകൾ ശാന്തമാവുന്നമട്ടില്ല. സീററിൽനിന്നെഴുന്നേററു പുറത്തേക്കോടണമെന്നുതോന്നി — ഓടിയില്ല — അബോധാവസ്ഥയിൽ കുറെനിമിഷങ്ങൾകൂടി പൊറുപ്പിച്ചു.

ഹാ! .... ആ ദുഷിച്ച നിമിഷങ്ങളെക്കുറിച്ചു ചിന്തിക്കരുതെന്നു മന:പൂവ്വം കരുതിയതാണു്.

ദിവസങ്ങൾ പലതുകഴിഞ്ഞു.

റിസൾട്ടറിഞ്ഞശേഷം പഠിപ്പുനിത്തി എങ്ങോട്ടെങ്കിലും തിരിച്ചാലോ എന്നു പലപ്പോഴും തോന്നിയതാണു്.

ഉടനെ കൺമുന്നിലോടിയെത്തുക പെൻഷൻ പററാറായ പിതാവിൻെറയും വാത്സല്യംനിറഞ്ഞ രോഗിയായ അമ്മയുടെയും മുഖങ്ങളാണു്.

ഇല്ല..... എവിടെക്കുമില്ല..... വാദ്ധക്യത്തിലേക്കു കാലെടുത്തുവെച്ച ആ സ്നേഹനിധികളെ തീരാദു:ഖത്തിലാഴ്ത്തി നാടുവിട്ടോടുക ഒരു മകന്നു് മാതാപിതാക്കളോടു ചെയ്യാവുന്ന ഏററവും വലിയവഞ്ചനയാണു് — ക്രൂരമായവിനോദം!

ഫൈനൽ ഇയർ പരീക്ഷയുംകഴിഞ്ഞു. ഒരു നിമിഷത്തേക്കെങ്കിലും എല്ലാം മറന്നു നാട്ടിലേക്കു തിരിക്കാമെന്നു കരുതിയതാണു് —

മാക്കുലിസ്റ്റു് മറവുചെയ്ത ഈ പെട്ടി തുറക്കേണ്ടതില്ലായിരുന്നു.

ഹാ !... ഹൃദയം വീണ്ടുംപുകയാൻ തുടങ്ങുകയാണു്. അന്ധകാരംനിറഞ്ഞ ഭാവിജീവിതത്തിലെ ഞെട്ടിക്കുന്ന ചിത്രങ്ങൾ മനോമുകുരത്തിലൂടെ വീണ്ടും ഇഴയാൻതുടങ്ങുകയാണു്.

ഹാ !........

# നീതിഷ്ഠനായ ഒരു ഭരണാധികാരി

പി. പി. ഉമർഫാറൂഖ്, II പി. ഡി. സി.

1400 കൊല്ലങ്ങൾക്കുമുമ്പ് ചേരിപ്പോരും പോരാട്ടവുംകൊണ്ട് അറേബ്യൻ മണലാരണ്യത്തിലെ വിശാലമായ പൂഴിപ്പരപ്പിലൂടെ മനുഷ്യരക്തം നിറഞ്ഞു പതഞ്ഞൊഴുകിയകാലം! ചരിത്രം "തമോയുഗ"മെന്നും, "ജാഹിലിയ്യാ" കാലമെന്നും, അജ്ഞതയുടെകാലമെന്നും വിശേഷിപ്പിച്ചിരുന്ന ആ കാലഘട്ടത്തിൽ എഴുത്തും വായനയും അറിയാവുന്ന ചുരുക്കംചിലർ മെക്കയിൽ ജീവിച്ചിരിപ്പുണ്ടായിരുന്നു. അവരിൽ ഒരാളാണ് പിൽകാലത്ത് ലോകത്തെ മുഴുവൻ അമ്പരിപ്പിച്ച, ലോകചരിത്രത്തിന്റെ തങ്കത്താളുകളിലെ മിന്നിത്തിളങ്ങുന്ന നക്ഷത്രമായ, മഹാനായ ഉമർഫാറൂഖ്. ഇസ്ലാമിലെ രണ്ടാമത്തെ ഖലീഫയായിരുന്ന അദ്ദേഹം ചെറുപ്പത്തിൽത്തന്നെ ഒരു നല്ല പടയാളിയും, ഗുസ്തിക്കാരനും, പ്രാസംഗികനുമായിരുന്നു. ഇസ്ലാംമതം സ്വീകരിച്ചശേഷമാണ് തികഞ്ഞ നീതിനിഷ്ഠയുടെ അംഗീകാരമായ 'ഫാറൂഖ്' എന്ന അപരനാമം അദ്ദേഹത്തിന്ന് ലഭിച്ചതെങ്കിലും, അതിന്നു മുമ്പ്തന്നെ അദ്ദേഹം സമുദായത്തിൽ ഗണ്യമായൊരുസ്ഥാനം കരസ്ഥമാക്കിയിരുന്നു. ഭരണകൂടത്തെപ്പററിയും, ഭരണഘടനയെപ്പററിയും അജ്ഞാതമായിരുന്ന ഒരു രാജ്യത്തിലാണ് ഉമർ ജനിച്ചതു്. ഒരു രാജ്യഭരണത്തെപ്പററി ഒരിക്കലും ചിന്തിക്കാൻ അവസരം ലഭിക്കാത്ത നിലയിൽ, യൗവ്വനപ്രായത്തിൽ പൊള്ളുന്നമണലാരണ്യങ്ങളിൽ ഒട്ടകത്തെമേച്ചുനടന്ന ഇദ്ദേഹമാണ് പിൽകാലത്ത് വിസ്മയകരമായനിലയിൽ അടിമുടിചിട്ടപ്പെടുത്തിയ പരമാധികാരമുള്ള ഒരു "ജനാധിപത്യ – സോഷ്യലിസ്റ്റ്" ഭരണക്രമം സ്ഥാപിച്ചതു്. ഒരിക്കലെല്ലെങ്കിൽ മറെറാരിക്കൽ നീതിയുടെയോ, മനുഷ്യത്വത്തിന്റെയൊ അതിർവരമ്പുകൾ ലംഘിക്കാത്ത ഒരൊററ ഭരണാധികാരിയും ലോകചരിത്രത്തിലില്ല. എന്നാൽ ഉമർ ഫാറൂഖിനെപ്പററിയുള്ള മുഴുവൻ രേഖകളും പരിശോധിച്ചാലും, അനീതിയുടെയോ, അക്രമത്തിന്റെയൊ, മർദ്ദനത്തിന്റെയോ ചെറിയൊരു ദൃഷ്ടാന്തംപോലും കാണാൻ സാധിക്കുകയില്ല.

തികച്ചും നാടകീയമായ നിലയിലാണ് ഉമർ ഇസ്ലാംമതം സ്വീകരിച്ചതു്. പുതുതായൊരു മതം പ്രചരിപ്പിക്കുന്നുവെന്ന കാരണത്താൽ മുഹമ്മദ് നബി (സ:അ:) യോടു് അദ്ദേഹത്തിന്ന് വിരോധമുണ്ടായിരുന്നു. എന്നാൽ, എത്ര ക്രൂരമായ ഹൃദയത്തെയും ശാന്തമാക്കാൻ കെല്പുള്ള "പരിശുദ്ധ ഖുർആൻ" തന്റെ സഹോദരി പാരായണം ചെയ്യുന്നതു് കേട്ടപ്പോഴാണ് ഉമറിന്നു് സത്യത്തിൽ വിശ്വാസം ജനിച്ചതും, ഇസ്ലാംമതം സ്വീകരിച്ചതും. ഉമർഫാറൂഖ് (റ) ഇസ്ലാംമതം സ്വീകരിച്ചതോടെ മുസ്ലിംകളുടെശക്തി ഗണ്യമായനിലയിൽ വർദ്ധിച്ചുവന്നു. തനിയ്ക്കു ജനമദ്ധ്യത്തിൽ പ്രത്യേക സ്ഥാനം അദ്ദേഹം ആഗ്രഹിച്ചിരുന്നില്ല. പള്ളികളിലും, സുപ്രധാനസദസ്സുകളിലും അദ്ദേഹം ഒഴിവുള്ളേടത്തിരുന്നു.

നബിയുടെ മരണശേഷം ഒന്നാമത്തെ ഖലീഫയായ ഹസ്രത്ത് അബൂബക്കർ സിദ്ധീഖ് എന്തു കാര്യം ചെയ്യുമ്പോഴും ഉമർഫാറൂഖിന്റെ അഭിപ്രായം അന്വേഷിച്ചിരുന്നു. 'പരിശുദ്ധ ഖുർആൻ' ഒരു ഗ്രന്ഥരൂപത്തിൽ ക്രോഡീകരിക്കണമെന്ന് ആദ്യമായി അഭിപ്രായപ്പെട്ടതു് ഉമറായിരുന്നു. അബൂബക്കർ സിദ്ധീഖ് എഴുതിവെച്ച ഒസിയ്യത്തിൽ തന്റെ മരണശേഷം ഉമറിനെ ഖലീഫയാക്കണമെന്ന് പറഞ്ഞതനുസരിച്ച്, സിദ്ധീഖിന്റെ കാലശേഷം ഫാറൂഖ് രണ്ടാം ഖലീഫയായി അധികാരമേറെറടുത്തു. ആത്മരക്ഷാർത്ഥം മുപ്പതിനായിരത്തിൽപ്പരം പട്ടാളക്കാരുടെ അകമ്പടിയോടെ അലക്സാണ്ടറും, തീമൂറും സഞ്ചരിച്ചപ്പോൾ ഭയബഹുമാനങ്ങളോടെ വീക്ഷിക്കപ്പെട്ടിരുന്നിരിക്കാം. എന്നാൽ അകമ്പടിക്കാരനോ, വിദൂഷകനോ ഇല്ലാതെ എല്ലായാത്രകളും ചെയ്ത സാധാരണക്കാരനായ ഈ ഖലീഫയ്ക്കു, പേർഷ്യായും, അറേബ്യയും ഉൾപ്പെടെ താൻ കാലുകുത്തിയ എല്ലാസ്ഥലങ്ങളേയും കിടിലം കൊള്ളിക്കുവാൻ സാധിച്ചു. ഉമർ ഭരണം നടത്തുമ്പോൾ ജനഹിതം അറിയാനായി പ്രത്യേകം ഉദ്യോഗസ്ഥന്മാരുണ്ടായിരുന്നു. വളരെ എളിയജീവിതമാണ് അദ്ദേഹം നയിച്ചിരുന്നതു്. പലപ്പോഴും വെറുംനിലത്ത് കിടന്നുറങ്ങിയ അദ്ദേഹം തുന്നിക്കൂട്ടിയ വസ്ത്രങ്ങളാണ് ധരിച്ചിരുന്നതു്. ഒരിക്കൽ മദീന സന്ദർശിച്ച ഒരു പേഷ്യൻപ്രഭു, അവിടെ ഒരു മരച്ചുവട്ടിൽ വെറുംനിലത്തു കിടന്നുറങ്ങുകയായിരുന്ന ഖലീഫയെക്കണ്ടു് അത്ഭുതപ്പെട്ടുപോയി. അറേബ്യയിൽ ക്ഷാമം പിടിപെട്ടപ്പോൾ ഖലീഫ സ്വന്തം ചുമലിൽ ചുമന്നാണ് ജനങ്ങൾക്ക് ആഹാരപദാർത്ഥങ്ങൾ എത്തിച്ചുകൊടുത്തതു്. മഹാനായ ഷാവലിയുല്ലയുടെ വാക്കുകളിൽ പറഞ്ഞാൽ, ഉമറിന്റെ ഹൃദയത്തെ അനേകം കവാടങ്ങളുള്ള ഒരു വീടായി വിഭാവനംചെയ്യാവുന്നതാണ്. ഓരോ കവാടത്തിലും ഓരോ പ്രതിഭാശാലി ആസനസ്ഥനായിരിക്കുന്നു. ഒന്നിൽ ലോകജേതാവായ അലക്സാണ്ടറാണെങ്കിൽ, മറെറതിൽ തത്വചിന്തകനായ അരിസ്റ്റോട്ടിൽ ആയിരിക്കും. വേറൊന്നിൽ സമാധാനപ്രിയനായ കെന്നഡിയോ, സാഹിത്യശിരോമണിയായ ഷേക്സ്പിയറോ ആയിരിക്കും. ഉമർഫാറൂഖിനെപ്പോലെ ജീവിതത്തിന്റെ വിവിധരംഗങ്ങളിൽ ഒരുപോലെ പ്രശോഭിച്ച ഒരേയൊരു വ്യക്തി അദ്ദേഹം മാത്രമായിരുന്നുവെന്ന് പറഞ്ഞാൽ അതിൽ തെററുണ്ടാകുമെന്ന് തോന്നുന്നില്ല. അദ്ദേഹത്തിന്റെ ചരിത്രം പരിശോധിച്ചുനോക്കിയാൽ അദ്ദേഹം ഒരേസമയത്ത് അലക്സാണ്ടറും, ഷേക്സ്പിയറും, തിമൂറും, അരിസ്റ്റോട്ടിലും, ആധുനികയുഗത്തിലെ കെന്നഡിയും, റസ്സലും, ഐൻസ്റ്റയിനും എല്ലാമായിരുന്നുവെന്ന് കാണാം.

ലോകസമാധാനത്തിന്നു വളരെയേറെ സഹായകമായ ഒന്നാണ് അദ്ദേഹത്തിന്റെ ജനായത്ത ഭരണസിദ്ധാന്തം. അദ്ദേഹത്തിന്റെ ഭരണസിദ്ധാന്തത്തിൽ ജനനായകനായ ഖലീഫ, ജനദാസനാണ്. ഇന്നു്, ജനാധിപത്യത്തിന്റെ അവതാരമെന്നു് പറയുന്ന ജവഹർലാൽ നെഹറുവിന്റെ സന്തതസഹചാരികൾ ഭരിക്കുന്ന ഇന്നാട്ടിൽ നിന്നുകൊണ്ടു് ഇവിടത്തെ ഭരണകൂടത്തിന്നെതിരിൽ ശബ്ദിക്കാൻ ജനങ്ങൾക്കു ചിലപ്പോൾ ഭയപ്പെടേണ്ടിവരാറുണ്ടെങ്കിൽ, ലോകത്തെ മുഴുവൻ അമ്പരപ്പിച്ച ഖലീഫാ ഉമർഫാറൂഖിനെപ്പോലെയുള്ള മഹാപുരുഷന്മാരെപ്പോലും ചോദ്യം ചെയ്യാൻ അന്നു് സാധാരണ സ്ത്രീകൾക്കുടി ധൈര്യപ്പെട്ടിരുന്നു. പൊതുഖജാനയായ "ബൈത്തുൽമാലിൽ" നിന്നു് വിതരണം ചെയ്തതിലധികം തുണികൊണ്ടു് ഒരു കുപ്പായം മുറിച്ചണിഞ്ഞ ഉമറിനെ ചോദ്യം ചെയ്തതു് ഒരു സാധാരണ സ്ത്രീയായിരുന്നു. തന്റെ മകന്റെ ഓഹരികൂടികൂട്ടിയാണ് താനാകുപ്പായം തുന്നിച്ചതെന്നു ബോദ്ധ്യപ്പെടുത്തിയ ശേഷമല്ലാതെ ഖലീഫയ്ക്കു, "ഖുത്തുബാ" പ്രസംഗം തുടരുവാൻകൂടിസാധിച്ചിരുന്നില്ല. സ്ത്രീകൾക്കു വിവാഹമൂല്യമായി നല്കിവരുന്ന "മഹറിന്റെ" തുകയ്ക്കു ഒരു പരിധിനിശ്ചയിക്കണമെന്നു ഒരിക്കൽ ഒരു പ്രസംഗമദ്ധ്യെ ഖലീഫ നിർദ്ദേശിച്ചപ്പോൾ, "സ്ത്രീകൾക്ക് ഇസ്ലാം നൽകുന്ന അധികാരത്തെ വെട്ടിക്കുറക്കുവാൻ ഉമറിന്നു് എന്തധികാരം?" എന്നു് പള്ളിയിൽ വെച്ച്, മുസ്ലീം സാമ്രാജ്യത്തിന്റെ സർവ്വാധി–രാജാധിരാജനായിരുന്ന ഖലീഫാ ഉമർഫാറൂഖിന്റെ മുഖത്തു വിരൽ ചൂണ്ടിക്കൊണ്ടു പരസ്യമായി ചോദിച്ചതു് വെറും ഒരു സാധാരണ സ്ത്രീയായിരുന്നു. (ജനാധിപത്യത്തിന്റെ ഈററില്ലമായ ഇംഗ്ലണ്ടിലെ പാർലിമെൻറിൽവെച്ച് പോലും രാജാവിന്റെ നേരെ വിരൽ ചൂണ്ടൽ കുററകരമാണ്.) നാട്ടിന്റെ നാനാഭാഗത്തും പ്രച്ഛന്നവേഷധാരിയായി ഊണും, ഉറക്കമില്ലാതെ ചുററിസഞ്ചരിച്ച്, പാവങ്ങൾക്കു് ഗോതമ്പുചാക്കു് സ്വന്തം ചുമലിലേററിക്കൊണ്ടുപോയി കൊടുക്കുകയും, വിധവകൾക്കുവേണ്ടി സ്വന്തം ചുമലിൽ വെള്ളം പേറിനടക്കുകയും ചെയ്ത ഉമറിന്റേതുപോലെയുള്ള ഒരു ഭരണ സംവിധാനത്തിൽ സമാധാനവും, ശാന്തിയും വിജയക്കൊടി നാട്ടുമെന്നതിന്നു് യാതൊരു സംശയവുമില്ലെന്നു് അലീഗർ മുസ്ലീംസർവ്വകലാശാലയിൽ പ്രസംഗിക്കവെ ഗാന്ധിജിപോലും പറഞ്ഞിട്ടുണ്ടു്. പൊതുമുതലുകൊണ്ടു് കത്തുന്ന വെളിച്ചംപോലും സ്വന്തം ആവശ്യത്തിന്നുപയോഗിക്കുവാൻ ഈ ഖലീഫ ഇഷ്ടപ്പെട്ടിരുന്നില്ല. ഒരിക്കൽ, എങ്ങുനിന്നോ വന്ന ഒരു കാട്ടറബിയുടെ ഭാര്യ പ്രസവിക്കാറായപ്പോൾ, അവരെ പരിചരിക്കാൻ ഖലീഫ സ്വന്തം ഭാര്യയെയാണ് നിയോഗിച്ചതു്.

പേർഷ്യയിലെ ഫിറോസ് എന്ന ഒരടിമയാണ് ഈ മഹാപുരുഷനെ വധിച്ചതു്. ഒരു സുപ്രഭാതത്തിൽ, ഖലീഫ നമസ്കരിച്ചുകൊണ്ടിരിക്കുമ്പോൾ, രഹസ്യമായി ക്രിസ്തുമതം സ്വീകരിച്ച ഇയാൾ പള്ളിയിൽക്കയറി ഖലീഫയെ പിന്നിൽ നിന്നും കഠാരികൊണ്ടു് കുത്തുകയാണുണ്ടായതു്.

മഹാനായ ഉമർ ഫാറൂഖ്—ജനങ്ങളുടെ ദാസനായ ആ പ്രജാധിപതി അതുല്യനാണ്; അദ്വിതീയനാണ്. അദ്ദേഹത്തിന്റെ മഹിതസ്മാരകമാണ് ഫാറൂഖ് കോളേജ്.

# പതിവായി വായിക്കാറുണ്ടോ?

(കെ. അബ്ദുള്ള III B. Sc.)

ഒരു ആവറേജ് വായനക്കാരന്നു് മിനുട്ടിൽ ഏകദേശം മൂന്നൂറു വാക്കുകൾ വായിക്കാൻ കഴിയും. പഠനസംബന്ധമായ (സ്കൂളിലെയോ കോളേജിലെയോ മററോ) കാര്യങ്ങളിതിൽപ്പെടുന്നില്ല. കാരണം, അവ കൂടുതൽ ശ്രദ്ധയോടും സംഗതികൾ ശരിയായി ഗ്രഹിച്ചുകൊണ്ടുമായിരിക്കുമല്ലോ വായിക്കുക. നല്ലപോലെ മനസ്സിരുത്തി വായിക്കേണ്ടതില്ലാത്ത വർത്തമാനപ്പത്രങ്ങളും നോവലുകളും മററുമാണിതുകൊണ്ടുദ്ദേശിക്കുന്നതു്.

ദിവസത്തിൽ പതിനഞ്ചുമിനുട്ടുവീതം നിങ്ങൾ വായിക്കാനുപയുക്തമാക്കുന്നുവെങ്കിൽ, മേൽപ്പറഞ്ഞ കണക്കനുസരിച്ചു്, കൊല്ലത്തിൽ 16,42,500 വാക്കുകൾ നിങ്ങൾക്കു വായിച്ചുതീക്കാം. സാമാന്യം നീണ്ട ഒരു നോവലോ അല്ലെങ്കിൽ വേറെ വല്ല പുസ്തകവുമോ ഉദ്ദേശം 75,000 വാക്കുകളടങ്ങുന്നുവെന്നുവെക്കുക. അപ്പോൾ, കൊല്ലത്തിൽ, ഇത്തരം ഇരുപത്തിരണ്ടോളം പുസ്തകങ്ങൾ നിങ്ങൾക്കു് വായിച്ചുകൂടെ?

വഷത്തിൽ അഞ്ചു നല്ലഗ്രന്ഥങ്ങളെങ്കിലും വായിക്കുന്നവർ നമ്മിലധികംപേരുണ്ടാവില്ല. നിത്യവും പതിനഞ്ചുമിനുട്ടു് വായിക്കുകയെന്ന ലളിതമായ സമ്പ്രദായം ശീലിക്കുകയാണെങ്കിൽ, ജീവിതത്തിൽ എത്രവളരെ പുസ്തകങ്ങളാണു് നിങ്ങൾക്കു് പാരായണം ചെയ്യാൻ സാധിക്കുകയെന്നൊന്നോത്തുനോക്കു.

എല്ലാ വിഷമങ്ങളും തരണം ചെയ്തുകൊണ്ടു് വായിക്കുന്നശീലം നിലനിത്തുന്നവരുണ്ടു്. യാത്രയുംമററും അവക്കൊരു പ്രശ്നമായിരിക്കയില്ല. വായനയുടെ കാര്യത്തിൽ, ജനങ്ങൾ പൊതുവിൽ രണ്ടുതരക്കാരാണെന്നു പറയാം. വായനക്കായി സമയംകണ്ടെത്തുന്നവരും സമയംകണ്ടെത്തിയാൽ വായിക്കുന്നവരുമാണവർ. സൗകര്യമുണ്ടെങ്കിൽ വായിക്കാനാഗ്രഹം പ്രകടിപ്പിക്കുന്ന ചിലരെ കാണാം. അവക്കു് വായന ഒരുകാര്യമല്ല. അതിന്നവർ പ്രാധാന്യംനൽകുകയുമില്ല. വായിക്കാൻ പററിയതെന്തെങ്കിലും എവിടെയെങ്കിലും കണ്ടാൽ ഒന്നു മറിച്ചുനോക്കി വായിച്ചെന്നുവരുത്തും. അത്രതന്നെ. 'വായിച്ചേ തീരൂ' എന്ന മനോഭാവമാണു് നാം വളത്തേണ്ടതു്. ഈ മനോഭാവമുണ്ടെങ്കിൽ അതിന്നേർപ്പാടു് ചെയ്യാനും നാം മറക്കുകയില്ല.

വായനാശീലം വളത്തിക്കൊണ്ടുവരാൻ ചെറുപ്പത്തിൽത്തന്നെ ശ്രമിക്കണം. എന്നാലേ ഭാവിയിൽ കൂടുതൽ താൽപര്യവും ഉന്മേഷവും തദ്വിഷയകമായുണ്ടാവുകയുള്ളു. വിദ്യാത്ഥിജീവിതകാലത്താണതിന്നേററവും സാഹചര്യം ലഭിക്കുക. മുതിന്നവക്കു് പലജോലികളും ചെയ്യാനുണ്ടാവും. കുടുംബജീവിതവുമായി മല്ലിട്ടുകഴിയേണ്ട ഘട്ടമെത്തുകയും ഉത്തരവാദിത്വങ്ങൾ വമ്പിച്ചതായിത്തീരുകയും ചെയ്യുമ്പോൾ വായനയുടെ കാര്യത്തിൽ ശരിയായ ശ്രദ്ധപതിപ്പിക്കാൻ കഴിഞ്ഞെന്നുവരില്ല.

വായിക്കുകയെന്നതു് വളരെ കാര്യമായെടുക്കേണ്ട സംഗതിയാണു്. വായിക്കുന്നതു് ശരിയായും ഗ്രഹിക്കണം. മനസ്സിലാക്കണമെന്ന ഉദ്ദേശത്തോടെയാവണം അതു് നിവ്വഹിക്കേണ്ടതെന്നത്ഥം. സമയംനീക്കാനുള്ള ഒരുപാധിയായിമാത്രം വായന ഗണിക്കപ്പെട്ടുകൂടാ. നിത്യവും വല്ലതും വായിക്കാനുള്ള ആഗ്രഹം നമുക്കുണ്ടാവണം. വായനമൂലം കൈവരുത്താവുന്ന നേട്ടങ്ങൾ ചില്ലറയൊന്നുമല്ല. 'കൂടുതൽ കഴിവുകളാജ്ജിക്കുകയും വിജ്ഞാനവും ജീവിതാനന്ദവും കരഗതമാക്കുകയും ചെയ്യുക'യെന്ന ഉദ്ദേശ്യമാകണം വായനക്കുണ്ടായിരിക്കേണ്ടതെന്നു് പ്രസിദ്ധ ആംഗ്ലേയസാഹിത്യകാരനായ ഫ്രാൻസിസ് ബക്കൺ തൻെറ 'എസ്സേ ഓൺ സ്റ്റഡി' എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. 'മന:സ്സംസ്കരണത്തെ ലക്ഷ്യമാക്കിക്കൊണ്ടു് വായിക്കുക'യെന്നാണു് സർ ഐസക്ക് വാൾട്ടൺ തൻെറ പ്രസിദ്ധമായൊരു ഗ്രന്ഥത്തിൻെറ അവസാനത്തിലെഴുതീട്ടുള്ളതു്.

പേരുകേട്ട ഒരു പ്രഫസറും മെഡിക്കൽറിസർച്ചു് സ്പെഷലിസ്റ്റും ഫിസിഷ്യനുമായിരുന്ന സർ വില്യം ഓസ്ലർ, ജോലിത്തിരക്കേറിയ തൻെറ ജീവിതത്തിൽ, എല്ലാ രാത്രിയും മുടങ്ങാതെ പതിനഞ്ചുമിനുട്ടു് വായനക്കാണുപയോഗിച്ചതു്. പതിനൊന്നുമണിക്കു് കിടപ്പറയിൽ പോയാൽ പതിനൊന്നു് പതിനഞ്ചുവരെ അദ്ദേഹം വായിക്കും; രണ്ടുമണിക്കാണു് പോകുന്നതെങ്കിൽ രണ്ടു്– പതിനഞ്ചുവരെ വായിക്കും; എന്നിട്ടേ ഉറങ്ങുകയുള്ളു. ഈ ശീലം വളരെ നിഷ്കർഷയോടുകൂടി തന്നിൽ വളത്തിയതിൻെറ ഫലമായി പതിനഞ്ചു് മിനുട്ടു് എന്തെങ്കിലും വായിച്ചതിന്നു ശേഷമല്ലാതെ ഉറങ്ങാൻ കഴിയാതെവന്നു, ഓസ്ലർക്കു്.

നിങ്ങൾ എത്രതന്നെ തിരക്കുപിടിച്ചവരാണെങ്കിലും നിത്യവും പതിനഞ്ചു മിനുട്ടെങ്കിലും വായനക്കായി നീക്കിവെക്കണം. അതു് നിങ്ങളുടെ സൗകര്യമനുസരിച്ചു് രാവിലെയോ വൈകുന്നേരമോ ഭക്ഷണത്തിന്നുശേഷമോ ഉറങ്ങുന്നതിന്നു മുമ്പോ എപ്പോഴുമാവാം. വാഹനങ്ങളിൽവെച്ചാവുന്നതും കൊള്ളാം. വിദ്യാത്ഥികളാണെങ്കിൽ പഠനം തുടങ്ങുന്നതിന്നു മുമ്പായാലും വിരോധമില്ല. എന്നാൽ വായിക്കുന്നതു് വളരെ നിഷ്ഠയോടെയായിരിക്കാൻ ശ്രദ്ധിക്കണം.

വായനകൊണ്ടു് കൈവരുത്താവുന്നത്ര സുഖവും ആനന്ദവും മറെറാന്നുകൊണ്ടുമാർജ്ജിക്കാൻ കഴിയുകയില്ലെന്നു വിശ്വസിക്കുന്ന പലരുമുണ്ടു്, നമ്മളിൽ. അൽപമെന്തെങ്കിലും വായിക്കാനൊത്തില്ലെങ്കിൽ പൂണ്ണസംതൃപ്തിയോടെ ഉറങ്ങാൻ കഴിയാത്തവരെയും കാണാം. ഓബറൺ ഹെർബർട്ടിനെപ്പററി ഒരു കഥ പറഞ്ഞുകേട്ടിട്ടുണ്ടു്. ഒരിക്കൽ കുറെ സന്ദർശകർ അദ്ദേഹത്തെ കാണാനായി തൻെറ സ്വദേശത്തുള്ള വസതിയിൽ ചെന്നു. ഹെർബർട്ടു് എന്തോ വായിച്ചുകൊണ്ടിരിക്കുകയായിരുന്നു. സന്ദർശകരെ കണ്ടപ്പോൾ എഴുന്നേററുചെന്നു് അവരെ ഉചിതമായി സ്വീകരിച്ചിരുത്തി. എന്നിട്ടുപറഞ്ഞു: "എന്നാൽ ഞാൻ വായിക്കട്ടെ; നിങ്ങളെന്തുചെയ്യുന്നു?"

വായനയുടെ കാര്യത്തിൽ ഏറെക്കുറെ ഈ നിലപാടാണു് നാമും കൈക്കൊള്ളേണ്ടതു്. ഹെർബർട്ടിൻെറ അത്രതന്നെ ആവേശം നമുക്കുംവേണം.

പരിസരബോധമില്ലാതെ വായിച്ചിരുന്നുപോകും ചിലർ. ഊണും ഉറക്കവുമൊന്നും അവക്കൊരു പ്രശ്നമാവുകയില്ല. വൈക്കൗണ്ടു് ഗ്രി എന്ന എഴുത്തുകാരൻ അത്തരക്കാരിലൊരാളെ നമുക്കു പരിചയപ്പെടുത്തിത്തരുന്നു. വൈകുന്നേരമാണു് ആ അജ്ഞാതമനുഷ്യൻ 'മോണ്ടി ക്രിസ്റ്റോ' വായന തുടങ്ങിയതു്. ഉറങ്ങാൻ സമയമായിട്ടുണ്ടെന്ന കാര്യംപോലും വിസ്മരിക്കത്തക്കവണ്ണം മൂപ്പർ അതിലാകൃഷ്ടനായി വായനയിൽത്തന്നെ മുഴുകിയിരുന്നുപോയി. എന്നാൽ അയാളുടെ ഭാര്യയാകട്ടെ, പതിവുസമയമായപ്പോൾ കിടന്നുറങ്ങിയിരുന്നു. രാത്രി രണ്ടുമണിയായിക്കാണും. അപ്പോൾ നമ്മുടെ ആ വായനക്കാരനെന്തുചെയ്തുവെന്നോ: തൻെറ ഭാര്യയുടെ കിടപ്പറയിലേക്കോടിച്ചെന്നു് അവളെ തട്ടിയുണത്തിക്കൊണ്ടു് വളരെ ആവേശപൂവ്വം പറഞ്ഞറിയിച്ചു്— 'ഡാൻറസ്' (എഡ്മണ്ടു് ഡാൻറസ് — കഥാനായകൻ) താൻ തടവിലാക്കപ്പെട്ട ദ്വീപിൽനിന്നും രക്ഷപ്പെട്ടു' വെന്നു്. തൻെറ ഭത്താവ് 'മോണ്ടിക്രിസ്റ്റോ' വായിക്കുന്നുണ്ടെന്ന വിവരംപോലും യഥാത്ഥത്തിൽ ആ സ്ത്രീ അറിഞ്ഞിരുന്നില്ല.

വായനാശീലം വളത്താൻ പണ്ടത്തെപ്പോലുള്ള സൗകര്യങ്ങൾ ഇന്നില്ലെന്നു പറയണം. വായനമൂലമല്ലാതെ തന്നെ അറിവും ആനന്ദവും നേടാൻ കഴിയത്തക്കവണ്ണം ലോകം പുരോഗമിച്ചിട്ടുണ്ടെന്നതാണതിന്നു കാരണം. ശാസ്ത്രീയാഭിവൃദ്ധിയുടെ പാതയിൽ, വിജ്ഞാന പോഷണവിഷയത്തിലുണ്ടായിട്ടുള്ള പരിവത്തനങ്ങളെല്ലാം, ചുരുക്കത്തിൽ, വായനയെ നിരുത്സാഹപ്പെടുത്താനാണുപകരിച്ചിട്ടുള്ളതു്. ടെലിഫോണും റേഡിയോവും സിനിമയുമൊക്കെ ഈ വിഷയത്തിൽ കാര്യമായ പങ്കുവഹിക്കുന്നുണ്ടു്.

ചിത്രക്കടലാസുകളും വായനയെ പ്രോത്സാഹിപ്പിക്കുകയല്ല ചെയ്യുന്നതു്. അവ മനുഷ്യൻെറ ചിന്താപരമായ കഴിവുകളെ മുരടിപ്പിക്കുകയും ചിന്തിക്കാനുള്ള സാഹചര്യം അവന്നില്ലാതാക്കിത്തീക്കുകയും ചെയ്യുന്നുണ്ടു്. വായിക്കുകയും തദ്വാരാ ഉത്ഭൂതമാവുന്ന സംഗതികൾ ചിന്തിച്ചു മനസ്സിൽ രൂപപ്പെടുത്തുകയും ചെയ്യേണ്ട സ്ഥാനത്തു് ചിത്രക്കടലാസുകൾ മാത്രം നോക്കി ആവശ്യം നിവ്വഹിക്കാമെന്നതാണിതിന്നു കാരണം.


ദീർഘമായൊരു റെയിൽവെയാത്ര വായനക്കു് വളരെയേറെ സൗകര്യം നൽകുന്നതാണു്. കാറിലോ ബസ്സിലോ മററോ ബഹുദൂരം സഞ്ചരിക്കുമ്പോഴും ധാരാളം വായിക്കാൻ സാധിക്കും.

വായനക്കാക്കു് പൂണ്ണസംതൃപ്തി കൈവരുത്താനുപകരിക്കുന്നതും അമൂല്യാശയങ്ങളുൾക്കൊള്ളുന്നതുമായ ഗ്രന്ഥങ്ങളുടെ സ്ഥാനം വലിയതാണു്. അത്തരം ഗ്രന്ഥങ്ങൾക്കു് മനുഷ്യജീവിതത്തിൽ വമ്പിച്ച പരിവത്തനങ്ങളുളവാക്കാനും ലോകത്തിൻെറ തന്നെ സ്ഥിതിഗതികൾ മാററിത്തീക്കാനും കഴിയുമെന്നു് 'ക്യൂരിയോസിററീസ് ഓഫ് ലിററേച്ച്വർ' തുടങ്ങിയ ധാരാളം കൃതികളുടെ കത്താവായ ഐസക്ക് ഡിസ്രേലി പ്രസ്താവിക്കുന്നു. 'സംഗതികൾ വ്യക്തമായരീതിയിൽ പ്രതിപാദിക്കപ്പെട്ട വലിയ വലിയ ഗ്രന്ഥങ്ങളാണു് തനിക്കിഷ്ടമെ'ന്നു് ടെന്നിസൺ പറഞ്ഞിട്ടുണ്ടു്.

ആവത്തിച്ചുള്ള വായനയുടെ പ്രാധാന്യവും അതിൽനിന്നുൽഭൂതമാവുന്ന ഗുണങ്ങളും നാമവഗണിച്ചുകൂടാ. ചെറുപ്പത്തിൽ വായിച്ച ഒരു നോവലോ മററോ കുറെവർഷങ്ങൾക്കുശേഷം വീണ്ടും നാം വായിക്കുകയാണെങ്കിൽ നമുക്കതു് പൂവ്വോപരി രസാവഹമായിത്തോന്നിയെന്നു വരും. കൂടുതൽ തത്വങ്ങളതിൽനിന്നു് ഗ്രഹിക്കാനും കഴിഞ്ഞേക്കും. മനുഷ്യരുടെ വളച്ചക്കൊത്തു് അവരുടെ ആസ്വാദന ശക്തിയും വർദ്ധിക്കുന്നതാണിതിന്നു കാരണം. ചെറുപ്പത്തിൽ വായിച്ചു മറന്ന ചില പുസ്തകങ്ങൾ വീണ്ടും വായിക്കാനുള്ള ആഗ്രഹം നമുക്കുണ്ടാവുന്നതു് സ്വാഭാവികമാണല്ലോ. എന്നാൽ അപൂവ്വം ചില സന്ദഭ്ങ്ങളിൽ, ആദ്യവായനയിലുണ്ടായ അത്രതന്നെ സംതൃപ്തിയും പുതുമയും പുനർവായനയിൽ ലഭ്യമായില്ലെന്നു വരും.

വായനാശീലം വളത്താനുള്ള താൽപര്യം നിങ്ങൾക്കുണ്ടോ? എങ്കിൽ ഏതിനത്തിലുള്ള പുസ്തകങ്ങളാണു് വായിക്കേണ്ടതെന്നു് തീരുമാനിക്കുകയാണു് ഒന്നാമതായി നിങ്ങൾ ചെയ്യേണ്ടതു്. തൽസംബന്ധമായി നിങ്ങൾക്കിഷ്ടപ്പെട്ട മൂന്നോ നാലോ പുസ്തകങ്ങൾ തിരഞ്ഞെടുക്കുകയും വേണം. സൗകര്യം കിട്ടുമ്പോഴൊക്കെ വായിക്കാമെന്ന ഉദ്ദേശത്തോടെ അവയിലൊന്നു് എപ്പോഴും നിങ്ങളുടെ കയ്യിൽ സൂക്ഷിക്കേണ്ടതാണു്. നിങ്ങളെവിടെ പോകുകയാണെങ്കിലും അതെടുക്കാൻ മറക്കരുതു്. ദീർഘമായൊരു യാത്രയിൽ നിങ്ങൾക്കിഷ്ടമുള്ള മൂന്നോ നാലോ പുസ്തകങ്ങൾ കരുതുന്നതു് നല്ലതാണു്. മടക്കയാത്രക്കു് അപ്രതീക്ഷിതമായി താമസം നേരിടുകയോ മററോ ചെയ്യുകയാണെങ്കിൽ സമയം പാഴാക്കാതെ അവ വായിക്കാമല്ലോ.

പതിവായി വായിക്കാനുള്ള ആഗ്രഹം നിങ്ങൾക്കുണ്ടോ? എന്നാൽ നിങ്ങൾ വിജയിച്ചു അപ്പോൾ പിന്നെ അതിന്നായി സമയം കണ്ടെത്താനും നിങ്ങൾക്കു കഴിയും.



ചെറുകഥ:—

# പാവം ഗോപിയേട്ടൻ!

(നമ്പൂട്ടി, കിളിനക്കോട്ടു് I P. D. C.)

അമ്മയ്ക്കു് പിണക്കമായിരിക്കുമോ? അല്ലെങ്കിൽ മടിയിലിരുത്തുമായിരുന്നല്ലോ. കണ്ടപ്പോൾതന്നെ എന്തൊരു ദേഷ്യം! ദൂരെപ്പോ പെണ്ണേന്നു് പറഞ്ഞില്ലേ? ഹോ, കോപരസം സ്ഫുരിക്കുന്ന ആ കണ്ണുകൾ!

അച്ഛൻ അടുത്ത മുറിയിലാണു്. ഗോപിയേട്ടൻ കിടന്നിരുന്ന കട്ടിലിൽ കമഴ്ന്നു കിടന്നു് കരയുന്നു. ഇപ്പോഴെങ്കിലും സങ്കടം തോന്നിയല്ലോ? എന്നിട്ടും അമ്മയുടെ ഒരു കോപം.

മുത്തശ്ശിയും തളത്തിലിരുന്നു വിങ്ങിവിങ്ങിക്കരയുന്നു. മുത്തശ്ശിയുടെ കുഴിഞ്ഞുതാണ കണ്ണുകളിൽനിന്നും ഒട്ടിയ കവിളിലൂടെ കണ്ണുനീർ ഒഴുകുന്നുണ്ടു്. മുത്തശ്ശിക്കു് ഗോപിയേട്ടനോടു് വളരെ ഇഷ്ടമായിരുന്നു. ഏട്ടനെ മടിയിലിരുത്തി ഉമ്മകൊടുക്കുന്നതു് കണ്ടാൽ സങ്കടം തോന്നും.

ഇനി അതുണ്ടാവില്ല!

ഗോപിയേട്ടൻ മരിച്ചുപോയില്ലേ! മരിച്ചുകഴിയുമ്പോഴാണു് എല്ലാവർക്കും വലിയ സ്നേഹം . . . . .

. . . . ആ പാലച്ചുവട്ടിലേക്കു് നോക്കാൻതന്നെ പേടിതോന്നുന്നു. ചിതകെട്ടടങ്ങിയിട്ടില്ല. പുകപൊങ്ങുന്നു. നീലനിറമുള്ള പുക പാലക്കൊമ്പുകളുടെ ഇടയിലൂടെ ഉയർന്നുയർന്നുപോകുന്നു. ചാഞ്ഞുകിടന്ന പാലക്കമ്പുകൾപോലും വാടിപ്പോയി. അവയിലുണ്ടായിരുന്ന പൂക്കളെല്ലാം താഴെ വീണുകിടക്കുന്നു! ചൂടു്തട്ടിയാവും. അടുത്തു്നിന്ന കാട്ടുപൊന്തകൾ കൂടി വാടിപ്പോയല്ലോ.

നോക്കാനാവില്ല!

നല്ലവനായ ഗോപിയേട്ടൻ കത്തിക്കത്തി ചാമ്പലാവുകയല്ലേ?

കാവിലമ്മയോടു് വെറുപ്പു് തോന്നുന്നു! ഗോപിയേട്ടനുവേണ്ടി തിരികൊളുത്താമെന്നു് നേർന്നതല്ലേ? ചെത്തിപ്പൂക്കളും തുളസിക്കതിരുകളും കാഴ്ച വെയ്ക്കാമെന്നു് നേർന്നതല്ലേ? എന്നിട്ടും ദയതോന്നാത്ത കാവിലമ്മ ഗോപിയേട്ടനെ വിളിച്ചുകളഞ്ഞു.

ഇനി പാലപ്പൂപറിക്കാനും മാലകെട്ടിത്തരാനും ആരുമുണ്ടാവില്ല . . . .

തടിച്ചുകോടിയ ചുണ്ടുകളും, പുറത്തേക്കു് തള്ളിനില്ക്കുന്ന പല്ലുകളും, വലിയ കണ്ണുകളും! വിരൂപനായിരുന്നു ഗോപിയേട്ടൻ! എങ്കിലും ഹൃദയം നിറയെ സ്നേഹമായിരുന്നു! . . .

സദാസമയവും കരഞ്ഞുകൊണ്ടിരിക്കുന്ന ഗോപിയേട്ടനെക്കുറിച്ചോർക്കുമ്പോൾതന്നെ സങ്കടം വരും! എപ്പോഴും കണ്ണീരൊഴുകിക്കൊണ്ടിരിക്കുന്ന ആ കണ്ണുകൾ!

ഭ്ബ—ഭ്ബ—ബ്ഭ എന്നു് മാത്രമുള്ള ഗോപിയേട്ടന്റെ ശബ്ദം!

അപ്പോഴൊക്കെ അമ്മ പറയും:—

"പൊട്ടൻ! തിന്നാൻ മാത്രം പിറന്ന പിശാചു്!"

അപ്പോഴെല്ലാം ഏട്ടൻ ഏങ്ങലടിക്കുന്നതു് കേൾക്കാം. വണ്ണം കുറഞ്ഞ നീണ്ട കഴുത്തിലപ്പോൾ ഞരമ്പുകൾ തെളിഞ്ഞുനില്ക്കും! സങ്കടം തോന്നിപ്പോകും! എങ്കിലും അമ്മയ്ക്കു് വെറുപ്പായിരുന്നു!

എന്തു് ചെയ്താലും ചെവിക്കു് പിടിച്ചുലയ്ക്കും. അച്ഛൻ വരുമ്പോൾ നുണപറഞ്ഞു കൊടുക്കും! അച്ഛനും ഏട്ടനെ വഴക്കുപറയുമായിരുന്നു!

പാവം ഗോപിയേട്ടൻ! മിണ്ടാൻ കഴിയില്ലല്ലോ, ഏങ്ങലടിക്കുക മാത്രം ചെയ്യും!

അമ്മയോടും വെറുപ്പു്തോന്നുന്നു. ഗോപിയേട്ടനെ ഉത്സവത്തിന്നു് കൊണ്ടുപോകാതിരുന്നതമ്മയല്ലേ! ഏട്ടന്നു് എന്തു കൊതിയുണ്ടായിരുന്നു. വെളുപ്പിനേ എഴുന്നേററു് മാലകെട്ടി. എത്ര നല്ല മാലയായിരുന്നു. എല്ലാവരും ഒരുങ്ങിയിറങ്ങിയപ്പോൾ ഗോപിയേട്ടനുമിറങ്ങി.

അമ്മയ്ക്കെന്തൊരുദേഷ്യമായിരുന്നു!



"എടാ നീ വരേണ്ട" അമ്മ അങ്ങനെ പറഞ്ഞപ്പോൾ ഗോപിയേട്ടൻ നടുങ്ങിയില്ലേ?

"പോരേണ്ടന്നല്ലേ പറഞ്ഞതു്."—മടിച്ചുനിന്ന ഗോപിയേട്ടനോടു് അമ്മ ശബ്ദമുയർത്തിപ്പറഞ്ഞു.

"പോരേണ്ട ഗോപി. അടുത്ത ഉത്സവത്തിന്നു് കൊണ്ടുപോകാം"—അച്ഛൻ അങ്ങിനെ പറഞ്ഞപ്പോൾ ഗോപിയേട്ടന്റെ കണ്ണുകൾ നിറഞ്ഞുപോയി.

എല്ലാവരും നടന്നകന്നപ്പോൾ വിങ്ങിപ്പൊട്ടുന്ന ഗോപിയേട്ടൻ നോക്കിനിന്നു.

ഏട്ടനെ എന്തുകൊണ്ടു് ഉത്സവത്തിന്നു് കൊണ്ടുപോയില്ല. ചന്തമില്ലാഞ്ഞിട്ടാണോ? കീറിയ നിക്കറിട്ടിട്ടാണോ? അതു് നല്ലതു് വാങ്ങിക്കൊടുക്കാഞ്ഞിട്ടല്ലേ? അമ്മക്കു് പട്ടുസാരിയും ബ്ലൗസും വാങ്ങിയല്ലോ! സിന്ദൂരവും കൺമഷിയും വാങ്ങിയല്ലോ . . . .

അച്ഛനും ചീത്തയാണു്! അല്ലെങ്കിൽ ഗോപിയേട്ടനെ കൊണ്ടുപോകുമായിരുന്നു. ഏട്ടനല്ലേ രാവിലെ പാലയുടെ തുഞ്ചത്തു് കയറി പൂപറിച്ചതു്. ആ പൂവും മുടിയിൽ ചൂടിയല്ലേ അമ്മ ഉത്സവത്തിന്നു് പോയതു്.

മുത്തശ്ശി മാത്രമാണു് നല്ലതു്! മരിച്ചുകിടന്ന ഗോപിയേട്ടന്റെ മുകളിൽ വീണു കരഞ്ഞതു് മുത്തശ്ശി മാത്രമാണു്! . . . .

ഇനി ആരും ഏട്ടനെ സ്നേഹിക്കേണ്ട. ഇനി ആർക്കും ഏട്ടനെ പൊട്ടനെന്നു് വിളിക്കാനൊക്കില്ല. ഇനി ആർക്കും ഏട്ടന്റെ ചെവിക്കു് പിടിച്ചു വലിക്കാനൊക്കില്ല. ഗോപിയേട്ടനിപ്പോൾ ഏട്ടന്റെ അമ്മയുടെ അടുത്തായിരിക്കും!

മുത്തശ്ശി പറഞ്ഞിട്ടുണ്ടു്, ഗോപിയേട്ടന്റെ അമ്മ ഒരു നല്ല അമ്മയായിരുന്നു. എന്നും രാവിലെ കാവിലെത്തി തിരികൊളുത്തുമായിരുന്നു! എല്ലാവരോടും സ്നേഹമുണ്ടായിരുന്നു! മുത്തശ്ശിക്കു് കുളിക്കാൻ വെള്ളം ചൂടാക്കിക്കൊടുക്കുന്നതും, ഇഞ്ചകീറിക്കൊടുക്കുന്നതും ആ നല്ല അമ്മയായിരുന്നു. എന്നിട്ടു് മുത്തശ്ശി പറയും:—" അന്നീ വീടിന്റെ വിളക്കായിരുന്നവൾ, വെളക്കു്—" കണ്ണീരു് തുടച്ചിട്ടു് വീണ്ടും പറയും "പക്ഷെ കർമ്മമില്ലാതെ പോയി."

വളരെനാളു് നോയമ്പെടുത്താണു് ഗോപിയേട്ടനുണ്ടായതു്. പക്ഷെ ഗോപിയേട്ടൻ ഉണ്ടായപ്പോൾതന്നെ ആ നല്ല അമ്മ മരിച്ചുപോയി.

ഗോപിയേട്ടൻ വളർന്നിട്ടും വർത്തമാനം പറഞ്ഞില്ല. "ഭ്ബ—ബ്ഭ" ആ ശബ്ദം മാത്രമുണ്ടാക്കി. അന്നെല്ലാവരും വിളിച്ചു:—"പൊട്ടൻ! പൊട്ടൻ!"

ഗോപിയേട്ടന്റെ അമ്മയെ ദഹിപ്പിച്ചതും ആ പാലച്ചുവട്ടിലാണു്. അന്നും ഇതുപോലെ നീലനിറത്തിലുള്ള പുക പാലക്കമ്പുകളുടെ ഇടയിലൂടെ ഉയർന്നുപോയിട്ടുണ്ടാവും. ചാഞ്ഞുകിടന്ന പാലക്കമ്പുകളിൽനിന്നും പൂക്കൾ വാടി വീണിട്ടുണ്ടാവും!

കരഞ്ഞുകരഞ്ഞാണു് ഗോപിയേട്ടൻ മരിച്ചതു്. മരിച്ചുകിടക്കുമ്പോഴും ഏട്ടന്റെ കണ്ണുകളിൽ കണ്ണുനീരിന്റെ നനവുണ്ടായിരുന്നു! . . .

. . . . ഉത്സവം കഴിഞ്ഞു് തിരിച്ചുവരുമ്പോൾ ഏട്ടൻ ചുരുണ്ടുകൂടിക്കിടക്കുകയായിരുന്നു. മുത്തശ്ശി തോളിലിടുന്ന തോർത്തു് പുതച്ചിരുന്നു. തീപോലെ പൊള്ളുന്ന ദേഹമായിരുന്നു.

അടുത്തുചെന്നപ്പോൾ ഗോപിയേട്ടൻ മുഖത്തേക്കുനോക്കി. അപ്പോഴും കരയുകയായിരുന്നോ? കണ്ണുകൾ നിറഞ്ഞിരുന്നല്ലോ.

ഏട്ടനുവേണ്ടി കാവിലമ്മയോടു് പ്രാർത്ഥിച്ചു . . . .

അന്നുരാത്രി മുഴുവൻ മുത്തശ്ശി ഗോപിയേട്ടന്റെ അടുത്തായിരുന്നു! കരയുകയും നാമം ചൊല്ലുകയും ചെയ്തുകൊണ്ടിരുന്നു . . . .

രാത്രിയിൽ ഗോപിയേട്ടൻ ഛർദ്ദിച്ചു! മുത്തശ്ശിയുടെ മടിയിലാണു് വീണതു്. എന്നിട്ടും മുത്തശ്ശിക്കു് വെറുപ്പുതോന്നിയില്ല. അപ്പോൾ അടുത്ത മുറിയിൽ കിടന്നു് അമ്മയെന്താണു് പറഞ്ഞതു്:

"നാശങ്ങളു് കെടത്തി ഒറക്കില്ല" എന്നല്ലേ.

രാവിലെയല്ലേ അച്ഛൻ ഡോക്ടരെ വിളിക്കാൻ പോയതു്. പക്ഷേ ഡോക്ടർ വരുന്നതിന്നു് മുമ്പുതന്നെ ഗോപിയേട്ടൻ മരിച്ചു . . . . സ്നേഹമുള്ള മുത്തശ്ശിയുടെ മടിയിൽ കിടന്നുതന്നെ മരിച്ചു. എന്നിട്ടു് ആ പാലച്ചുവട്ടിൽ ദഹിപ്പിച്ചു—പൂത്ത പാലക്കൊമ്പുകൾക്കിടയിലൂടെ നീലനിറമുള്ള പുക ഉയർന്നുകൊണ്ടിരിക്കുന്നു.

. . . . അതാരാണു് പാലച്ചുവട്ടിലേക്കു് പോകുന്നതു്. തുളുമ്പിനിൽക്കുന്ന കണ്ണുകളിൽ എല്ലാം അവ്യക്തമാണു്.

അച്ഛനാണോ?

കൈയിലെന്തോ ഉണ്ടല്ലോ.

ഒരു വാടിയ പൂമാലയല്ലേ?

ഉത്സവത്തിന്നു് കാവിലമ്മയ്ക്കുവേണ്ടി ഗോപിയേട്ടൻ കെട്ടിയ പാലപ്പൂമാലയല്ലേ . . . .

# പുരോഗതി

(സ്നേഹപ്രഭ, എം. കെ. II P. D. C.)

ഉദ്രസംഹൃദന്തത്തിൻ
നിത്യ സത്യത്തിൻ യോഗ–
നിദ്രയാം യവനിക
മാററിനീയുണരവേ,
പകലും രാവും പര–
പ്പേറിയ പാരും വാനും
എരിയും ഗോളങ്ങളു–
മുഡു പഞ്ജരങ്ങളും
കണ്ടു വിസ്മയിച്ചോരു
മാനവ പ്രഭാവമേ
വിണ്ടലം നിനക്കിന്നു്
സ്വാഗത മരുളുന്നു.
താരകാം നിനക്കിന്നു
കളിത്തോഴികളത്രേ
പാരിടം തിരിയുന്ന
കൊച്ചുപമ്പരം മാത്രം.
അത്ര മേലജയ്യമാം
ശക്തിയാർജ്ജിച്ചു മർത്ത്യ–
നിത്തിരിക്കാലം കൊണ്ടു
പുളകം മുളപ്പിച്ചു.
എങ്കിലും പുരോഗതി
നേടിയെന്നവനിന്നു.
ശങ്കിയാതുരയ്ക്കാമോ?
സംശയം ക്ലമ്പീടുന്നു.
തിരിയും ലോകത്തിൻെറ
ഗതിമാററിടാം പക്ഷേ
എരിയും വയറിൻെറ
വേദന മഹാഭാരം.
പാർത്തു കണ്ടറിഞ്ഞാത്മ–
ഹത്യയാം പരിഹാര–
പാത്രവുമായി ബ്ഭിക്ഷ–
യാചിപ്പു പരിഷ്കാരം!
വിണ്ണണി യെണ്ണീടാതെ,
ചിന്തിച്ചു നിന്നീടാതെ
മണ്ണിനെ പൂജിയ്ക്കുകി–
ലതുതാൻ പുരോഗതി!

# യുനെസ്ക്കോവും ഇന്ത്യയും

( പി. എ. കുഞ്ഞവറാൻ, ചേരൂർ II P. D. C. )

ഇന്ത്യയും യുനെസ്കോ (United Nations Educational, Scientific and Cultural organization) വും അന്യോന്യം വളരെയെല്ലാം കടപ്പെട്ടിരിക്കുന്നു. യുനെസ്കോയുടെ സ്ഥാപകാംഗങ്ങളിൽ ഒന്നായ ഇന്ത്യ, ഡോ: എസ്. രാധാകൃഷ്ണൻ, സർ. എ. ലക്ഷ്മണസ്വാമി മുതലിയാർ ഡോ: സക്കീർഹുസൈൻ, ശ്രീമതി ഇന്ദിരാഗാന്ധി, ശ്രീമതി ഹൻസാമേത്ത എന്നിവരെപ്പോലുള്ള സമുന്നതവ്യക്തികളെ അതിന്റെ എക്സിക്യൂട്ടീവ് ബോർഡിലേക്ക് തിരഞ്ഞെടുത്തുകൊണ്ട് അതിനോടുള്ള മതിപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്.

നീതി, നിയമവാഴ്ച, മാനുഷികാവകാശങ്ങൾ, മൗലികസ്വാതന്ത്ര്യം എന്നിവയോട് ലോകജനതയുടെ ബഹുമാനം വർദ്ധിപ്പിക്കുന്നതിന്നു് വിദ്യാഭ്യാസം, ശാസ്ത്രം, സംസ്കാരം എന്നീ രംഗങ്ങളിൽ രാഷ്ട്രങ്ങൾ തമ്മിലുള്ള സഹകരണം അഭിവൃദ്ധിപ്പെടുത്തുകയാണു് യുനെസ്കോവിന്റെ ലക്ഷ്യങ്ങൾ.

ഭൂമിശാസ്ത്രപരവും സാങ്കേതികവുമായ കാരണങ്ങൾ മുൻനിർത്തി യുനെസ്കോ ദക്ഷിണേഷ്യക്കുള്ള ശാസ്ത്രസഹകരണം, സാമ്പത്തിക — സാമൂഹ്യ വികസനം സംബന്ധിച്ച ഗവേഷണം, വിദ്യാഭ്യാസാസൂത്രണവും ഭരണവും എന്നിവപോലുള്ള പ്രവർത്തനങ്ങളുടെ താവളമായി തിരഞ്ഞെടുത്തിട്ടുള്ളതു് ഇന്ത്യയേയാണു്.

**മൂന്നു് മാർഗ്ഗങ്ങൾ :—** ഐക്യരാഷ്ട്രകുടുംബത്തിലെ മററു അംഗങ്ങളെപ്പോലെ യുനെസ്കോവും പ്രധാനമായും മൂന്നു് മാർഗ്ഗങ്ങൾ വഴിയാണു് അംഗരാഷ്ട്രങ്ങൾക്കു് സ്വന്തംസേവനങ്ങൾ ലഭ്യമാക്കുന്നതു്. യുനെസ്കോ നേരിട്ടു് നടത്തുന്ന പ്രവർത്തനപരിപാടികൾ, സാങ്കേതികസഹായത്തിനുള്ള വികസനപരിപാടി, യുനെസ്കോ എക്സിക്യൂട്ടീവ് ഏജൻസി ആയിക്കൊണ്ടുള്ള യു. എൻ. ഡി. പി. പദ്ധതികൾ എന്നിവയാണവ. കോങ്കോവിലെ അടിയന്തരപരിപാടികൾ കഴിഞ്ഞാൽ ഇന്ത്യയിലാണു് ഏററവുമധികം യുനെസ്കോ പരിപാടികൾ നടന്നുവരുന്നതു്. 1965-ൽ അന്താരാഷ്ട്രീയസഹകരണവർഷത്തിന്റെ അന്ത്യംവരെ യുനെസ്കോ ഇന്ത്യക്കു് 418 അന്താരാഷ്ട്രവിദഗ്ദ്ധന്മാരേയും 147 8ലക്ഷം ഡോളർ വിലയുള്ള ശാസ്ത്രീയോപകരണങ്ങളും മററു സാമഗ്രികളും, ഇന്ത്യക്കാർക്കു് വിദേശങ്ങളിൽപോയി പഠിക്കുന്നതിന്നു് 227 ഫെല്ലോഷിപ്പുകളും ലഭ്യമാക്കിയിട്ടുണ്ടു്. യുനെസ്കോവിന്റെ നയങ്ങളും പരിപാടികളും നടപ്പാക്കുന്നതിൽ സഹായിക്കുന്നതിന്നു് ഇന്ത്യ ഒരു ദേശീയകമ്മീഷൻ ഏർപ്പെടുത്തിയിരിക്കുന്നു. "യുനെസ്കോവുമായി സഹകരിക്കുന്നതിനുള്ള ദേശീയകമ്മീഷൻ എന്നാണതിന്റെ പേരു്."

**സേവനം:—** ഇന്ത്യാഗവമ്മേണ്ടിന്റെ ആവശ്യമനുസരിച്ചു് യുനെസ്കോ വിദ്യാഭ്യാസവകുപ്പു് ഏർപ്പെടുത്തിയ വിദ്യാഭ്യാസ കമ്മീഷനിൽ സേവനമനുഷ്ഠിക്കുന്നതിന്നു് ഫ്രാൻസ്, ജപ്പാൻ, റഷ്യ എന്നിവിടങ്ങളിൽനിന്നുള്ള മൂന്നു സമുന്നത വിദ്യാഭ്യാസ വിചക്ഷണന്മാരെ ലഭ്യമാക്കുകയുണ്ടായി. ബോമ്പേയിലെ ഇന്ത്യൻ ടെക്നോളജി ഇൻസ്റ്റിട്യൂട്ടാണു് ഇന്ത്യയും യുനെസ്കോവും തമ്മിലുള്ള സഹകരണത്തിന്നുള്ള മറെറാരു മികച്ച ഉദാഹരണം. ഇന്നു് ഇൻസ്റ്റിട്യൂട്ടിൽ 2000 വിദ്യാർത്ഥികൾ പഠനം നടത്തിവരുന്നു. ബിരുദാനന്തരപഠനവിദ്യാർത്ഥികളാണു് ഇവരിൽ ചിലർ. ഇൻസ്റ്റിട്യൂട്ടിന്റെ സ്റ്റാഫിൽ 10 യുനെസ്കോ വിദഗ്ദ്ധന്മാർ ഉൾപ്പെടുന്നു.

ബോംബെ, കൽക്കത്താ, ഡൽഹി, ഉസ്മാനിയ എന്നീ സർവ്വകലാശാലകളിൽ ഉന്നത പഠനകേന്ദ്രങ്ങൾ വികസിപ്പിക്കുന്ന കാര്യത്തിൽ യുനെസ്കോ, സർവ്വകലാശാല ധനസഹായ കമ്മീഷനു് സഹായം നല്കിവരുന്നുണ്ടു്. ദേശീയ വിദ്യാഭ്യാസ



ഗവേഷണ-പരിശീലന കൗൺസിലിന്റെ ശാസ്ത്രവിദ്യാഭ്യാസത്തിന്നു് യുനെസ്കോ 10 വിദഗ്ദ്ധന്മാരുടെ സേവനങ്ങൾ ലഭ്യമാക്കുന്നതാണു്.

**സഹായം :—** ഇന്ത്യാഗവമ്മെണ്ടും യു. എൻ. ഡി. പി. യും കൂട്ടായി നടത്തുന്ന ഏഷ്യാവികസനപ്രോജക്ടുകൾക്കു് യുനെസ്കോയുടെസഹായം സിദ്ധിക്കുന്നുണ്ടു്. ദുർഗ്ഗാപൂരിലെ കേന്ദ്രമെക്കാനിക്കൽ എഞ്ചിനീയറിംഗ് ഗവേഷണഇൻസ്റ്റിട്യൂട്ട്, വാറങ്കലിലെ എഞ്ചിനീയറിംഗ് അദ്ധ്യാപകപരിശീലനകേന്ദ്രം, ദുർഗ്ഗാപൂർ, നാഗപ്പൂർ, ഭോപ്പാൽ, മംഗലാപുരം, ജാംഷഡ്പൂർ, അലഹബാദ് എന്നിവിടങ്ങളിലും ഇത്തരംകേന്ദ്രങ്ങളുണ്ടു്. ഭോപാലിലേയും ബാംഗ്ളൂരിലേയും പവ്വർ എഞ്ചിനീയറിംഗ് ഗവേഷണസംഘടനകൾ ചണ്ഡീഗഢിലെ കേന്ദ്രശാസ്ത്രീയോപകരണസംഘടന, ഇന്ത്യൻ പെട്രോളിയം ഇൻസ്റ്റിട്യൂട്ടിന്റെ റിഫൈനറി ആൻറ് പെട്രോകെമിക്കൽ ഡിവിഷൻ, റാഞ്ചിയിലെ ഫൌണ്ടറി ആൻറ് ഫോർജ് ഇൻസ്റ്റിട്യൂട്ട് എന്നിവയാണവ.

സയൻറിഫിക ഡോക്യുമെൻേറഷൻ, ഇന്ത്യയിലെ മരുന്നുപ്രദേശങ്ങൾ, മറൈൻസയൻസ്, പ്ലാൻറ് ഫിസിയോളജി, സോയിൽഫിസിയോളജി, വൈദ്യശാസ്ത്രങ്ങൾ എന്നിവയെപ്പോലുള്ള വിവിധവിഷയങ്ങൾ സംബന്ധിച്ച പഠനങ്ങൾക്കും സെമിനാറുകൾക്കും പഠനകോഴ്സുകൾക്കും ഇന്ത്യാഗവമ്മേണ്ടിന്നു് യുനെസ്കോയുടെ സഹായം ലഭിക്കുന്നുണ്ടു്.

1965 നവംബറിൽ പാരീസിൽനടന്ന യുനെസ്കോവിന്റെ സമ്മേളനത്തിൽ അംഗീകരിക്കപ്പെട്ട ആഗോളപ്രവർത്തനപരിപാടിയുടെ ഭാഗമാണീപ്രവർത്തനങ്ങളെല്ലാം. ഇത്തരം പ്രവർത്തനങ്ങളുടെ ഫലമായി ലോകജനതയുടെ പരസ്പരാശ്രയത്വം സംബന്ധിച്ച മെച്ചപ്പെട്ടധാരണ ഉണ്ടാവുകയും അതു് അന്താരാഷ്ട്രീയ സഹകരണത്തിന്നും ലോകസമാധാനത്തിനും അത്യാവശ്യമായും വേണ്ട പുതിയ അർത്ഥവും ശരിയായ പരിപ്രേക്ഷ്യവും നൽകുകയും ചെയ്യും.



Ambali J. Krishnan, II P. D. C.

# യുനെസ്കോവും ഇന്ത്യയും

( പി. എ. കഞ്ഞവറാൻ, ചേരൂർ II P. D. C. )

ഇന്ത്യയും യുനെസ്കോ (United Nations Educational, Scientific and Cultural organization)വും അന്യോന്യം വളരെയെല്ലാം കടപ്പെട്ടിരിക്കുന്നു. യുനെസ്കോയുടെ സ്ഥാപകാംഗങ്ങളിൽ ഒന്നായ ഇന്ത്യ, ഡോ: എസ്. രാധാകൃഷ്ണൻ, സർ. എ. ലക്ഷ്മണസ്വാമി മുതലിയാർ ഡോ: സക്കീർഹുസൈൻ, ശ്രീമതി ഇന്ദിരാഗാന്ധി, ശ്രീമതി ഹൻസാമേത്ത എന്നിവരെപ്പോലുള്ള സമുന്നതവ്യക്തികളെ അതിൻെറ എക്സിക്യൂട്ടീവ് ബോർഡിലേക്ക് തിരഞ്ഞെടുത്തുകൊണ്ട് അതിനോടുള്ള മതിപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്.

നീതി, നിയമവാഴ്ച, മാനുഷികാവകാശങ്ങൾ, മൗലികസ്വാതന്ത്ര്യം എന്നിവയോട് ലോകജനതയുടെ ബഹുമാനം വർദ്ധിപ്പിക്കുന്നതിന്നു് വിദ്യാഭ്യാസം, ശാസ്ത്രം, സംസ്കാരം എന്നീ രംഗങ്ങളിൽ രാഷ്ട്രങ്ങൾ തമ്മിലുള്ള സഹകരണം അഭിവൃദ്ധിപ്പെടുത്തുകയാണ് യുനെസ്കോവിൻെറ ലക്ഷ്യങ്ങൾ.

ഭൂമിശാസ്ത്രപരവും സാങ്കേതികവുമായ കാരണങ്ങൾ മുൻനിർത്തി യുനെസ്കോ ദക്ഷിണേഷ്യക്കുള്ള ശാസ്ത്രസഹകരണം, സാമ്പത്തിക — സാമൂഹ്യവികസനം സംബന്ധിച്ച ഗവേഷണം, വിദ്യാഭ്യാസാസൂത്രണവും ഭരണവും എന്നിവപോലുള്ള പ്രവർത്തനങ്ങളുടെ താവളമായി തിരഞ്ഞെടുത്തിട്ടുള്ളതു് ഇന്ത്യയേയാണ്.

**മൂന്നു് മാർഗ്ഗങ്ങൾ :—** ഐക്യരാഷ്ട്രകുടുംബത്തിലെ മററു അംഗങ്ങളെപ്പോലെ യുനെസ്കോവും പ്രധാനമായും മൂന്നു് മാർഗ്ഗങ്ങൾ വഴിയാണ് അംഗരാഷ്ട്രങ്ങൾക്ക് സ്വന്തംസേവനങ്ങൾ ലഭ്യമാക്കുന്നതു്. യുനെസ്കോ നേരിട്ട് നടത്തുന്ന പ്രവർത്തനപരിപാടികൾ, സാങ്കേതികസഹായത്തിനുള്ള വികസനപരിപാടി, യുനെസ്കോ എക്സിക്യൂട്ടീവ് ഏജൻസി ആയിക്കൊണ്ടുള്ള യു. എൻ. ഡി. പി. പദ്ധതികൾ എന്നിവയാണവ. കോങ്കോവിലെ അടിയന്തരപരിപാടികൾ കഴിഞ്ഞാൽ ഇന്ത്യയിലാണ് ഏററവുമധികം യുനെസ്കോ പരിപാടികൾ നടന്നുവരുന്നതു്. 1965–ൽ അന്താരാഷ്ട്രീയസഹകരണവർഷത്തിൻെറ അന്ത്യംവരെ യുനെസ്കോ ഇന്ത്യക്ക് 418 അന്താരാഷ്ട്രവിദഗ്ധന്മാരേയും 147 8ലക്ഷം ഡോളർ വിലയുള്ള ശാസ്ത്രീയോപകരണങ്ങളും മററു സാമഗ്രികളും, ഇന്ത്യക്കാർക്ക് വിദേശങ്ങളിൽപോയി പഠിക്കുന്നതിന്നു് 227 ഫെല്ലോഷിപ്പുകളും ലഭ്യമാക്കിയിട്ടുണ്ട്. യുനെസ്കോവിൻെറ നയങ്ങളും പരിപാടികളും നടപ്പാക്കുന്നതിൽ സഹായിക്കുന്നതിന്നു് ഇന്ത്യ ഒരു ദേശീയകമ്മീഷൻ ഏർപ്പെടുത്തിയിരിക്കുന്നു. "യുനെസ്കോവുമായി സഹകരിക്കുന്നതിനുള്ള ദേശീയകമ്മീഷൻ എന്നാണതിൻെറ പേരു്."

**സേവനം:—** ഇന്ത്യാഗവർമ്മേണ്ടിൻെറ ആവശ്യമനുസരിച്ച് യുനെസ്കോ വിദ്യാഭ്യാസവകുപ്പ് ഏർപ്പെടുത്തിയ വിദ്യാഭ്യാസ കമ്മീഷനിൽ സേവനമനുഷ്ഠിക്കുന്നതിന്നു് ഫ്രാൻസ്, ജപ്പാൻ, റഷ്യ എന്നിവിടങ്ങളിൽനിന്നുള്ള മൂന്നു സമുന്നത വിദ്യാഭ്യാസ വിചക്ഷണന്മാരെ ലഭ്യമാക്കുകയുണ്ടായി. ബോമ്പേയിലെ ഇന്ത്യൻ ടെക്നോളജി ഇൻസ്റ്റിട്യൂട്ടാണ് ഇന്ത്യയും യുനെസ്കോവും തമ്മിലുള്ള സഹകരണത്തിന്നുള്ള മറെറാരു മികച്ച ഉദാഹരണം. ഇന്നു് ഇൻസ്റ്റിട്യൂട്ടിൽ 2000 വിദ്യാർത്ഥികൾ പഠനം നടത്തിവരുന്നു. ബിരുദാനന്തരപഠനവിദ്യാർത്ഥികളാണ് ഇവരിൽ ചിലർ. ഇൻസ്റ്റിട്യൂട്ടിൻെറ സ്റ്റാഫിൽ 10 യുനെസ്കോ വിദഗ്ധന്മാർ ഉൾപ്പെടുന്നു.

ബോംബെ, കൽക്കത്താ, ഡൽഹി, ഉസ്മാനിയ എന്നീ സർവ്വകലാശാലകളിൽ ഉന്നത പഠന കേന്ദ്രങ്ങൾ വികസിപ്പിക്കുന്ന കാര്യത്തിൽ യുനെസ്കോ, സർവ്വകലാശാല ധനസഹായ കമ്മീഷനു് സഹായം നല്കിവരുന്നുണ്ട്. ദേശീയ വിദ്യാഭ്യാസ ഗവേഷണ–പരിശീലന കൗൺസിലിൻെറ ശാസ്ത്രവിദ്യാഭ്യാസത്തിന്നു് യുനെസ്കോ 10 വിദഗ്ധന്മാരുടെ സേവനങ്ങൾ ലഭ്യമാക്കുന്നതാണ്.

**സഹായം :—** ഇന്ത്യാഗവർമ്മെണ്ടും യു. എൻ. ഡി. പി. യും കൂട്ടായി നടത്തുന്ന ഏഷ്യാവികസന പ്രോജക്ടുകൾക്ക് യുനെസ്കോയുടെസഹായം സിദ്ധിക്കുന്നുണ്ട്. ദുർഗ്ഗാപൂരിലെ കേന്ദ്രമെക്കാനിക്കൽ എഞ്ചിനീയറിംഗ് ഗവേഷണഇൻസ്റ്റിട്യൂട്ട്, വാറങ്കലിലെ എഞ്ചിനീയറിംഗ് അദ്ധ്യാപകപരിശീലനകേന്ദ്രം, ദുർഗ്ഗാപൂർ, നാഗപ്പൂർ, ഭോപ്പാൽ, മംഗലാപുരം, ജാംഷഡ്പൂർ, അലഹബാദ് എന്നിവിടങ്ങളിലും ഇത്തരംകേന്ദ്രങ്ങളുണ്ട്. ഭോപാലിലേയും ബാംഗ്ളൂരിലേയും പവ്വർ എഞ്ചിനീയറിംഗ് ഗവേഷണസംഘടനകൾ ചണ്ഡീഗഢിലെ കേന്ദ്രശാസ്ത്രീയോപകരണസംഘടന, ഇന്ത്യൻ പെട്രോളിയം ഇൻസ്റ്റിട്യൂട്ടിൻെറ റിഫൈനറി ആൻറ് പെട്രോകെമിക്കൽ ഡിവിഷൻ, റാഞ്ചിയിലെ ഫൌണ്ടറി ആൻറ് ഫോർജ് ഇൻസ്റ്റിട്യൂട്ട് എന്നിവയാണവ.

സയൻറിഫിക ഡോക്യുമെൻേറഷൻ, ഇന്ത്യയിലെ മരുന്നുപ്രദേശങ്ങൾ, മറൈൻസയൻസ്, പ്ലാൻറ്ഫിസിയോളജി, സോയിൽഫിസിയോളജി, വൈദ്യശാസ്ത്രങ്ങൾ എന്നിവയെപ്പോലുള്ള വിവിധവിഷയങ്ങൾ സംബന്ധിച്ച പഠനങ്ങൾക്കും സെമിനാറുകൾക്കും പഠനകോഴ്സുകൾക്കും ഇന്ത്യാഗവർമ്മേണ്ടിന്നു് യുനെസ്കോയുടെ സഹായം ലഭിക്കുന്നുണ്ട്.

1965 നവംബറിൽ പാരീസിൽനടന്ന യുനെസ്കോവിൻെറ സമ്മേളനത്തിൽ അംഗീകരിക്കപ്പെട്ട ആഗോളപ്രവർത്തനപരിപാടിയുടെ ഭാഗമാണീപ്രവർത്തനങ്ങളെല്ലാം. ഇത്തരം പ്രവർത്തനങ്ങളുടെ ഫലമായി ലോകജനതയുടെ പരസ്പരാശ്രയത്വം സംബന്ധിച്ച മെച്ചപ്പെട്ടധാരണ ഉണ്ടാവുകയും അതു് അന്താരാഷ്ട്രീയ സഹകരണത്തിന്നും ലോകസമാധാനത്തിനും അത്യാവശ്യമായും വേണ്ട പുതിയ അർത്ഥവും ശരിയായ പരിപ്രേക്ഷ്യവും നൽകുകയും ചെയ്യും.





Ambali J. Krishnan, II P. D. C.

# വിധി

**കമലം, എൻ. സി. I Bsc.**

ടി. സി. വാങ്ങിയപ്പോൾ എന്തോ, കൈ അറിയാതെ വിറച്ചുപോയി. ഒപ്പിട്ടുകൊടുക്കുമ്പോഴും ആ കൈകൾ അല്പം വിറക്കുന്നുണ്ടായിരുന്നു. കദനത്തിന്റെ കാർമേഘക്കീറുകൾ അവിടെയെങ്ങും തളംകെട്ടിനിന്നിരുന്നു. പുറത്തേക്കുചാടാൻ വെമ്പിനിന്നിരുന്ന കണ്ണീർതുള്ളികളെ, ലത, മെല്ലെ തന്റെ ഹാഫ്സാരിയുടെ അററംകൊണ്ടു് തുടച്ചുനീക്കി.

ടി. സി. യും കയ്യിൽവാങ്ങി മനം നിറയെ കദനഭാരവും പേറി അവൾ മെല്ലെ ആപ്പീസുറൂം വിട്ടു. പ്രിൻസിപ്പലിന്റെ മുറിയാണു് ഇനിയത്തെ ലക്ഷ്യം. ലത മെല്ലെ അദ്ദേഹത്തിന്റെ റൂമിന്റെ ഡോർ തുറന്നു് അല്പം സംശയിച്ചുനിന്നു.

"വരു" അകത്തുനിന്നും പ്രിൻസിപ്പലിന്റെ ശബ്ദം കേട്ടു. പിന്നെ സംശയിച്ചുനിന്നില്ല. അവൾ മുറിയ്ക്കകത്തേക്കു് കടന്നു.

"എന്തുവേണം" അദ്ദേഹം ചോദിച്ചു.

ഗദ്ഗദം ലതയെ സംസാരിപ്പാനനുവദിച്ചില്ല. വാക്കുകൾ എങ്ങോ തങ്ങിപ്പോയതുപോലെ. അവളുടെ നേത്രങ്ങൾ വീണ്ടും സജലങ്ങളാവാൻ തുടങ്ങി. വളരെ പണിപ്പെട്ടുനിയന്ത്രിച്ചിട്ടു ആ നിറമിഴികൾ പ്രിൻസിപ്പലിന്റെ ദൃഷ്ടിയിൽപെട്ടു.

"ഉം? എന്തുസംഭവിച്ചു? എന്തിനാണു് കരയുന്നതു്?" ദയാപൂർവ്വം അദ്ദേഹം ചോദിച്ചു.

"ഒന്നുമില്ല സേർ" എന്നുപറഞ്ഞു അവൾ സർട്ടിഫിക്കററു് മേശപ്പുറത്തുവെച്ചു.

പ്രിൻസിപ്പലിന്നു് കാര്യം മനസ്സിലായി. അദ്ദേഹം ചോദിച്ചു "വൈ ആർ യു ലീവിങ്ങ് ദിസു് കോളേജ് നൌ ഇൻ ദി ഫസ്റ്റ് ഇയർ ഇററ് സെൽഫ്. ഈസു് ദേർ എനി സ്പെഷൽ റീസൺ?"

അവൾക്കു് ദേഷ്യമാണു് മനസ്സിൽ തോന്നിയതു്. ഇതെല്ലാം അറിഞ്ഞിട്ടു് ഇദ്ദേഹത്തിനെന്തുവേണം. എങ്കിലും മെല്ലെപറഞ്ഞു.

"നത്തിങ്ങ്സേർ"

"യു ആർ ഹൈഡിങ്ങ് സംതിങ്ങ് ഫ്രം മി. സത്യം പറയു."

അധികാരസ്വരം സ്ഫുരിക്കുന്ന ഒരപേക്ഷ. ലതക്കു് ദേഷ്യത്തേക്കാളേറെ സങ്കടമാണു് വന്നതു്. അവൾ പറഞ്ഞു "സാർ, എല്ലാററിന്നും വിലങ്ങുതടി സാമ്പത്തികക്കുഴപ്പങ്ങളാണു്."

"ഓ! ഐ സീ. എനി ഹൗ ഐ വിഷ് യു ഗുഡ് ലക്കു്."

"താങ്ക് യു സേർ." അവൾ പതുക്കെ സ്ഥലം വിട്ടു. ഡോറടക്കുമ്പോൾ അവസാനമായി ഒന്നുകൂടി അദ്ദേഹത്തെ നോക്കി. ആ നയനങ്ങളിൽ സഹതാപത്തിന്റേതായ ഒരു നിഴലാട്ടം അവൾ കണ്ടു.

അവൾ വരാന്തയിലൂടെ മെല്ലെ നടന്നു. മനം നിറയെ കരിപിടിച്ച കരിവാളിച്ച ചിന്തകളാണു്. നാലുപുറവും നോക്കാൻതന്നെ തോന്നിയില്ല അവൾക്കു്. പരിചയമുള്ള മുഖങ്ങളാണു് നാലുപാടും. ആരേയും നോക്കിയില്ല. തലയും താഴ്ത്തി അവൾ കോളേജ്ഗെയ്ററിന്റെ സമീപത്തേക്കു് നടന്നു. ഒരു പററം കുട്ടികളെ ദൂരെ നിന്നുതന്നെ കണ്ടു. എല്ലാവരും തന്റെ ക്ലാസ്മേററ്സ് ആണു്. എങ്ങിനെ കാണാതെ രക്ഷപ്പെടും?. ഒരു വഴിയും കണ്ടില്ല.

അവരിലൊരാൾ പറഞ്ഞു "ലതേ, ഗുഡ് ആഫ്ററർ നൂൺ. എങ്ങോട്ടാണിത്ര തിരക്കിട്ടു്?"

ഉപചാരത്തിന്നു് വേണ്ടിമാത്രം അവളും പറഞ്ഞു "ഗുഡ് ആഫ്ററർ നൂൺ. ബസ്സ്സ്റ്റാന്റിലെററം പോകുന്നു."

അവർ വീണ്ടും അടുത്തുകൂടുകയാണു്. എങ്ങിനെയെങ്കിലും അവിടെ നിന്നു് രക്ഷപ്പെട്ടാൽ മതിയെന്നായി ലതക്കു്. ചോദ്യശരങ്ങൾ ഒന്നിനൊന്നായി വീഴ്പ്പുമുട്ടിക്കാൻ തുടങ്ങി അവളെ.

"ഈ നട്ടുച്ചക്കു് എങ്ങോട്ടാണീ തീർത്ഥയാത്ര? പിരി അല്പം ലൂസാണോ? നെല്ലിക്കാവെള്ളം വേണേൽ ഓഡർ ചെയ്യാം."



മറെറാരാൾ: ഇപ്പോൾതന്നെ ചൂടുകേറിയോ ലതേ. ഇതു് ഫസ്റ്റ്ഇയർ അല്ലേ ആയുള്ളൂ." ഇടയിൽ കയറി കുസൃതിക്കുടുക്ക രമ പറഞ്ഞു. "ഓ, പ്രത്യേകം വല്ല വിശേഷവുമുണ്ടെങ്കിൽ ഞങ്ങളോടു് പറഞ്ഞിട്ടുപോകണേ. പ്ലീസ് അണ്ടർലൈൻ അണ്ടർ 'പ്രത്യേകം'." എല്ലാവരുംകൂടി കൂട്ടച്ചിരി മുഴക്കി.

ലതക്കു് ആ സന്തോഷസാമ്രാജ്യത്തിൽനിന്നും രക്ഷപ്പെട്ടാൽ മതിയെന്നായി. അവൾ പറഞ്ഞു "ബസ്സിന്നു് സമയമായി. ഞാൻ വീട്ടിൽ പോകുന്നു. ഇനി എപ്പോഴെങ്കിലും കാണാം." സംശയാസ്പദമായ പല ചോദ്യങ്ങളും അവർ പിന്നിൽനിന്നും ചോദിക്കുന്നതവൾ കേട്ടു. കേൾക്കാത്തഭാവം നടിച്ചു് അവൾ നീട്ടിവലിച്ചു് നടന്നു.

ബസ്സ്സ്റ്റാന്റിൽ അവളേയും പ്രതീക്ഷിച്ചെന്നപോലെ ബസ്സ് അവിടെ കിടന്നിരുന്നു. വേഗം അവളതിൽ കയറി.

"എങ്ങോട്ടാ?" കണ്ടക്ടരുടെ ചോദ്യം.

"———ത്തേക്കു്". അവൾ പറഞ്ഞു.

"യെസ്. റൈററ്." കണ്ടക്ടരുടെ ശബ്ദം ഡ്രൈവറെ പ്രവർത്തനോന്മുഖനാക്കി.

"പോം...........പോം..........."

ഹോറൺ മുഴങ്ങി.

ബസ്സ് മെല്ലെ നീങ്ങാൻ തുടങ്ങി.

പച്ചവിരിച്ച നെൽപ്പാടങ്ങളിലൂടേയും, നാളികേരം നിറഞ്ഞ കേരവൃക്ഷങ്ങൾക്കിടയിലൂടേയും ബസ്സ് പതുക്കെ മുന്നോട്ടു നീങ്ങിത്തുടങ്ങി.

കടിഞ്ഞാണില്ലാത്ത കുതിരയെപ്പോലെ ലതയുടെ ചിന്തയും നിയന്ത്രണംവിട്ടു് കാടുകയറാൻ തുടങ്ങി. തന്റെ സ്ഥിതിയെക്കുറിച്ചോർത്തപ്പോൾ അവളുടെ നയനങ്ങൾ ജലാർദ്രങ്ങളായി. അപ്പോഴും വലിയമ്മാമയുടെ ശബ്ദമാണു് ചെവികളിൽ മുഴങ്ങിക്കേട്ടതു്. "മതി. മതി. പെൺകുട്ട്യളല്ലെ. അത്രയൊക്കെ പഠിച്ചാമതി. അതുതന്നെ കുറച്ചു് അധികാ. ആരാ ഇവളെയൊക്കെ പഠിപ്പിക്കാനിവിടെ സമ്പാദിച്ചുവെച്ചിട്ടുള്ളതു്. ഒരു വലിയ പഠിത്തക്കാരി വന്നിരിക്കണതു്. നിലവിട്ടു് കളിക്കണ്ടാന്നു് പറഞ്ഞേക്കു്." "ഉം......" ഒന്നിരുത്തി മൂളിയിട്ടു് അമ്മാമൻ താഴത്തേക്കു് കോണിപ്പടികളിറങ്ങിപ്പോകുന്ന ശബ്ദം കേട്ടു. പണത്തിന്നു് യാതൊരു ഞെരുക്കവുമില്ലാതിരുന്ന തന്റെ അമ്മാമ പറഞ്ഞ വാക്കുകളാണവ!

അമ്മായിയോടായിരുന്നു ആ ഗർജ്ജനം. പക്ഷേ, ഉദ്ദേശം മറെറല്ലാവരും കേൾക്കണമെന്നതായിരുന്നു.

അതു്കേട്ടു്, മുകളിലെ തെക്കേമുറിയിലിരുന്നു, താൻ വാർത്ത കണ്ണീരിന്നു് അളവില്ലായിരുന്നു. കരഞ്ഞു് കരഞ്ഞു് തലയിണ മുഴുവൻ കണ്ണീരിൽ നനഞ്ഞു കുതിർന്നിരുന്നു. മനസ്സിലെ വ്യസനത്തിന്റെ മഞ്ഞുകട്ട വിചാരത്തിന്റെ ചൂടുതട്ടി അല്പം കണ്ണുനീരായി പുറത്തേക്കൊഴുകിപ്പോയപ്പോൾ, മനസ്സിനെന്തോ ലാഘവം വന്നതുപോലെ തോന്നി. അല്ലേലും കുറെകരഞ്ഞാൽ മനസ്സിനൊരാശ്വാസം തോന്നുക സാധാരണമാണു്.

കുറച്ചുകഴിഞ്ഞപ്പോൾ മെല്ലെ താഴത്തേക്കിറങ്ങിച്ചെന്നു. അമ്മാമമാർ മൂവരും അകത്തെ തളത്തിലുണ്ടു്. ചായകുടിക്കുന്ന തിരക്കിലാണു്. മെല്ലെ വാതിൽക്കൽ മറഞ്ഞുനിന്നു. അവിടെനിന്നു് എല്ലാ ധൈര്യവും സംഭരിക്കുകയായിരുന്നു. ആദ്യമായി അവകാശവാദങ്ങളുന്നയിക്കുവാൻ പോകയാണു് അമ്മാമമാരുടെ മുന്നിൽ.

അച്ഛനുള്ളപ്പോൾ അവരോടൊന്നും താൻ ഒന്നും ആവശ്യപ്പെട്ടിട്ടില്ല. എല്ലാററിന്നും അച്ഛൻ തന്നെ മതിയായിരുന്നു. പിതാവിനെപ്പററി ഓർത്തപ്പോൾ ലതയുടെ കണ്ണുകൾ നിറഞ്ഞുപോയി. താൻ എസ്സ്. എസ്സ്. എൽ. സി. ക്ലാസ്സിൽ പഠിക്കുമ്പോഴാണു് അച്ഛൻ മരിച്ചതു്. പെട്ടെന്നാണു് മരണം സംഭവിച്ചതു്. പട്ടാളത്തിൽനിന്നും ലീവിൽ വന്നതായിരുന്നു. എല്ലാമെല്ലാം ഇന്നത്തെപ്പോലെ ഓർമ്മവരുന്നുണ്ടു്.

അമ്മാമമാരുടെ ഔദാര്യംകൊണ്ടു് എങ്ങിനെയോ പ്രി. ഡിഗ്രി മുഴുവനാക്കി. വീണ്ടും പഠിക്കുന്നതിൽ വലിയമ്മാമനായിരുന്നു വലിയ തടസ്സം. പെൺകുട്ടികൾ പഠിച്ചിട്ടു് വലിയ കാര്യമൊന്നുമില്ലാഎന്ന വിശ്വാസത്തിൽ അമ്മാമ ഉറച്ചുനിന്നു. താൻ ഇനി യാതൊന്നും സഹായിക്കുകയില്ലെന്നുകൂടി അദ്ദേഹം തീർത്തുപറഞ്ഞു. ആ യാഥാസ്ഥിതികമനസ്ഥിതിക്കുമുമ്പിൽ എല്ലാ അഭിപ്രായങ്ങളും നിർജ്ജീവങ്ങളായിരുന്നു. പക്ഷേ, മററുരണ്ടമ്മാമമാരും തന്നെ പഠിപ്പിക്കാമെന്നൊരർദ്ധസമ്മതം മൂളി. ആ വിശ്വാസവുംകൊണ്ടു് താൻ ബി. എ. ഫസ്റ്റ് ഇയറിന്നു് ചേർന്നു. പക്ഷെ ക്രിസ്തുമസ്സ് വെക്കേഷന്നു് അമ്മയുടെയടുത്തു് ചെന്നപ്പോഴാണറിയുക അമ്മാമമാർ ഇനി പഠിപ്പിക്കാനൊന്നും തയ്യാറില്ലെന്നു്. വാസ്തവം അറി



യാനായി പിറേറ ദിവസംതന്നെ അമ്മാമമാരുടെ അടുത്തേക്കു് ചെന്നു. അവിടെ കുത്തഴിഞ്ഞ പുസ്തകംപോലെ സംഗതികളെല്ലാം താറുമാറായി കിടക്കുന്നതാണു് കണ്ടതു്. കോളേജ് വീണ്ടും തുറക്കാറായിട്ടും പഠിപ്പിക്കുന്നതിനെപ്പററി യാതൊരു സംസാരവുമില്ല. പക്ഷെ അമ്മാമയുടെ സംസാരത്തിൽനിന്നും പഠിപ്പിക്കുകയില്ലെന്ന കാര്യം മനസ്സിലാക്കാമായിരുന്നു.

പെട്ടെന്നു് അവർ ചായകഴിഞ്ഞു കൈകഴുകുന്നശബ്ദം അവൾ കേട്ടു. അവൾ മെല്ലെ അകത്തേക്കു് കടന്നു. ശരീരം തളരുന്നതുപോലെയും തൊണ്ടവരളുന്നതുപോലെയും അവൾക്കുതോന്നി. അവൾ മെല്ലെ വാതിൽപൊളി ചാരിനിന്നു.

"എന്താ, പെണ്ണേ?" വലിയമ്മാമയുടെ ശബ്ദം.

ഒന്നും മിണ്ടാൻ തോന്നിയില്ല. പിന്നേയും ചോദിച്ചു.

"എന്താ വന്നതെന്നു്? നിന്നോടാ ഞാനീ ചോദിക്കുന്നതു്".

"നാളെ കോളേജ് തുറക്കും." ലത പറഞ്ഞു.

"അതിന്നു് ഞാനെന്തുവേണമെടീ. ഞാനും വരണോ നിന്റെ കൂടെ." "അതല്ല. തുറന്നാൽ പിറേറത്തെ ആഴ്ചതന്നെ ഫീസുകൊടുക്കേണ്ടിവരും."

"ഏ. നീ എന്നെ ഒർമ്മിപ്പിക്കാൻ വന്നതായിരിക്കും അല്ലേടീ. അതോ നിന്റമ്മ പറഞ്ഞയച്ചതോ? ഈ കളിയൊന്നും ഗോപമ്മാമടെഅടുത്തു് വേണ്ടന്നു് പറഞ്ഞേക്കു്. ഞാനെത്രതവണ പറഞ്ഞു, എന്നെക്കൊണ്ടാവില്യാ ഈ ഭാരെല്ലാം കൂടി പേറാൻന്നു്. പൊയ്ക്കോ എന്റെ മുന്നിന്നു്. അതാ നിനക്കു് നല്ലതു്." "മാമേ, ഈ പ്രാവശ്യംകൂടി കൊടുത്താൽപിന്നെ അടുത്ത വർഷം കൊടുത്താൽമതി ഫീസ്." "മതി. മതി. എല്ലാം എനിക്കറിയാം. നീ എന്നെ പഠിപ്പിക്ക്യോന്നും വേണ്ട. ഇനി ഫീസും കീസും തരാനൊന്നും എന്നെക്കൊണ്ടുവയ്യാ. ഇനിയേ, ആ ചമഞ്ഞു് പോകലങ്ങ് നിർത്ത്വാനല്ലതു്. അത്യാവശ്യത്തിനൊക്കെ ആയില്ല്യേ. അത്രമതി." "മാമേ, എങ്ങനെങ്കിലും രണ്ടുകൊല്ലംകൂടി പഠിപ്പിച്ചാൽമതി. ചിലവാകുന്നപണത്തിൽ ഒരോഹരിയെങ്കിലും തിരിച്ചുതരാൻ വല്ലജോലിയും കിട്ടിയാൽ ഞാൻ ശ്രമിക്കാം." "നിർത്തെടീ നിന്റെ വേദാന്തമോതൽ. ഓഹരിയുംവാങ്ങി പടിയിറങ്ങിയപ്പോൾ നിന്റമ്മക്കു് ഓർമ്മയുണ്ടായിരുന്നില്ലേ ഇതൊന്നും. ഇപ്പോഴാണോ അമ്മാമമാരെക്കുറിച്ചു് മതിപ്പുണ്ടായതു്. ആവശ്യം വരുമ്പോൾ കഴിഞ്ഞതെല്ലാം മറന്നുകളയാമല്ലേ."

ലതക്കു് ദേഷ്യം സഹിക്കവയ്യാതായി. ഇത്രയെല്ലാം കുത്തുവാക്കുകൾ താനെന്തിനു് കേൾക്കണം. പഠിപ്പിക്കാൻ വയ്യെങ്കിൽ പഠിക്കണ്ടാന്നു് വെക്കണം. ഇതുവരെയുള്ള വിദ്യാഭ്യാസംകൊണ്ടു് ജീവിക്കാനൊരു വഴിതേടാം. തന്നെ പഠിപ്പിക്കാൻ ഇഷ്ടമില്ലാത്ത അമ്മാമയെ താനെന്തിനു് ഇത്രയധികം നിർബ്ബന്ധിക്കണം. അവൾ അല്പനേരം മിണ്ടാതെ നിന്നു.

"എന്തടീ, നിന്റെ നാവെറിങ്ങിപ്പോയോ. പറഞ്ഞതു് മനസ്സിലായില്ലേ. ഇവിടെ നിക്ക്വാണെങ്കില്യ നിന്നോ. പക്ഷേ പണിയെടുക്കാൻ തയ്യാറുണ്ടെങ്കിൽമാത്രംമതി. ഞാൻ കാര്യങ്ങടു് വിട്ടു് പറയാണു്. ഇനിയൊക്കെനെന്റെ ഇഷ്ടംപോലെ. പഠിക്കണംന്നു്ള്ള മോഹം അങ്ങടു് കളയ്യാനല്ലതു്." വായിൽനിന്നും മുറുക്കാൻ നീട്ടിത്തുപ്പിയിട്ടു് അമ്മാമ പുറത്തേക്കു് പോയി.

അങ്ങനെ അവളുടെ ഒടുവിലത്തെ ആശാനാളവും പൊലിഞ്ഞുപോയി. നിരാശ്രയരെ ദൈവം പോലും കൈവെടിയുമെന്നവൾക്കുതോന്നി. ദൈവത്തിലുണ്ടായിരുന്ന വിശ്വാസം അവളിൽനിന്നും മെല്ലെ അകന്നകന്നു പോകാൻ തുടങ്ങി.

തന്റെ ഭാവിയെപ്പററി ചിന്തിക്കുന്തോറും അവളുടെ വ്യസനം അണപൊട്ടിയൊഴുകാൻ തുടങ്ങി. അന്ധകാര നിബിഡമായ ഭാവി അവളുടെ മുന്നിൽ ഒരുവലിയ ചോദ്യചിഹ്നമായി അവശേഷിച്ചു. അന്നത്തെ ദിവസം വ്യസനത്തിന്റെ ഒരു പര്യായംപോലെയായിരുന്നു അവൾക്കു്.

രാവിലെ ചെറിയമ്മാമ പറഞ്ഞു. "ലതേ, കോളേജിൽനിന്നും ആ ടി. സി. യും മററും വാങ്ങിച്ചോളൂ. വല്ലപ്പോഴും ഉപകരിച്ചേക്കും." ഒന്നും മിണ്ടിയില്ല. എല്ലാവരോടും അടക്കാനാവാത്ത കോപമാണു് വന്നതു്. കനപ്പിച്ച മുഖവുമായാണു് രാവിലെത്തന്നെ ചായകുടിക്കാൻ പോയതു്. ഒന്നും കഴിക്കാതെ ചായമാത്രം കുടിച്ചു് എണീററുപോന്നു. മനസ്സിലെ സങ്കടത്തിന്റെ വെറുമൊരു ബാഹ്യപ്രദർശനം. എന്നിട്ടും അമ്മായി ഒന്നും മിണ്ടിയില്ല.

എന്നും കോളേജിൽ പോകുന്ന സമയമായപ്പോൾ നിറമിഴികളോടെ അവൾ വാച്ചിലേക്കു്

നോക്കും. ഇല്ലാ, ഇനിയൊരിക്കലും തനിക്ക് ആ സമയത്തു് തിടുക്കത്തിൽ നടക്കേണ്ടിവരില്ല. ആ കലാലയത്തിലേക്ക് ഇനി വിജ്ഞാന ശകലങ്ങൾ ശേഖരിക്കാനായി തനിക്ക് പോകേണ്ടിവരില്ല. ആശയുടെ എല്ലാ വാതിലുകളും തൻെറ മുന്നിൽ കൊട്ടിയടക്കപ്പെട്ടിരിക്കുകയാണ്.

"നീ കോളേജിൽ പോകുന്നില്ലേ" ഒന്നും അറിയാത്ത മട്ടിൽ അമ്മായിയുടെ ഒരു ചോദ്യം. ഒന്നും മിണ്ടിയില്ല.

അവൾ തൻെറ ബാഗുമെടുത്തു് മുറിക്ക് പുറത്തുകടന്നു. ഉമ്മറത്തു് അമ്മാമ ഇരിക്കുന്നുണ്ട്. അവൾ പറഞ്ഞു.

"ഞാൻ പോവ്വാണ് മാമേ." "ഉം. . . . ." കനപ്പിച്ച ഒരു മൂളൽ. "ഇനി എന്നാ ഇങ്ങോട്ട്?"

"എന്നേലും വരാം" ലത പറഞ്ഞു. (കഴിയുന്നതും ഇങ്ങോട്ടു വരാതിരിക്കാനിടവരട്ടെ. അവൾ മനസാവിചാരിച്ചു.) പിന്നീട് കോളേജിൽ പോയതും ടി. സി. വാങ്ങിയതും മററുമായ രംഗങ്ങൾ അവളുടെ മനസ്സിൽ തെളിഞ്ഞുവന്നു. കയ്യിന്മേലൊരു തണുപ്പുതോന്നിയപ്പോൾ അവൾ പെട്ടെന്ന് ചിന്തയിൽ നിന്നു് ഉണന്നു. കണ്ണുനീർ തുള്ളികൾ വീണ് കയ്യുടം നനഞ്ഞിരിക്കുന്നു.

പെട്ടെന്നു് ബസ്സൊരു ഭയങ്കര കുലുക്കത്തോടെ നിന്നു. ലതക്ക് ഇറങ്ങാനുള്ള സ്ഥലമെത്തി. ബാഗുമെടുത്തു് അവൾ പുറത്തിറങ്ങി.

പാടത്തിൻെറ വരമ്പിലൂടെ നടന്നപ്പോൾ കഴിഞ്ഞ സംഭവങ്ങളുടെ കെട്ടുപിണഞ്ഞ എട്ടുകാലിവലകളായിരുന്നു മനംനിറയെ. നടന്നു് നടന്നു് വീട്ടുപടിക്കലെത്തിച്ചേന്നതറിഞ്ഞില്ല. വന്നഉടനെ അനിയൻ ചോദിച്ചു. "ഏച്ചീ മിഠായിണ്ടോ?"

"ഇല്ല, മോനേ" എന്നു് പറഞ്ഞു് അവൻെറ കൈയ്യും പിടിച്ചു് ഉമ്മറത്തേക്ക് നടന്നു.

ബാഗ് ഉമ്മറത്തു്വെച്ചു് അകത്തേയ്ക്കു കടന്നു. അമ്മയുണ്ട് കട്ടിന്മേൽ കിടക്കുന്നു. പനിയാണെന്നു് കണ്ടപ്പോഴേ മനസ്സിലായി. അമ്മമെല്ലേ ചോദിച്ചു "മോളേ, പോയകാര്യം എന്തായി?"

"അവരെക്കൊണ്ടൊന്നും കഴിയില്യാത്രെ അമ്മേ."

"അവരൊക്കെ അങ്ങിനേയ് പറയൂ മോളേ. നീ കരയേണ്ട. വിധിയുണ്ടെങ്കിൽ ഇനീം പഠിക്കാം."

വിധിയെന്നു് കേട്ടപ്പോൾ ദേഷ്യം വന്നു. വിധി! അതു് ഇതുവരെ എല്ലാഴ്പ്പോഴും തൻെറ ആഗ്രഹങ്ങൾക്കെതിരായിട്ടാണ് വന്നിട്ടുള്ളതു്. ഇനിയും അതു് തനിക്കെതിരായേ പ്രവത്തിക്കു എന്നവൾക്കറിയാമായിരുന്നു.

പണക്കാക്ക് വേണ്ടതിലും അധികം പണം നല്കാനും അവരെ അഭിവൃദ്ധിയിൽനിന്നും അഭിവൃദ്ധിയിലേക്ക് ഉയത്തുവാനും ദൈവം സഹായിക്കും. പക്ഷെ സാധുജനങ്ങളെ കഷ്ടതയുടെ ചവററു കൊട്ടയിലേക്ക് തള്ളുവാനും ആ കരുണാനിധി മടികാണിക്കുകയില്ല. വിധി! ആ രണ്ടക്ഷരത്തിൽ എന്തെല്ലാം അന്തർലീനമായിരിക്കുന്നു.

ശ്മശാനമൂകത അന്നു് ആ വീട്ടിലെങ്ങും തളം കെട്ടി നിന്നിരുന്നു. ശോകമൂകമായ ആ അന്തരീക്ഷം ലതയുടെ മനോവിഷമം പ്രതിഫലിപ്പിച്ചിരുന്നു. രാത്രി ഭക്ഷണസമയത്തുപോലും അവിടെയൊരു മൂകത തളം കെട്ടിനിന്നിരുന്നു.

നിഷ്കളങ്കമായ ലതയുടെ അനിയൻ ചോദിച്ചു: "ഏച്ചീ കോളേജ് പൂട്ട്യോ?"

അവൾ പറഞ്ഞു "ചേച്ചിയിനി പോണില്യാ മോനേ."

ആരുമാരും ഒന്നും മിണ്ടിയില്ല. ഊണിനു ശേഷം എല്ലാവരും അവനവൻെറ കിടക്കകളിൽ സ്ഥാനം പിടിച്ചു. നിദ്രാദേവി അവരുടെ കണ്ണുകളെ തലോടിക്കൊണ്ട് കടന്നുപോയി. പക്ഷെ ലതയുടെ മനസ്സാകുന്ന ആഴിയിൽ വിചാരവീചികളുടെ ഒരു വേലിയേററം തന്നെ നടക്കുകയായിരുന്നു. കൺമിഴികളടഞ്ഞു പോയതു് അവളറിഞ്ഞില്ല.

"കാ . . . . . കാ . . . . . . കാ . . . . . ." കാക്കകൾ കരയുന്ന ശബ്ദം കേട്ടാണ് ലത രാവിലെയുണന്നതു്.

സന്തോഷത്തിൻെറ തങ്കരശ്മികളുമായാണ് അന്നു് ആദിത്യഭഗവാനുദയം ചെയ്തതു്. ആഹ്ലാദം കൊണ്ട് മതിമറന്ന കൊച്ചിളംകാററ് കുണുങ്ങി കുണുങ്ങി, വൃക്ഷലതാദികളോട് ഒരു രഹസ്യവും പറഞ്ഞു, കടന്നുപോയി. പറവകൾ കണ്ണമനോഹരമായ ഗാനം പൊഴിച്ചുകൊണ്ടിരുന്നു.

തുളസിച്ചെടിക്ക് വെള്ളമൊഴിച്ചുകൊണ്ടിരുന്ന ലതയെ തഴുകിക്കൊണ്ട് ഒരു കുഞ്ഞിളംകാററ് കടന്നുപോയി. അവയുടെ സന്തോഷം നിറഞ്ഞ സന്ദേശം മനസ്സിലായിട്ടെന്നപോലെ ആ തുളസിച്ചെടി തൻെറ ഇലകൾ മന്ദമായി ചലിപ്പിച്ചു.

"ണീം . . . . ണീം . . . . ണീം . . . ." പേപ്പർബോയ്യുടെ ബെൽ ലതക്ക് പരിസരബോധമുണ്ടാക്കിക്കൊടുത്തു. അവൾ വേഗം ചെന്നു് പേപ്പർ വാങ്ങി. വെണ്ടയ്ക്കാ അക്ഷരങ്ങളിലൂടെ ഒന്നു കണ്ണോടിച്ചു. പെട്ടെന്നാണ് "പ്രൈസ് ബോണ്ട് നറുക്കെടുപ്പ് ഫലം" എന്ന തലക്കെട്ട് ദൃഷ്ടിയിൽ പെട്ടതു്. അപ്പോഴാണ് താൻ കഴിഞ്ഞ കൊല്ലം വാങ്ങിയ പ്രൈസ് ബോണ്ടിനെ കുറിച്ച് ലത ഓത്തതു്. അവൾ ഓടിച്ചെന്നു് നമ്പർ നോക്കി. ഏ! എന്തു്! അവൾക്കവളുടെ കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. അതേ! തൻെറ നമ്പറിന്നു് തന്നെയാണ് ഒന്നാം സമ്മാനം ലഭിച്ചിട്ടുള്ളതു്. ആശ്ചര്യംകൊണ്ടവൾ തരിച്ചുനിന്നു പോയി. "അമ്മേ" പേപ്പറുംകൊണ്ടവൾ അമ്മയുടെ അടുത്തേക്കോടി—സന്തോഷവിവരം അറിയിക്കാൻ—

ആവാത്ത വീട്ടിലെല്ലാവരേയും പുളകം കൊള്ളിച്ചു. ഓക്കാതെ ലഭിച്ച ഭാഗ്യത്തിൽ എല്ലാവരും സന്തോഷിച്ചു. "മോളെ ദൈവം നമ്മെ കൈവെടിയില്ല." അമ്മ സന്തോഷം നിറഞ്ഞ സ്വരത്തിൽ പറഞ്ഞു.

ലതയുടെ ആഹ്ലാദം അനിയനെ സംശയാധീനനാക്കി.

"എന്താ, ഏച്ചീ? ഏച്ചി ഇനീം കോളേജില് പോവാണോ?"

അനിയനെ വാരിയെടുത്തവൾ ഉമ്മവെച്ചു.

"ഇക്ക്യ് മിഠായി കൊണ്ടത്തരണം ട്ടോ." അവൻ അവൻെറ പ്രധാന ആവശ്യം ഉന്നയിച്ചു.

ഒരു റോസാപ്പൂ പൊട്ടിച്ചുകൊണ്ട് ലത പറഞ്ഞു.

"ഉം . . , മോന്നു് എമ്പാടും മിഠായി വാങ്ങിത്തരാട്ടോ."

സന്താപത്തിൻെറ കരിനിഴൽ വീശിയിരുന്ന ലതയുടെ മുഖത്തു് സന്തോഷത്തിൻെറ നിഴലാട്ടം കണ്ടപ്പോൾ, അതുവരെ വൃക്ഷങ്ങൾക്കിടയിൽ മറഞ്ഞിരുന്ന സൂര്യബിംബം മെല്ലെ തൻെറ ശരീരം പുറത്തുകാട്ടി, ആ സഹോദരങ്ങളെ പുതുമ നിറഞ്ഞ തൻെറ പുത്തൻ കിരണങ്ങൾകൊണ്ട് തഴുകി. കിഴക്കുനിന്നും വന്ന ആ കുസൃതിക്കാററ് ലതയുടെ കവിൾത്തടത്തെ മന്ദമായി തലോടിക്കൊണ്ട് കടന്നുപോയി.

